2009 ഒക്ടോബർ
ഹി.ശ 1388 - ഇഖാ
1430 ശവ്വാൽ - ദുൽക്കഅദ്
പുസ്തകം 81 ലക്കം 10
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 ***ദൈവത്തിന്റെ ഏകത്വം***
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ***ജുമുഅ: അനുപേക്ഷണീയമായ ആരാധന***
ഖലീഫത്തുൽ മസീഹ് V

10 ***ന്യൂക്ലിയർ ഹോളോകാസ്റ്റ് (ആണവ കൂട്ടഹത്യ)***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

13 ***ആറ്റംബോംബ് വീണപ്പോൾ***
എ.എം. മുഹമ്മദ് സലിം

15 ***ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും മുസ്‌ലിം ലോകത്തിന്റെ ദയനീയസ്ഥിതിയും***
അബ്ദുറഹിമാൻ, കൊടിയത്തൂർ

17 ***നമ്മുടെ യുഗത്തിലെ മിശിഹാ***
ഖുശ്‌വന്ത് സിംഗ്

20 ***മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധത്തിനുള്ള മറുപടി - 3***
പി.എ. മുഹമ്മദ് സലിം, കൊടുങ്ങല്ലൂർ

24 ***മാഷിന്റെ മഹാസാഗരം***
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

26 ***കുരിശുയുദ്ധങ്ങൾ***
ഏ.ക്യു. മഹ്ദി

28 ***ഖിലാഫത്തിന്റെ പുനരുജ്ജീവനം***
ഫരീദ് അഹ്മദ് യു.കെ.

31 ***ടൂറിനിലെ തിരുശ്ശീല - ഒരു മാധ്യമ വിവാദം***

34 ***മുബാഹല: ശബാബിനൊരു ജവാബ്***
യാസർ അറഫാത്ത്, തിരുത്തിയാട്

കുറിപ്പുകൾ

37 ***ചന്ദ്രനിലെ ജലം***

40 ***വാർത്തകൾ***

41 ***അനുസ്മരണം***

മുഖചിത്രം :
**ആറ്റംബോംബ് സ്ഫോടനം കലാകാരന്റെ ദൃഷ്ടിയിൽ ഇൻസെറ്റ് - ആറ്റംബോംബ് ആധുനിക മാതൃക. അമേരിക്കൻ മിലിട്ടറി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചത്. ഹിരോഷിമയിൽ ആറ്റംബോംബ് വർഷിച്ചപ്പോൾ അസ്ഥിപഞ്ജരമായ കെട്ടിടങ്ങളിൽ ഒന്ന്.**

| | | | |
|---|---|---|---|
| **ചീഫ് എഡിറ്റർ** | : | മുഹമ്മദ് അയ്യൂബ് | Mob : 9895308227 |
| **എഡിറ്റർ** | : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384, **E-mail: salimqld@yahoo.in** |
| **മാനേജർ** | : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

**Vol. L XXXI No. 10**
**Price Rs. 15/-**

## ഖുർആനിൽ നിന്ന്


***അങ്ങനെയല്ല അവൻ 'ഹുത്വമ'യിൽ എറിയപ്പെടുന്നതാണ്. ആ 'ഹു ത്വമ' എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെ യുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. പെട്ടെന്ന് ഹൃദയത്തിലേക്ക് എത്തിപ്പെടുന്ന (അഗ്നി). അവർ ക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭ ങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്.***
*(104:2-10)*

## നബിവചനം

അബൂഹുറൈറയിൽ നിന്നും നിവേദനം. തിരുമേനി (സ) അരുളി: രണ്ടുവലിയ വിഭാഗങ്ങൾക്കിടയിൽ ഒരു ഘോര സമരം നടക്കും മുമ്പ് അന്ത്യപ്രളയം സംഭവിക്കുകയില്ല. ആ രണ്ട് വിഭാഗങ്ങളുടെയും ആദർശം ഒന്നുതന്നെയായിരിക്കും.

***(ബുഖാരി)***

**യുഗശബ്ദം**



# ലോകം രക്ഷയിലല്ല

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല! ഓ ദ്വീപുകൾ വസിക്കുന്നവരെ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും നിങ്ങളെ അന്നാളിൽ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ജനശൂന്യമാവുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനം അവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ.

*(ഹഖീഖത്തുൽ വഹി- 1905)*

മുഖക്കുറിപ്പ്

# പാരമ്പര്യമതവിശ്വാസികളുടെ വിഢിത്വപൂർണമായ ചോദ്യത്തിന് മുഹമ്മദ്നബിയുടെ ഉത്തരം

മനുഷ്യനെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ദൈവം അയക്കുന്നയാൾ പൂർണ്ണമായും മനുഷ്യനായിരിക്കണം. എങ്കിൽ മാത്രമേ മനുഷ്യരായ നമുക്ക് അദ്ദേഹത്തെ അനുകരിക്കാനും അദ്ദേഹത്തെപോലെ ജീവിത വിജയം കൈവരിക്കാനും സാധ്യമാവൂ. ദൈവമോ, ദൈവത്തിന്റെ പങ്കാളികളോ, ദൈവത്തിന്റെ അവതാരങ്ങളോ, ദൈവത്തിന്റെ പുത്രന്മാരോ സന്മാർഗ്ഗദർശനത്തിന്നായി ഭൂമിയിൽ വന്ന് നമ്മുടെ ഇടയിൽ മനുഷ്യരൂപത്തിൽ വേഷപ്രഛന്നനായി ജീവിക്കുകയും അദ്ദേഹത്തെ അനുകരിക്കാൻ നമ്മോടു കല്പിക്കുകയും ചെയ്യുകയെന്ന അന്യായം ഒരിക്കലും ദൈവം ചെയ്യുകയില്ല. മതപുരുഷന്മാർ അതിമാനുഷരും, അമാനുഷരുമാകണമെന്ന് ആഗ്രഹിക്കുന്ന ചിന്താശൂന്യരായ വിശ്വാസികൾ ഇതിഹാസവും മിത്തുകളും അതിശയങ്ങളും അതിവർണ്ണനയുമെല്ലാം കൂട്ടിക്കലർത്തി മനുഷ്യരായ മതപുരുഷന്മാരുടെ വ്യക്തിത്വം മറ്റൊന്നാക്കി മാറ്റുന്നു. അവരിൽ പലരേയും ദൈവങ്ങളോ ദൈവത്തിന്റെ പങ്കാളികളോ, ദൈവത്തിന്റെ പുത്രന്മാരോ ആയി വർണ്ണിക്കപ്പെടുന്നു. അപാരശക്തിയുള്ള അവരെ പച്ചയായ മനുഷ്യന് എങ്ങനെ അനുകരിക്കാൻ കഴിയും? എന്ന ലളിതമായ ചോദ്യം അവർക്ക് പ്രശ്നമല്ല. മനുഷ്യന് മാർഗ്ഗദർശനം നൽകാൻ മനുഷ്യന്റെ കഴിവും പരിമിതികളുമുള്ള ഒരാളല്ലേ വരേണ്ടത്. ജനങ്ങളിൽ മിക്കവരും ഈ യാഥാർത്ഥ്യം ഗ്രഹിക്കാത്തവരാണ്. പ്രവാചകനാണെന്ന വാദം പുറപ്പെടുവിക്കുമ്പോൾ ജനങ്ങളുടെ ഒന്നാമത്തെ ചോദ്യം എന്തെങ്കിലും അമാനുഷികതയും അത്ഭുതവും കാണിക്കാൻ സാധിക്കുമോ എന്നാണ്. ജനങ്ങളുടെ വിഡ്ഢിത്വപൂർണ്ണമായ ഈ ചോദ്യങ്ങൾക്ക് മുഹമ്മദ് നബി(സ) പറഞ്ഞ ഉത്തരം വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയത് ബുദ്ധിമാന്മാരായ ജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. ഖുർആൻ പറയുന്നു.

***അവർ (അവിശ്വാസികൾ) പറഞ്ഞു: 'നീ ഞങ്ങൾക്ക് വേണ്ടി ഭൂമിയിൽ നിന്ന് ഒരു ഉറവ് ഒഴുക്കിക്കാണിച്ചുതരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. അല്ലെങ്കിൽ നിനക്ക് ഈത്തപനയുടേയും മുന്തിരിയുടേയും ഒരു തോട്ടം ഉണ്ടാവണം. എന്നിട്ട് അതിന്റെ മധ്യത്തിലൂടെ ധാരാളമായി നീ അരുവികൾ ഒഴുക്കുക. അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊണ്ടുള്ള ഒരു ഭവനമുണ്ടായിരിക്കുക. അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക. ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊണ്ടുവരുന്നതുവരേയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയേയില്ല' പറയുക 'എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ഒരു ദൂതനായ മനുഷ്യൻ മാത്രമാണ്. മനുഷ്യർക്ക് സന്മാർഗ്ഗം വന്നുകിട്ടിയപ്പോൾ അത് വിശ്വസിക്കുന്നതിന് തടസ്സമായി നിന്നിരുന്നത്, ഒരു മനുഷ്യനെയാണോ അല്ലാഹു ദൈവദൂതനായി നിയോഗിച്ചിരിക്കുന്നത് എന്ന് അവർ ചോദിക്കുന്നുവെന്നാണ്. പറയുക. 'ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തിൽ നിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു.*** (17:91-96)

മതവിശ്വാസികളുടെ ഇത്തരം അയുക്തികവും അന്ധവുമായ വിശ്വാസങ്ങളേയും ധാരണകളേയും നിരാകരിച്ചുകൊണ്ട് അവർക്ക് ഇക്കാര്യത്തിൽ വ്യക്തമായ ബോധനം നൽകിയ പ്രവാചകനാണ് മുഹമ്മദ് നബി(സ). അവിടുന്ന് നൽകിയ ശരിയായ മാർഗ്ഗദർശനം ഒരു ദൈവനിയുക്തനെ തിരിച്ചറിയുന്നതിൽ വിശ്വാസികളെ സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

■

ഹദ്റത്ത് അഹ്മദ് (അ)
വാഗ്ദത്ത മസീഹ്

# ദൈവത്തിന്റെ ഏകത്വം

സൃഷ്ടിയുടെ ആപേക്ഷികമായ അനാദിത്വത്തെ ഇസ്ലാമും അംഗീകരിക്കുന്നു. എന്നാൽ, ഇസ്ലാമിക വിശ്വാസപ്രമാണമനുസരിച്ചു എല്ലാ വസ്തുക്കളും സൃഷ്ടങ്ങളാകുന്നു. സകല വസ്തുക്കളും ദൈവത്തിന്റെ ആശ്രയിത്വത്തിൽ നിലകൊള്ളുകയും ഉണ്മയോലുകയും ചെയ്യുന്നു. ഇതു കൂടാതെ, ദൈവത്തോടൊപ്പം ഒന്നുമുണ്ടായിരുന്നിട്ടില്ലാത്ത ഒരു കാലവും ഉണ്ടായിരുന്നുവെന്നു ഇസ്ലാം സിദ്ധാന്തിക്കുന്നു. അവന്റെ തനിമ (വഹ്ദത്ത്) മാത്രം സ്വയം വെളിപ്പെടുകയായിരുന്നു. ദൈവം ഒരു ഗുപ്ത നിധികണക്കെ ആയിരുന്നു. പിന്നെ, തിരിച്ചറിയ പ്പെടണമെന്നു അവൻ ഇച്ഛരിച്ചു. സ്വയം തിരിച്ചറിയപ്പെടുമാറാകു ന്നതിനു അവൻ മനുഷ്യനെ പടച്ചു. എന്നാൽ, ദൈവത്തിന്റെ ഈ ഏകമാത്രമെന്ന അവസ്ഥ അഥലാ തനിമ (വഹ്ദത്തെ ഇലാഹി)യുടെ കാലഘട്ടം എത്രവട്ടം ഉണ്ടായിട്ടുണ്ടെന്നതു അവനു മാത്രമെ അറിയുകയുള്ളൂ. മറ്റു ഗുണങ്ങൾ എന്നന്നേയ്ക്കുമായി നിഷ്ക്രിയം (മുഅത്തൽ) ആയിരിക്കാവതല്ലാത്തതുപോലെ ഏകലഭാവും എന്നന്നേയ്ക്കുമായി നിഷ്ക്രിയമായിരിക്കുന്നില്ല. പലപ്പോഴായി അതിന്റെ ആവർത്തനം ഉണ്ടാകുന്നു. ചിലപ്പോൾ ദൈവസത്ത പ്രപഞ്ചത്തെ പൂർണ്ണമായും നശിപ്പിക്കുന്നു. ചിലപ്പോൾ സൃഷ്ടിക്കാനും അവൻ ഇച്ഛിക്കുന്നു. എന്തെന്നാൽ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുകയെന്ന രണ്ടു ഗുണങ്ങളും അവന്നുള്ളതാകുന്നു. ആകയാൽ, അവൻ സകല സൃഷ്ടിജാലങ്ങളെയും പൂർണ്ണമായും നശിപ്പിക്കുന്നു. അതായതു, ഒരു കടലാസ്സ് അപ്പുറവും ഇപ്പുറവും മറിക്കുന്നതുപോലെ ആകാശഭൂമികളെയാകെയും അടിമേൽ മറിക്കുംവിധം നശിപ്പിച്ചുകളയുന്നകാലവും വരുന്നതാണ്! ആ സ്ഥിതിയിൽ അവന്റെ ഗുണങ്ങൾ നിഷ്ക്രിയമാകുന്ന നില ആവശ്യമായിത്തീരുന്നില്ല. എന്തുകൊണ്ടെന്നാൽ ചില 'സിഫത്തു'കൾ പ്രകാശിതമാകുമ്പോൾ അതിന്നെതിരിലുള്ളതും ഒരുമിച്ചു വെളിപ്പെടാവതല്ലാത്തതുമായ മറ്റു സിഫത്തുകൾ മറ്റൊരവസരത്തിൽ പ്രത്യക്ഷപ്പെടുമാറാകയും ആ അവസരം വരെ വെളിപ്പെടാതെ കാത്തുനിൽക്കുകയും ചെയ്യുന്നു. ഇതു യഥാർത്ഥത്തിൽ ശക്തി പ്രഭാവപരമ്പരയുടെ അത്ഭുത പ്രതിഭാസമാകുന്നു. അതുമുഖേന നാശനത്തിനുശേഷം ജീവനം ആവശ്യമായിത്തീരുന്നു. ഇതേ അർത്ഥത്തിലാണ് ദൈവത്തിന്റെ ഒരു ഗുണവും നിഷ്ക്രിയമാവുന്നില്ലെന്നും അവൻ അനാദിയിലെ ജീവിച്ചിരിക്കുന്നവനും മരിപ്പിക്കുന്നവനും ആകുന്നു എന്നു നാം പറയുന്നത്. പണ്ടുണ്ടായിരുന്നുവെങ്കിലും ഇപ്പോഴില്ലാത്തതും ഇപ്പോഴുണ്ടെങ്കിലും പണ്ടുണ്ടായിരുന്നിട്ടില്ലാത്തതും ആയ ഒരു ഗുണവും അവന്നില്ല. അപ്പോൾ നമ്മുടെ വിശ്വാസപ്രമാണം ഇതാണ്: ഒരു വസ്തുവുംതന്നെ അല്ലാഹുവിന്റെ ഏകത്വത്തിന്ന് തടസ്സമായിരിക്കുന്നില്ല. അവന്റെ സത്തമാത്രമെ തനിമയാർന്നതും, അനാദിയും അനന്തവും (ബാതിലത്തുൽ ഹഖീഖത്ത്) ആകുന്നു. ഇതുതന്നെയാണ് സ്വച്ഛമായ 'തൌഹീദ്'. ഇതിന്നെതിരായ വിശ്വാസം പുലർത്തുന്നതു 'ശിർക്ക്' ആകുന്നു. *(ചശ്മയെ മഅരിഫ, ഭാ. 185 - 186).* ■

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# ജുമുഅ: അനുപേക്ഷണീയമായ ആരാധന

**യഹൂദികൾ അവരുടെ ജുമുഅ ദിവസമായ സബ്ബത്തിനെ അനാദരിച്ചതിന്റെ ഫലമായിട്ടാണ് ശാപഗ്രസ്ഥരായത്. ഈ അബദ്ധം മുസ്‌ലിംകൾക്ക് സംഭവിച്ചുകൂടാ.**

**(18-09-2009ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ വെച്ച് ചെയ്ത ഖുതുബ്ബയിലെ ചില ഭാഗങ്ങൾ)**

***'വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിച്ചാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധൃതിപ്പെട്ടു പോവുകയും വ്യാപാരം നിറുത്തിവെക്കുകയും ചെയ്യുക. നിങ്ങൾ മനസ്സിലാക്കുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്.***

***പിന്നെ, നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പിരിഞ്ഞുപോവുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക.***

***ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവർ അതിലേക്ക് ചിതറിപ്പിരിഞ്ഞു പോവുകയും നിന്നെ തനിയെ നിന്ന നിലയിൽ വിട്ടേക്കുകയും ചെയ്യുന്നു. പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തേക്കാളും കച്ചവടത്തേക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നൽകുന്നവരിൽ വെച്ച് ഏറ്റവും ഉത്തമനാകുന്നു (62:10-12)***

സൂറത്തുൽ ജുമുഅയിൽ അവസാന റുക്കൂഅ് തുടങ്ങുന്നത് തന്നെ യാ അയ്യുഹല്ലദീന ആമനൂ എന്ന് പറഞ്ഞ് കൊണ്ടാണ്. വിശ്വാസികളേ! നിങ്ങളെ ജുമുഅക്ക് വേണ്ടി വിളിക്കപ്പെട്ടുകഴിഞ്ഞാൽ ജുമുഅ നമസ്കരിക്കണം എന്ന ഒരൊറ്റ ലക്ഷ്യം മാത്രമായിരിക്കണം നിങ്ങളുടെ മുമ്പിൽ ഉണ്ടാകേണ്ടത്. മറ്റെല്ലാ ജോലികൾക്കും ദ്വിദീയ സ്ഥാനം നൽകുക. ഈ ആയത്തിന്റെ തൊട്ടുമുമ്പത്തെ ആയത്തുകളെക്കുറിച്ച് നോക്കുകയാണെങ്കിൽ അതിൽ യഹൂദികളെക്കുറിച്ചാണ് പറയുന്നത് എന്ന് മനസ്സിലാകും. അവരിൽ തൗറാത്ത് ഇറക്കപ്പെട്ടെങ്കിലും അതനുസരിച്ച് അവർ പ്രവർത്തിച്ചില്ല. തിരുനബി (സ)യെക്കുറിച്ച് വ്യക്തമായ പ്രവചനങ്ങൾ ഉണ്ടായിട്ടുകൂടി അവർ അദ്ദേഹത്തെ എതിർ ക്കുകയാണ് ചെയ്തത്. അവർ തൗ റാത്തിനെ വിവിധ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടാണ് ആ മഹാത്മാവിനെ നിഷേധിച്ചുകളഞ്ഞത്. ഈ സൂറത്തിൽ അല്ലാഹു അവരെകുറിച്ച് പറയുന്നത്, തൗറാത്ത് അനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ട് അവർ ഗ്രന്ഥം ചുമക്കുന്ന കഴുതകളെപോലെയാണ് എന്നാണ്.

ചുരുക്കത്തിൽ ഏഴു ദിവസത്തിൽ ഒരിക്കൽ വരുന്ന ഒരു ദിവസം ആരാധനക്കായി അവൻ പ്രത്യേകപ്പെടുത്തിയിരുന്നു. അതിനെയും അവർ മറന്നുകളഞ്ഞു. അവർക്ക് വേണ്ടി നിശ്ചയിച്ച സബ്ബത്തിന്റെ ദിനത്തിൽ അവർ അല്ലാഹുവിന് അനിഷ്ടകരമായ പല പ്രവർത്തനങ്ങളും ചെയ്യുകയുണ്ടായി. സബ്ബത്ത് എന്നത് ശനിയാഴ്ചക്കും പറയാറുണ്ട്. ഇതിന് മറ്റു പല അർത്ഥങ്ങളുണ്ട്. ചുരുക്കത്തിൽ യഹൂദികൾക്ക് വേണ്ടി നിശ്ചയിച്ച സബ്ബത്ത് അവർക്ക് പ്രത്യേകമായി പ്രാർത്ഥിക്കാനും ആരാധിക്കാനുമുള്ള ഒരു ദിവസമായിരുന്നു. ചില കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് ആ ദിവസം അവരെ വിലക്കുകയും ചെയ്തിരുന്നു. എന്നാൽ തന്ത്രപൂർവ്വം അത് അവർ അവഗണിക്കുകയാണ് ചെയ്തത്.

ഇതു സംബന്ധമായി വിശുദ്ധ ഖുർആനിൽ ഇപ്രകാരം വരുന്നു.

(അറബി) - സബത്തിനെ കുറിച്ച് അതിക്രമം പ്രവർത്തിച്ചവരെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കുന്നു. അതിക്രമത്തിന്റെ ഫലമായി അവർ

ക്ക് ശിക്ഷ ലഭിക്കുകയും ചെയ്തു.

ഈ സൂറത്തിൽ വഴികേടിലായ യഹൂദികളെ പരാമർശിച്ചതിന് ശേഷം വിശ്വാസികളെ എന്ന് വിളിച്ച് കൊണ്ട് കാര്യങ്ങൾ പറയുമ്പോൾ അതിന്റെ അർത്ഥം നിങ്ങൾക്ക് ഇങ്ങനെയുള്ള തെറ്റുകൾ പറ്റരുത് എന്ന് ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങൾ നിങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന ജുമുഅ ദിവസത്തെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ നിങ്ങളും ശിക്ഷക്ക് പാത്രമായിത്തീരുന്നതാണ്. മറ്റു സമൂഹങ്ങളെപ്പോലെ മുസ്ലിംകൾക്കും സബ്ബത്തിന്റെ ദിനമുണ്ട്. മുസ്ലിംകളുടെ സബ്ബത്തിന്റെ ദിനം വെള്ളിയാഴ്ചയാണ്. ഈ ദിവസത്തെ പ്രത്യേകമായി സംരക്ഷിക്കേണ്ടതും അതിന് അതർഹിക്കുന്ന പരിഗണന നൽകേണ്ടതും ഓരോ മുസ്ലിമിന്റെയും കടമയാണ്, അതിനായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ജുമുഅ ദിവസം ആരാധനക്കായി വിളിക്കപ്പെട്ടുകഴിഞ്ഞാൽ തങ്ങളുടെ എല്ലാ ജോലികളും ഉടനെ നിർത്തിവെച്ചുകൊണ്ട് മുഅ്മിനീംകൾ ജുമുഅയിൽ പങ്കെടുക്കാനായി പള്ളിയിലേക്ക് നീങ്ങേണ്ടതാണ്. ഖുത്ബ കേൾക്കാനായി പള്ളിയിലക്ക് കുതിക്കേണ്ടതാണ്. ബാങ്ക് വിളി ഞങ്ങൾക്ക് ഈ നാടുകളിൽ കേൾക്കാൻ കഴിയുന്നില്ലെന്ന് വല്ലവരും പറയുകയാണെങ്കിൽ പല സംവിധാനങ്ങളും ഇക്കാലത്ത് ഒരുക്കാവുന്നതാണ്. ഇക്കാലത്ത് ഫോണുകളിൽ പല ശബ്ദങ്ങളും നാം റിക്കാർഡ് ചെയ്തുവെക്കുന്നു. അലാറത്തിന്റെ ശബ്ദമായി ബാങ്കിന്റെ ശബ്ദം വെക്കാൻ പറ്റുമോ എന്നെനിക്ക് അറിയില്ല. അങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ ഈ സമയത്ത് അലാറത്തിന്റെ ശബ്ദമായി ബാങ്കിന്റെ ശബ്ദം സെറ്റ് ചെയ്തു വെക്കുക. ബാങ്കിന്റെ ശബ്ദം നാം ഫോണിലൂടെ ജുമുഅയുടെ സമയമാകുമ്പോൾ കേൾക്കുകയാണെങ്കിൽ ജുമുഅയിൽ പങ്കെടുക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകും. മാത്രമല്ല മറ്റുള്ളവർക്കും ഇത് ശ്രദ്ധിക്കാൻ കാരണമായിത്തീരുന്നതാണ്. ഇത് തബ്ലീഗിനുള്ള ഒരു മാർഗം തുറക്കുകയും ചെയ്യുന്നതായിരിക്കും. ഏതു രീതിയാണെങ്കിലും ശരി, അത് ചെയ്യാവുന്നതാണ്. സാധാരണ അലാറത്തിന്റെ ശബ്ദവും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നതായിരിക്കും. എന്തു തന്നെയാണെങ്കിലും ജുമുആയുടെ പ്രാധാന്യത്തെ ഒരിക്കലും അവഗണിക്കരുത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇത് സംബന്ധമായി നൽകിയിരിക്കുന്ന വിശദീകരണം ഇക്കാലത്തേക്ക് തികച്ചും യോജിച്ചതാണ്. അദ്ദേഹം പറയുന്നു: ഇക്കാലത്ത് യാ അയ്യുഹല്ലദീന ആമനൂ എന്ന സംബോധിതർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചവരാണ്. പൊതു മുസ്ലിംകളും ഇതിൽ ഉൾ പ്പെടും എന്നതിൽ സംശയമില്ല. ഈ സൂറത്തിൽ ഹദ്റത്ത് മസീഹ് മൗഊദിനെക്കുറിച്ച് പറഞ്ഞതിന് ശേഷം ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചതിൽ നിന്നും മനസ്സിലാകുന്നത് വാഗ്ദത്ത മസീഹിനെ വിശ്വസിച്ചവർക്ക് ജുമുഅയിൽ പങ്കെടുക്കുക എന്നത് വളരെയധികം പ്രാധാന്യമുള്ളതാണ് എന്നാണ്. മറ്റു മുസ്ലിംകൾ മുസ്ലിംകളാണെന്നും മുഅ്മിനീങ്ങളാണെന്നും വാദിക്കുന്നുണ്ടെങ്കിലും വാഗ്ദത്ത മസീഹിനെ നിഷേധിച്ചതു കാരണം "നിങ്ങൾ ഗ്രന്ഥത്തിന്റെ ഒരു ഭാഗം വിശ്വസിക്കുകയും, ഒരു ഭാഗം നിഷേധിക്കുകയും ചെയ്യുകയാണോ?" എന്ന് അല്ലാഹു ചോദിച്ചവരുടെ ഗണത്തിൽ പെടുന്നതാണ്.

ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് തിരുനബി(സ.അ) അരുളുന്നു. ഹദ്റത്ത് അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു. തിരുനബി (സ) പറയുന്നതായി ഞങ്ങൾ കേട്ടു. നാം അവസാനദിനത്തിൽ വന്നവരായിട്ടുകൂടി ഖിയാമത്ത് നാളിൽ നാം ഏറ്റവും മുമ്പിലായിരിക്കും. അവർക്ക് ഗ്രന്ഥം മുമ്പേ ലഭിച്ചിരിക്കുന്നു എന്നത് ശരി തന്നെ. അവർക്ക് നിർബന്ധമാക്കപ്പെട്ട ദിവസമായിരുന്നു ഇത്. അവർ ഇതിനെ സംബന്ധിച്ചും ഭിന്നാഭിപ്രായക്കാരായി. അല്ലാഹു ഇക്കാര്യത്തിൽ നമുക്ക് വഴികാട്ടുകയുണ്ടായി. ഇക്കാര്യത്തിൽ ജനങ്ങൾ നമ്മെ പിൻപറ്റുന്നതാണ്. യഹൂദികൾ അടുത്ത ദിവസവും കൃസ്ത്യാനികൾ അതിന്റെ അടുത്ത ദിവസവും. (ബുഖാരി ഫർളുൽ ജുമുഅ).

ഈ ഹദീസിന് അൽപം വിശദീകരണം ആവശ്യമാണ്. ഇതു സംബന്ധമായി മറ്റൊരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ(റ)ന്റെ കാലത്ത് ജമാഅത്ത് ബുഖാരിയിലെ ഹദീസുകൾക്ക് അർത്ഥവും ചെറിയ രീതിയിലുള്ള വ്യാഖ്യാനവും എഴുതാനുള്ള ജോലി ഹദ്റത്ത് സൈനുൽ ആബിദീൻ വലിയുള്ളാഹ് ശാഅ്(റ)നെ ഏൽപ്പിച്ചിരുന്നു. അദ്ദേഹം ജുമുഅ ഫർളെ കിഫായ (ചിലർ അനുഷ്ഠിച്ചാൽ മറ്റെല്ലാവരും ബാധ്യതയിൽ നിന്നും ഒഴിവാകുന്നതിനേയാണ് ഫർല് കിഫായ് എന്ന് പറയുന്നത്.) ആണെന്ന് ചിലർ പറഞ്ഞതിനെ ഖണ്ഡിക്കുകയും ഇത് ഫർളാണെന്ന് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് അദ്ദേഹം സബത്തിന്റെ ഭാഷാപരമായ അർത്ഥത്തെക്കുറിച്ച് വിശദീകരിക്കുന്നു. തുടർന്ന് യഹൂദികളുടെ ചരിത്രത്തിൽ നിന്നും മറ്റും യഹൂദികൾക്ക് നിശ്ചയിച്ചിരുന്ന സബത്തിന്റെ ദിനം വെള്ളിയാഴ്ചയായിരുന്നു എന്നും അല്ലെങ്കിൽ സബ

നോട് അനാദരവ് കാണിക്കുമെന്ന താണ്. ഈ എല്ലാ തെളിവുകളും തന്നെ റസൂലുല്ലാഹി (സ)ന്റെ മുക ളിൽ പറഞ്ഞ കാര്യം ശരിയാണെന്ന് തെ ളിയിക്കുന്നു.

തിരുനബി (സ) പറഞ്ഞത് പോലെ അല്ലാഹു മുസ്ലിംകൾക്ക് സബത്ത് ദിവസം ഏതാണെന്ന് പറ ഞ്ഞുതരികയാണ് ചെയ്തത്. 1400 വർഷം പിന്നിട്ടും മുസ്ലിംകൾ ഏതൊരവസ്ഥയിൽ ആണെങ്കിലും ശരി ജുമുഅക്ക് പ്രത്യേക പ്രാധാ ന്യം നൽകി വരുന്നു. എല്ലാവരും ഒരുമിച്ച് കൂടിയിട്ടില്ലെങ്കിലും ജുമുഅ ഏതായാലും നടന്നു വരുന്നു. ഇവർ ജുമുഅക്ക് ഒരുമിച്ച് കൂടുന്നിടത്തോ ളം കാലം അനുഗ്രഹങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാല ത്തിന് ജുമുഅയുമായി പ്രത്യേക ബന്ധമുള്ളത്കൊണ്ട് അഹ്മദികൾ ക്ക് ജുമുഅയുടെ കാര്യത്തിൽ പ്ര ത്യേകമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമാണ്. ഈ കൽപനയെ പാലിക്കാൻ നാമാണ് പ്രഥമമായി കടപ്പെട്ടിരിക്കുന്നത്. ഇതിനെ ധിക്ക രിച്ചുകൊണ്ട് അല്ലാഹുവിന്റെ കോപ ത്തിന് പാത്രമാകാതിരിക്കാൻ നാം ശ്രമിക്കേണ്ടതാണ്. മുൻകാലചരിത്രം അല്ലാഹു പറഞ്ഞതും യഹൂദിക ളുടെ സംഭവങ്ങളെയെല്ലാം അല്ലാ ഹു വിവരിച്ചതും നാം ജാഗരൂഗരാ യിരിക്കാൻ വേണ്ടിയാണ്. യഹൂദി കൾ ആദ്യകാലത്ത് ജുമുഅ ദിവസ ത്തിന് പ്രത്യേക പ്രാധാന്യം നൽകിയിരുന്നെങ്കിലും പിന്നീട് അവരത് ഉപേക്ഷിക്കുകയായിരുന്നു. കാരണം ഈ അനുഗ്രഹീത ദിവസം തിരുനബി (സ)ക്കും അവിടുത്തെ ഉമ്മത്തിനും പ്രത്യേകമായി അർഹ തപ്പെട്ടതായിരുന്നു. ഈ ദിവസ ത്തിന്റെ പ്രാധാന്യത്തെ കുറിച്ച് തിരു

*(ശേഷം 19-ൽ)*

ടേയും ഫാർസികളുടെയും ഇടയിൽ കുറേകാലം പ്രവാസികളായി കഴി ഞ്ഞതിന്റെ ഫലമായി അവരുടെ ശിർക്ക്പരമായ വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരിച്ചിരുന്നതായി ചരിത്രവസ്തുതകളിൽ നിന്നും സാഹചര്യതെളിവുകളിൽ നിന്നും തെളിയുന്നുണ്ട്. ഈ ബഹുദൈവ വിശ്വാസികളുടെ സ്വാധീനം കാര ണം അവർ തങ്ങളുടെ ആദർശങ്ങ ളെതന്നെ മാറ്റി മറിക്കുകയും ചെ യ്തു.

പുരാതന യഹൂദികൾ ജുമുഅ ദിവസത്തിന് പവിത്രത നൽകിയിരു ന്നു. ചരിത്രകാരനായ ജോസഫസ് തന്റെ വിഖ്യാതമായ ചരിത്രഗ്രന്ഥ ത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആത്മീയകൽപനകളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും മനസ്സിലാ കുന്നത് വെള്ളിയാഴ്ചയും ശനിയാ ഴ്ചയും ഒരൊറ്റ യഹൂദിയെപോലും ജഡ്ജിയുടെ മുമ്പാകെ വിളിക്കപ്പെ ടുന്നതിനെ വിലക്കിയിരുന്നു എന്നാ ണ് (6:15)

ഹിബ്രുവിൽ ജുമുഅയുടെ പേർ തന്നെ ഉറൈബ്, ഹശാബാത്ത് എന്നാണ്. സബത്തിനുള്ള തയ്യാറെ ടുപ്പ് ആറാം ദിവസമായ വെള്ളി യാഴ്ച എട്ടാം ഭാഗത്ത് അതായത് രണ്ടര മണിക്കാണ് ആരംഭിക്കുന്നത്. മൂന്നര മണിക്ക് അവസാനിക്കും. അപ്പോഴാണ് ഖുർബാനി സമർപ്പിക്ക പ്പെടുന്നത്. അതിനുശേഷം യഹൂദി കൾ ജോലിയിൽ നിന്നെല്ലാം വിരമി ച്ചുകൊണ്ട് കുളിച്ച് വൃത്തിയുള്ള വസ്ത്രമെല്ലാം ധരിച്ച് സബത്തിന്റെ രാജാവിനെ അഥവാ ശനിയാഴ്ചയെ സ്വീകരിക്കുന്നു.

യഹൂദികൾ സബത്തിൽ പാലി ക്കേണ്ട കൽപനകൾക്ക് കടകവിരു ദ്ധമായാണ് പ്രവർത്തിച്ചത് എന്നത് സുനിശ്ചിതമാണ്. മൂസാ (അ) പ്രവ ചിച്ചിരുന്നത് തന്നെ അവർ സബത്തി ത്തിൽ വെള്ളിയാഴ്ചയുടെ ഒരു ഭാഗം ഉൾപ്പെട്ടിരുന്നു എന്നും അദ്ദേ ഹം തെളിയിക്കുന്നുണ്ട്. പിന്നീടവർ അതിനെ ശനിയാഴ്ചയാക്കി മാറ്റുക യായിരുന്നു. ശാഹ് സാഹിബിന്റെ വ്യാഖ്യാനത്തിൽ നിന്നും ചില ഭാഗ ങ്ങൾ ഞാൻ കേൾപ്പിക്കുകയാണ്.

സബത്ത് എന്നതിന്റെ ഭാഷാർ ത്ഥം ജോലിയെല്ലാം ഉപേക്ഷിച്ച് വിശ്രമിക്കുക (ലിസാനുൽ അറബ്). ഇതിന്റെ സാങ്കേതിക അർത്ഥം എല്ലാവിധ ജോലികളിൽ നിന്നും വിരമിച്ച് അല്ലാഹുവിന്റെ ആരാധന യിൽ മുഴുകുക. ഒരു ദിവസം ആരാ ധനയിൽ മുഴുകണം എന്നത് ബനൂ ഇസ്റാഈല്യർക്ക് നൽകപ്പെട്ടിരുന്ന പ്രത്യേക കൽപനയായിരുന്നു. (പു റപ്പാട് 31:14-16, 35:3) ഇതിനെ അവർ ലംഘിക്കുകയുണ്ടായി. ബനൂ ഇസ്റാഈല്യർക്ക് ഉണ്ടായിരുന്നതു പോലുള്ള ഒരു വിലക്കും ജുമുഅ ദിവസം മുസ്ലിംകൾക്ക് ഉണ്ടായിരു ന്നില്ല. ഈ വിലക്കിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രത്യേകമായി ഈ വാക്കുകളി ലാണ് പറയുന്നത്.

സബത്ത് അഥവാ ഭൗതിക ജോലികളിൽ നിന്ന് വിരമിച്ചുകൊ ണ്ട് അല്ലാഹുവിന്റെ ആരാധനയിൽ മുഴുകണം എന്ന കൽപന അതിലെ ആജ്ഞകളെ നിഷേധിച്ചവർക്കാണ് നിർബന്ധമാക്കിയിട്ടുള്ളത്.

അവർക്ക് ഏഴാമത്തെ ദിവസ മായിരുന്നു നിശ്ചയിക്കപ്പെട്ടത് എന്ന് ഇതിന്നർത്ഥമില്ല. ക്രിസ്തീയസമൂ ഹം കാലത്തിന്റെ കുത്തൊഴുക്കിൽ അകപ്പെട്ടുകൊണ്ട് ആരാധനക്കുള്ള ദിവസം ശനിയാഴ്ചയിൽ നിന്ന് ഞായറാഴ്ചയാക്കി മാറ്റിയെങ്കിൽ യഹൂദികളും മാറ്റിയിട്ടുണ്ടാവും എന്നത് അസംഭവ്യമായി കരുതാവ തല്ല. യഹൂദികൾ അവരുടെ പ്രവാ സകാലത്ത് ബാബിലോണിയക്കാരു

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

# ന്യൂക്ലിയർ ഹോളോകാസ്റ്റ്
## (ആണവ കൂട്ടഹത്യ)

**ഭൂമിയെ ചുടലക്കളമാക്കി മാറ്റുന്ന നാരകീയമായ അണുവായുധയുദ്ധം മനുഷ്യസമൂഹത്തിനു മുമ്പിൽ ഒരു ഭീഷണിയായി നില്ക്കുന്നു. ജനപഥങ്ങളെ ജനശൂന്യമാക്കി കളയുന്ന ഈ മാരകമായ ന്യൂക്ലിയർ വിപത്തിനെ പറ്റി അത്ഭുതകരമായ സൂക്ഷ്മതയോടെ വിശുദ്ധ ഖുർആൻ പ്രവചന ഭാഷയിൽ വിവരിക്കുന്നു.**

നമ്മുടെ കാലഘട്ടത്തിലെ കണ്ടുപിടിത്തങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക പ്രവചനങ്ങളിൽ ചിലത് അസാധാരണമാം വിധം പ്രാധാന്യമുള്ളതും ആഗോളതലത്തിൽ പ്രസക്തങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ആസന്നമായ ആണവ കൂട്ടഹത്യ ( ന്യൂക്ലിയർ ഹോളോകാസ്റ്റ്) .

അണു വിസ്ഫോടനത്തെപ്പറ്റി മനുഷ്യന്റെ ഭാവനയിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. എന്നാൽ, നാമിവിടെ വിവരിക്കാൻ പോവുന്നത് സൂക്ഷ്മകണങ്ങളെ സംബന്ധിച്ച് പറഞ്ഞ ഖുർ ആൻ ആയത്തിനെ കുറിച്ചാണ്. നകരത്തിലെ തീ, സൂക്ഷ്മകണങ്ങളിൽ ഉള്ളടക്കം ചെയ്തത്പോലെ അപാരമായ ഊർജ്ജത്തിന്റെ സംഭരണശാലയായി സൂക്ഷ്മ കണങ്ങളെ ഈ ഖുർ ആൻ ആയത്തിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകും. താഴെ കാണുന്ന വചനങ്ങളിൽ അക്ഷരാർത്ഥത്തിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്.

***പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിച്ചുവെക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കികൊണ്ടിരിക്കുകയും ചെയ്യുന്നവൻ. തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല അവൻ 'ഹുത്വമ'യിൽ എറിയപ്പെടുന്നതാണ്. ആ 'ഹുത്വമ' എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. പെട്ടെന്ന് ഹൃദയത്തിലേക്ക് എത്തിപ്പെടുന്ന (അഗ്നി). അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്.*** *(104:2-10)*

ഈ കൊച്ചു ഖുർആനികാദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അമ്പരപ്പിക്കുന്ന പ്രസ്താവനകൾ അക്കാലത്തെ ജനങ്ങളുടെ ഗ്രാഹ്യശക്തിക്ക് എത്രയോ അകലെയാണ്. കൗതുകകരമായിട്ടുള്ള കാര്യം, ചില വിവരണങ്ങളിൽ പാപികളായ ആളുകൾ 'ഹുത്വമ' യിൽ എറിയപ്പെടുന്നതായിട്ടാണ് വർണ്ണിച്ചിട്ടുള്ളത്. 'ഹുത്വമ' എന്നാൽ അരണ്ട വെളിച്ചമുള്ള ഒരു മുറിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെ ഒരു കിരണത്തിൽ നാം കാണുന്ന ചെറിയ സൂക്ഷ്മമായ പൊടിയാണ്. അതിൽ എറിയുമെന്നാണ് വിവരണം.

ആധികാരികമായ അറബി ശബ്ദകോശങ്ങൾ 'ഹുത്വമ'ക്ക് രണ്ട് വിധത്തിലുള്ള ധാത്വാർത്ഥങ്ങളുണ്ടെന്ന് പറയുന്നു.അതിൽ 'ഹത്വമഃ' എന്നതിന്റെ അർത്ഥം പൊടിക്കുക (To Pound) അല്ലെങ്കിൽ അതിസൂക്ഷ്മ കണങ്ങളാക്കി ധൂളികരിക്കുക (Pulverize into extreamely small particles) രണ്ടാമത്തേത് 'ഹിത്വമഃ' എന്നാണ്. ഏറ്റവും സൂക്ഷ്മമായ നിസ്സാരമായ ചെറുകണിക എന്നാണ് അർത്ഥം. 'ഹിത്വമഃ' എന്നത് ഏതെങ്കിലും ഒരു വസ്തുവിനെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാവുന്ന സൂക്ഷ്മകണം എന്നാണർത്ഥം.

വിഭജിക്കാൻ കഴിയാത്ത വിധത്തിലെത്തുന്ന

ഏതൊരു വസ്തുവിന്റേയും ഏറ്റവും ചെറിയ ഘടകത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാവുന്ന രണ്ടർത്ഥങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ആറ്റത്തിന്റെ യാതൊരു സങ്കൽപവും ജന്മം കൊണ്ടിരുന്നില്ല. ആറ്റം എന്ന സങ്കൽപത്തിന് പകരം നിൽക്കാൻ പറ്റിയ ഏറ്റവും അടുത്ത പദമാണ് ഹുത്വമഃ. മനുഷ്യൻ ഹുത്വമയിൽ വലിച്ചെറിയപ്പെടും എന്ന വാദത്തിലെ ആഘാതത്തിൽ നിന്ന് കഷ്ടിച്ച് മുക്തനായി വരുമ്പോൾ അതിനേക്കാൾ അമ്പരപ്പിക്കുന്ന മറ്റൊരു അവകാശവാദമാണ് കാണുന്നത്.

ഹുത്വമഃയെപ്പറ്റി വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ അതിൽ അടക്കം ചെയ്ത ജ്വലിക്കുന്ന അഗ്നിയെക്കുറിച്ചും നീണ്ട സ്തംഭങ്ങളിൽ അത് ബന്ധിക്കപ്പെട്ടതിനെക്കുറിച്ചുമാണ് സംസാരിക്കുന്നത്. മനുഷ്യൻ ഇതിലേക്ക് എറിയപ്പെടുമ്പോൾ ഈ അഗ്നി അവന്റെ ഹൃദയത്തിൽ നേരിട്ടു പതിക്കുമെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ഹൃദയത്തെ പൊതിഞ്ഞുകൊണ്ടുള്ള ഒരു അസ്ഥിപഞ്ചരം ഇല്ലാത്തത് പോലെയാണ് അത് ഹൃദയത്തെ ബാധിക്കുന്നത്. ഈ അഗ്നി തികച്ചും വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ഒന്നാണെന്നാണ് ഇത് അർത്ഥമാക്കുന്നത്. അത് ശരീരത്തെ പൊള്ളിക്കുന്നതിന് മുമ്പേ ഹൃദയത്തെ കൊല്ലും. തീർച്ചയായും അത്തരത്തിലുള്ള ഒരഗ്നിയെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് അറിവുണ്ടായിരിക്കയില്ല.

ഇത് മാത്രമല്ല ഈ വിവരണത്തിൽ അത്ഭുതപ്പെടാനുള്ളത്. അതിന്ശേഷം പറയുന്നത് അതിനേക്കാൾ അത്ഭുതകരമാണ്. ഈ അഗ്നി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടിയിട്ടിരിക്കുകയാണെന്നും അത് കെട്ടഴിച്ചു വിടപ്പെടുന്ന സമയം ആഗതമായാൽ മനുഷ്യനു മേൽ ചാടി വീഴാൻ അത് കാത്തിരിക്കുകയാണെന്നും ഈ വചനം പറയുന്നു.

ഇത്തരത്തിൽ ലളിതമായ വചനങ്ങളിൽ അത്ഭുതത്തിനുമേൽ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ്. ആദ്യത്തെ പ്രഖ്യാപനമിതാണ്. മനുഷ്യൻ ഏറ്റവും ചെറിയ സൂക്ഷ്മ കണികയിലേക്കെറിയപ്പെടുന്ന ഒരു കാലം വരും. അതിനുശേഷം ആ ചെറു കണികയെക്കുറിച്ചും അതിലടങ്ങിയിരിക്കുന്നതിനെ പറ്റിയുമുള്ള വിവരണമാണ്. അതിലടങ്ങിയിരിക്കുന്നത് ഒരു തരത്തിലുള്ള അഗ്നിയാണ്. അത് നീളമുള്ള സ്തംഭങ്ങളെ പോലെ പ്രത്യക്ഷമാവുന്നു. സൂക്ഷ്മമായ പാത്രങ്ങളിലാണ് അത് അടക്കിയിരിക്കുന്നത്.

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർത്ഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. 'മനുഷ്യൻ' എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗ്ഗത്തിന്റെ പൊതു നാമം എന്ന നിലക്കാണ്. 'എറിയുക' എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജ്ജം സംഭരിച്ചു വെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർത്ഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണ്ണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്. മനുഷ്യനേയും മറ്റെല്ലാ വസ്തുക്കളെയും ഉൾപ്പെടെ അതിന് എത്തിപ്പെടാൻ കഴിയുന്നിടംവരെയുള്ള എല്ലാറ്റിനെയും അത് വിഴുങ്ങുന്നു. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അയഥാർത്ഥമായി കണ്ടിരുന്നതെന്തൊന്നാണോ അത് ചെറിയ കുട്ടികൾക്ക് പോലും സുപരിചിതമായ ഒരു യാഥാർത്ഥ്യമായി കഴിഞ്ഞു.

അത്ഭുതങ്ങളുടെ അത്യധികം അതിശയോക്തി കലർന്ന പ്രയോഗങ്ങൾ ഈ പ്രവചനത്തിന്റെ മഹത്വത്തെ കെടുത്തിക്കളയുന്നു. ആ കാലത്തുള്ള ജനങ്ങൾക്ക് 'അൽ ഹുമസ' എന്ന ഈ സൂറത്തി (അദ്ധ്യായം)ന്റെ പ്രാധാന്യം തിരിച്ചറിയുവാൻ സാധിച്ചില്ല എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അത് അവരുടെ ഹൃദയത്തെ ബാധിക്കുന്നതിനേക്കാൾ അവരുടെ മതത്തേയും വിശ്വാസത്തേയുമാണ് ബാധിച്ചത് എന്ന് പറയാം. അത്ഭുതകരമായ ഈ പ്രസ്താവന അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതും വെല്ലുവിളിക്കപ്പെടാതിരുന്നതും എങ്ങനെയെന്നത് യുക്തിക്കതീതമാണ്. ഈ ലോകത്തെ സംഭവങ്ങളുമായി ബന്ധമുള്ളതല്ല അതെന്നും പരലോകത്തെ നിഗൂഢാത്മകമായ അജ്ഞാത മേഖലയുമായി ബന്ധപ്പെട്ടതായിരിക്കാമെന്നുമുള്ള വിശ്വാസത്തിൽ അവർ അഭയം തേടിയതായിരിക്കാം. നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ വിശദീകരിക്കാൻ ശ്രമിക്കാതെ തീർത്തും ഒഴിവാക്കുകയായിരുന്നു. ചിലർ ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലെ വെല്ലുവിളി ഏറ്റെടുത്തു. ഈ വചനത്തിലെ പ്രതിപാദ്യം പുനരുത്ഥാന നാളിൽ സംഭവിക്കേണ്ടതാണെന്ന് പറഞ്ഞ് ബോധപൂർവ്വം ഈ ഭാരം ഇറക്കിവെക്കുകയുണ്ടായി. അത് പൂർണ്ണമായും അജ്ഞാതമേഖലക്ക് വിട്ടുകൊടുത്തുകളഞ്ഞു.

ഖുർആന്റെ പാശ്ചാത്യ വിവർത്തകരിൽ സെയിൽ* 'ഹുത്വമ' എന്ന പദം എങ്ങനെ അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു. അദ്ദേഹം 'അൽഹുത്വമ' എന്ന പദം വിവർത്തനം

ചെയ്യാതെ കുറേ ആളുകളെ ഹുത്വമയിൽ പിടിച്ചുതള്ളും എന്ന് മാത്രം വിവർത്തനം ചെയ്യുകയുണ്ടായി. ഈ വിവർത്തനം ഇംഗ്ലീഷ് വായനക്കാരിൽ യാതൊരു അപകടവും വരുത്തിയില്ല. ജനങ്ങളെ ഏറ്റവും ചെറിയ കണികയിലേക്ക് പിടിച്ചെറിയപ്പെടും എന്ന വിവർത്തനത്തിലെ അസംഭാവ്യതയെ അതുകൊണ്ട് അവർക്ക് അവിശ്വസിക്കേണ്ടിവന്നില്ല. അവർക്ക് ഹുത്വമ എന്നതിനെ സംബന്ധിച്ച് യാതൊന്നുമറിയാത്തതിനാൽ വലിയ ഒരു മുറി നിറയെ ജ്വലിക്കുന്ന അഗ്നിയായിരിക്കാം ഹുത്വമ (ചെറു കണിക) എന്നതിനർത്ഥം എന്ന് ഭാവന കൊള്ളാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. സെയിലിന്റെ ഈ തന്ത്രം ഇത് വിവർത്തനം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അതേസമയം ഈ അത്ഭുതകരമായ പ്രവചനത്തോട് നീതി പുലർത്തുന്നതിൽ അദ്ദേഹം പരാജയപ്പെടുകയുണ്ടായി.

ഈ വചനത്തിൽ വിവരിക്കപ്പെട്ട അഗ്നി അത് ഭൂമിയിലെ ജ്വലിക്കുന്ന അഗ്നിയോ അല്ലെങ്കിൽ പരലോകത്തെ ആളിക്കത്തുന്ന അഗ്നിയോ ആയാലും ഒരിക്കലും തന്നെ അതിനെ സൂക്ഷ്മമായ കണികക്കുള്ളിലാക്കാൻ കഴിയില്ല. മറ്റു ഖുർആൻ ഭാഷ്യകാരന്മാരെ പോലെ സെയിൽ അഭിമുഖീകരിച്ച പ്രശ്നം ഇത് മാത്രമായിരുന്നില്ല. നീട്ടിയ സ്തംഭങ്ങളിൽ അടച്ചുപൂട്ടിയ അഗ്നി എന്നാൽ എന്താണ്? ആധുനിക കാലത്ത് ആറ്റം യുഗം ആവിർഭവിച്ചതിന് ശേഷമല്ലാതെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വചനമാണിത്. ഈ വചനത്തെക്കുറിച്ച് അവർ എന്തായിരുന്നു മനസ്സിലാക്കിയത്? ഇപ്പോഴാണ് ഈ ജിഗ്സോ പസിൾ (Jigsaw puzzle - ചിത്രത്തിന്റെ കഷ്ണങ്ങൾ യോജിപ്പിച്ച് ചിത്രം പൂർണ്ണമാക്കുന്ന കളി) ശരിയായ സ്ഥലത്ത് ശരിയായ കഷ്ണങ്ങൾ ചേർത്തുവെച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്.

ഒരു ആറ്റം വിസ്ഫോടനം എങ്ങനെയാണ് സംഭവിക്കുക എന്നും അതിലെ ന്യൂക്ലിയർ മാസി (Nuclear Mass) എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുക എന്നതിനെ സംബന്ധിച്ചുള്ള ശാസ്ത്രീയ വിവരണങ്ങളെ സംബന്ധിച്ച് പരിചയമില്ലാത്ത ഒരാൾക്ക് 'നീട്ടപ്പെട്ട സ്തംഭങ്ങൾ' എന്ന ഖുർആനിക പ്രയോഗത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ വരും. ന്യൂക്ലിയർ വിദഗ്ദ്ധൻമാർ ആറ്റം വിസ്ഫോടനം സംഭവിക്കാനാവശ്യമായ ക്രിറ്റിക്കൽ മാസി (Critical Mass - ക്രാന്തിക ദ്രവ്യമാനം)*നെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ന്യൂക്ലിയർ ദ്രവ്യത്തിന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങൾ (വിഘടനം) വൈകിപ്പിച്ചും കമ്പനങ്ങൾ (Pulse) ഉണ്ടാക്കിയും അതിനുള്ളിൽ അളവറ്റ മർദ്ദം സൃഷ്ടിക്കപ്പെടുന്നു. ഇത് സാധിക്കുന്നത് ന്യൂക്ലിയർ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നത് മൂലമാണ്. ഇങ്ങനെ മർദ്ദം കൂട്ടി സ്ഫോടനം നടക്കുന്നതിന് മുമ്പേ മൂലകങ്ങളുടെ പ്രവർത്തനത്തിൽ ഉന്നത അറ്റോമിക ഭാരമുള്ള മൂലകങ്ങൾ വിഘടിച്ച് കുറഞ്ഞ അറ്റോമിക ഭാരമുള്ള മൂലകങ്ങളായി മാറുന്നു. ഇപ്രകാരം പുതുതായി രൂപം കൊള്ളുന്ന മൂലകങ്ങളുടെ അറ്റോമികഭാരം അതിനുമുമ്പേയുണ്ടായിരുന്ന ഘനമൂലകങ്ങളായ മാതൃമൂലകങ്ങളുടെ ഭാരത്തേക്കാൾ അൽപം കുറവായിരിക്കുമല്ലോ. ഈ ആണവ പ്രക്രിയയിൽ നഷ്ടപ്പെടുന്ന അറ്റോമികഭാരം ഊർജ്ജമായി മാറ്റപ്പെടുന്നു. ഈ മാതൃകയിലൂടെ മാത്രമല്ല ഒരു ന്യൂക്ലിയർ ബോംബ് പ്രവർത്തിക്കുന്നത്. പക്ഷെ ലംബമായി നിൽക്കുന്ന സ്തംഭങ്ങളുടെ പ്രവർത്തനത്തെപറ്റി വിവരിക്കാൻ മാത്രമാണ് നാം ഈ ലളിതമായ മാതൃക ഇവിടെ തിരഞ്ഞെടുത്തത്.

എങ്ങനെയാണ് ഈ അഗ്നി നേരിട്ട് ഹൃദയത്തെ ബാധിക്കുക എന്ന വിഷയത്തിലേക്ക് നമുക്ക് തിരിയാം. അതിന്റെ ശാസ്ത്രീയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

സ്ഫോടനം നടന്ന ഉടനെതന്നെ വളരെയധികം ഗാമാരശ്മികളും ന്യൂട്രോണുകളും, എക്സ്റേകളും ഉൽസർജിക്കപ്പെടുന്നു. എക്സ്റേ വമ്പിച്ച തോതിൽ താപം ഉയർത്തുന്നു. അങ്ങനെ അണുവിസ്ഫോടനത്തിൽ മോചിപ്പിക്കപ്പെടുന്ന അത്യധികം താപം ഭീമാകാരമായ ഒരു അഗ്നിഗോളത്തെ സൃഷ്ടിക്കുകയും അത് ഉടൻ മുകളിലോട്ടുയരുകയും ചെയ്യുന്നു. ഈ അഗ്നിഗോളം ദൂരെനിന്ന് വലുതായി കാണാവുന്നവിധം ബൃഹദാകാരമുള്ള ഒരു കൂൺ പോലെ അഗ്നിയുടെ ഒരു മേലാപ്പായിത്തീരുന്നു.

എക്സ്റേ-രശ്മികൾ നാനാവശങ്ങളിലേക്കും ന്യൂട്രോണുകൾ സഹിതം സഞ്ചരിക്കുന്നു. ഇത് ഉണ്ടാക്കുന്ന വമ്പിച്ച താപം, സഞ്ചരിക്കുന്ന വഴിക്കുള്ളതിനെയെല്ലാം കരിച്ചു കളയുന്നു. ശബ്ദതരംഗങ്ങളേക്കാൾ അനേകം ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടും

***(ശേഷം 30-ൽ)***

*** ജോർജ് സെയിൽ:** ആദ്യമായി വിശുദ്ധ ഖുർആൻ അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് ഇദ്ദേഹമാണ്. 1734ലാണ് ആ വിവർത്തനം പ്രത്യക്ഷപ്പെട്ടത് (വിവ:).

*** ക്രിറ്റിക്കൽ മാസ്:** അണുവിഖണ്ഡന സ്വഭാവമുള്ള വസ്തുവിന്റെ (Fissionable) പദാർത്ഥത്തിൽ ശൃംഖലാ അഭിക്രിയ (Chain reaction) നിലനിറുത്താനാവശ്യമായ ഏറ്റവും കുറഞ്ഞ ദ്രവ്യമാനത്തെയാണ് ക്രിട്ടിക്കൽ മാസ്സ് എന്ന് പറയുന്നത്. ഇത് ന്യൂക്ലിയർ സയൻസിലെ ഒരു സാങ്കേതിക പദമാണ് (വിവ:)

ലേഖനം

എ.എം. മുഹമ്മദ് സലിം

# ആറ്റംബോംബ് വീണപ്പോൾ

**ലോകത്തിലെ അണുവായുധശക്തികൾ അവരുടെ കൈയ്യിലുള്ള ആറ്റംബോംബുകൾ പൂർണതോതിൽ വർഷിക്കുകയാണെങ്കിൽ ഭൂമിയിൽ മനുഷ്യസമൂഹം തന്നെ കുറ്റിയറ്റുപോകുമെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. 1945 ആഗസ്റ്റ് മാസത്തിൽ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബ് വർഷിക്കപ്പെട്ടപ്പോൾ സംഹാരത്തിന്റെ സ്തോഭജനകമായ അഗ്നിപ്രളയരംഗങ്ങൾക്ക് സാക്ഷ്യം വഹിച്ച ഹതഭാഗ്യരായ രണ്ടു പേരുടെ വിവരണങ്ങളാണ് ഈ ലേഖനം.**

**1945** ആഗസ്റ്റ് 6-ാം തിയ്യതി 11 മണി കഴിഞ്ഞ് 2 മിനുട്ട്.

അതൊരു പഴയ ഘടികാരമാണ്. മേൽപറഞ്ഞ തിയ്യതിക്കും സമയത്തും നിലച്ചുപോയ ഒരു ജപ്പാൻ ക്ലോക്ക്. അതിലെന്താണിത്ര അത്ഭുതം? ബാല സഹജമായ കൗതുകത്തോടെ നിങ്ങൾ ചോദിച്ചേക്കാം. എന്നാൽ അത് മാനവരാശിക്കുമേൽ പ്രയോഗിക്കപ്പെട്ട ഒരു മഹാദുരന്തത്തിന്റെ ശപ്തനിമിഷങ്ങളുടെ ഭീകരസ്മാരകമാണ്! ആ നിമിഷം മുതൽ മൂകമായിപ്പോയ ഈ നാഴികമണി ജപ്പാനിലെ നാഗസാക്കിയിൽ ഇന്നും ചരിത്ര സ്മാരകമായി നിലകൊള്ളുന്നു.

ആറ്റം ബോംബെന്ന ഈ നരകത്തീ നാഗസാക്കി നഗരത്തിലേക്ക് അമേരിക്കയുടെ, 'മഹാ കലാകാരൻ' എന്ന വിമാനത്തിൽ നിന്നു വലിച്ചെറിഞ്ഞപ്പോൾ ഉണ്ടായ ഭീകരവും സ്തോഭജനകവുമായ രംഗങ്ങൾ നാഗസാക്കി മെഡിക്കൽ കോളേജിലെ എക്സ്റേ വിദഗ്ദനായിരുന്ന ഡോ: തകാഷി നാഗായി വിവരിക്കുന്നു. നാഗാസാക്കിയിൽ അവശേഷിച്ച 10 ശതമാനം പേരിൽ ഒരാളായിരുന്നു തകാഷി. വീണ്ടും ആറു വർഷം ജീവിച്ച് അർബുദം വന്ന് കൈകാൽ ശോഷിച്ച് വയറ് വീർത്ത് മരിക്കുന്നതിന് മുമ്പായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. The bell of nagazaki എന്ന ഗ്രന്ഥത്തിൽ സ്തോഭജനകമായ ആ ഭീകരരംഗം അദ്ദേഹം എഴുതുന്നു.

"അതിഭീകരമായ ഒരു പൊട്ടലും കണ്ണഞ്ചിപ്പിക്കുന്ന പ്രഭയും. നീലയും ചുവന്നതുമായ തീനാളങ്ങൾ ചിതറിപ്പാഞ്ഞു. ഉഗ്രമായ കൊടുങ്കാറ്റ്! മണിക്കൂറിൽ 600 മൈൽ വേഗമുള്ള ഒരൂക്കൻ കൊടുങ്കാറ്റ്!! 600 ഡിഗ്രി ചൂടുള്ള ഒരു തീച്ചൂള. അതിന് 10,000 അടി ഉയരം. മൂന്നു മൈലിൽ അധികം പടർപ്പ്. ആ അഗ്നി രാക്ഷസൻ വളർന്നു നാല്പത്തയ്യായിരം അടിയായി ഉയർന്നു. കോടിക്കണക്കിനുള്ള കരങ്ങളും വിടർത്തി അവൻ കുതിച്ചപ്പോൾ 25,000 പേർ അതിൽ ഉടൻ ചാമ്പലായി. 1,00,000 പേർക്ക് പരിക്ക് പറ്റി. അവരിൽ 72,000 പേർ പിന്നീട് മരിച്ചു.

ഡോ: തകാഷി തുടരുന്നു: "പൊട്ടിത്തെറി കഴിഞ്ഞ് 20 മിനുട്ട് കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗരപ്രദേശം മുഴുവൻ കത്തി ജ്വലിക്കുകയാണ്. ആശുപത്രിയുടെ നടുത്തളത്തിലും അഗ്നിതാണ്ഡവമാടുകയാണ്. കുന്നിനോടു ചേർന്നുള്ള കിഴക്കുവശം മാത്രം കേടുപറ്റാതെ നിലകൊള്ളുന്നു. പക്ഷേ, ഞങ്ങൾക്ക് ഉപകരണങ്ങളില്ല. ആൾ സഹായവുമില്ല. ആളിപ്പടരുന്ന അഗ്നിയെ നിസ്സഹായരായി നോക്കിനില്ക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല. നരകതുല്യമായ അഗ്നികുണ്ഡത്തിൽ നിന്നു രക്ഷപ്പെടാൻ വേച്ചും വീണും മല കയറി വരുന്ന നഗ്നശരീരങ്ങളുടെ ദയനീയമായ ജാഥ തുടർന്നുകൊണ്ടേയിരിക്കുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ട് രണ്ടു കുട്ടികൾ കടന്നുപോയി. തലയറ്റ ഒരു ശിശുവിനെ മാറോട് ചേർത്തുപിടിച്ച് യുവതിയായ ഒരമ്മ ഓടുകയാണ്. പരസ്പരം കൈകോർത്തു പിടിച്ച് രണ്ട്

വൃദ്ധ ദമ്പതിമാർ കുന്നുകയറി വരുന്നു. കുന്നിൻ മുകളിൽ എത്തിയ മറ്റൊരു സ്ത്രീയുടെ വസ്ത്രങ്ങൾ തീ പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽ പന്തുപോലെ അവർ താഴോട്ട് ഉരുണ്ടു പോകുകയും ചെയ്തു. സ്വബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന വീടിന്റെ മുകളിൽ കയറി നിന്ന് നൃത്തം ചെയ്യുന്നു. ഓടിയവരിൽ പലരും ഇടക്കു നിന്നു തിരിഞ്ഞു നോക്കി. മറ്റുള്ളവർ പിന്നോട്ട് തിരിയാൻ ധൈര്യമില്ലാതെ മുന്നോട്ട് പാഞ്ഞു. കുറെ മുമ്പോട്ട് ഓടിയ ഒരു ബാലൻ സഹോദരിയെ വിളിക്കുന്നു. വേഗം വരാൻ. അല്പം നില്ക്കാൻ അവൾ അവനോടു യാചിച്ചു. ഇവരുടെയെല്ലാം പിന്നിൽ ഒരഗ്നി സമുദ്രം ഇരമ്പി. അത് കൂടുതൽ അടുത്ത് വരികയാണ്"

നാഗസാക്കിയിൽ ബോംബ് വർഷിക്കുന്നതിന്റെ മൂന്ന് ദിവസം മുമ്പാണ് ഹിരോഷിമയിൽ ആറ്റം ബോംബെറിഞ്ഞത്. Hiroshima Diary എന്ന ഗ്രന്ഥത്തിൽ ഡോ. ഹാച്ചിയ രേഖപ്പെടുത്തിയത് നോക്കുക. "പട്ടാളക്കാരുടെ സ്ഥിതി ഇതിലും ഭയങ്കരമായിരുന്നു. അരക്കു മുകളിലെ ഭാഗങ്ങൾ പൊള്ളലേറ്റു കരിഞ്ഞു തൊലി ഉരിഞ്ഞു തൂങ്ങിയും എണ്ണമറ്റ പട്ടാളക്കാർ വഴിയിൽ കിടക്കുന്നത് കണ്ടു. അവരുടെ തലമുടി കരിഞ്ഞിരുന്നില്ല. പട്ടാളത്തൊപ്പി ധരിച്ചത് കൊണ്ടാവാം. അധികം മൃതദേഹങ്ങൾക്കും മുഖം ഉണ്ടായിരുന്നില്ല. കണ്ണും മൂക്കും ചെവിയും ഉരുകിപ്പോയി! കരിഞ്ഞു കരുവാളിച്ച മാംസപിണ്ഡങ്ങൾ. മുഖം മുഴുവൻ വെന്തുനീറി വികൃതമായി തീർന്ന ഒരു പട്ടാളക്കാരൻ വെളുത്ത പല്ലുകൾ ഇളിച്ചു കാട്ടി റോഡിൽ കിടന്നിരുന്നു. അയാൾ വെള്ളം ചോദിച്ചു. ഞാനെന്തു ചെയ്യും? അപ്പോൾ വെള്ളം എവിടെ കിട്ടാനാണ്? എനിക്ക് സങ്കടം തോന്നി. കൈകൾ കൂപ്പി അയാൾക്കു വേണ്ടി പ്രാർത്ഥിച്ചു. പിന്നീട് അയാൾ വെള്ളം ചോദിച്ചില്ല. അയാൾ മരിച്ചുകഴിഞ്ഞിരുന്നു." മറ്റൊരിടത്ത് ഡോ. ഹാച്ചിയ രേഖപ്പെടുത്തുന്നു. "ജലസംഭരണ ടാങ്കുകൽ നിറയെ മൃതദേഹങ്ങൾ! പൊള്ളലേറ്റവർ രക്ഷപ്പെടാൻ വേണ്ടി വെള്ളത്തിൽ ചാടി. പക്ഷെ ആ ഹതഭാഗ്യർ ജീവനോടെ വേവിക്കപ്പെട്ടു. അത്യുഗ്രമായ ചൂടിൽ ടാങ്കിലെ വെള്ളം തിളക്കുകയായിരുന്നു. ഒരു റിസർവോയറിൽ മരിച്ചവരുടെ കൂട്ടത്തിൽ ജീവനുള്ള ഒരാൾ കിടന്നനങ്ങുന്നതു കണ്ടു. ചോര കലർന്ന ചുവന്ന വെള്ളം അയാൾ ആർത്തിയോടെ കുടിച്ചിറക്കുന്നു. മറ്റൊരു ടാങ്കിൽ ക്രമാതീതമായി ആളുകൾ തിങ്ങിക്കിടക്കുന്നതു കണ്ടു. അത്രയും പേർക്കു കിടക്കുവാൻ യഥാർത്ഥത്തിൽ ആ റിസർവോയറിൽ സ്ഥലമില്ല! അവർ വെള്ളത്തിന്നടിയിൽ കുത്തിയിരുന്നു ശ്വാസം മുട്ടിയാണ് മരിച്ചത്!!..." വേറൊരിടത്ത് വിവരിക്കുന്നു: "മുറിവേറ്റ നിരവധി പേർ നിസ്സഹായരായി നീങ്ങുന്നു. എവിടെ നിന്നുവരുന്നുവെന്നു ചോദിക്കുമ്പോൾ പുറകോട്ടു ചൂണ്ടി അവിടെ നിന്ന് എന്നു പറയുന്നു. എങ്ങോട്ട് എന്ന ചോദ്യത്തിന് മുമ്പോട്ടു ചൂണ്ടി അങ്ങോട്ട് എന്നു പറയുന്നു. വെള്ളത്തിന് വേണ്ടി അവർ യാചിക്കുന്നു. പ്രിയപ്പെട്ടവരെ വിളിച്ചു കരയുന്നു. എന്നിട്ട് പിടഞ്ഞു മരിക്കുന്നു. മരിച്ചവരുടെ പുറത്ത് കൂടി ജീവനുള്ളവർ നടന്നുപോകുന്നു. കുറേക്കഴിഞ്ഞ് അവരും മരിച്ചു വീഴുന്നു..."

വീണ്ടും: "ഞാൻ ബ്യോറോയിലെ പൂന്തോട്ടത്തിൽ നില്ക്കുകയായിരുന്നു. കാറ്റിന്റെ ഗതി മാറി. പെട്ടെന്ന് തീ ജ്വാലകൾ പന്തുകൾ പോലെ പറന്നുവരാൻ തുടങ്ങി. ഞാനാകെ ഭയന്നുപോയി. പിറകുവശത്തെ ഗേറ്റിൽ കൂടി പുറത്തേക്കു കടന്നു അവിടെ നിന്നും ഓടി നദിയുടെ തീരം വരെ എത്തി. ഏതാനും പെൺകുട്ടികളും എന്നോടൊപ്പം ഓടുന്നുണ്ടായിരുന്നു. ആളുകളുടെ തിരക്കാണവിടെ. അത്രയും പേരെ ഒന്നിച്ച് ഞാൻ അതുവരെ കണ്ടിട്ടില്ലായിരുന്നു. ജനക്കൂട്ടത്തിന്റെ ഭ്രാന്തമായ ഓട്ടം! ഭീകരമായ ഒരു കാഴ്ചയായിരുന്നു അത്, ഏറ്റവും ദുഃഖം തോന്നിയത് അവിടെ കണ്ട സ്ത്രീകളുടെ കാഴ്ചയായിരുന്നു. പരിപൂർണമായും നഗ്നകളായിരുന്നു അവർ!!. മിസോഗൂച്ചി എന്റെ നേർക്കു നോക്കി പറഞ്ഞു. ഡോക്ടർ ഹാച്ചിയാമ, താങ്കളും നഗ്നനാണ്!!"

ഇതൊക്കെയാണ് ആറ്റംബോംബ് പതിച്ചപ്പോൾ അരങ്ങേറിയത്. മനുഷ്യ ദുരന്തഗാഥകൾ ജീവിച്ചിരിക്കുന്നവർ, മരിച്ചവരേയോർത്ത് അസൂയപ്പെട്ട നിമിഷങ്ങൾ!! നിങ്ങളുടെ മേൽ പ്രയോഗിക്കാൻ ഞങ്ങളുടെ കൈയ്യിലും ഒരാറ്റംബോംബുണ്ട് എന്ന് മത്ത് പിടിച്ചവരെപ്പോലെ പരസ്പരം ആക്രോശിക്കുന്നവർ അറിയുന്നുണ്ടോ, അവരുടെ ആഗ്രഹം പോലെ ആറ്റംബോംബ് പതിച്ചാൽ, പിന്നിൽ നിന്നു പാഞ്ഞുവരുന്ന അഗ്നിഗോളങ്ങളിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി ജലസംഭരണികളിലേക്ക് എടുത്തു ചാടേണ്ടിവരും. അവിടെ വെച്ച് ജീവനോടെ വേവിക്കപ്പെടേണ്ടിവരും ആക്രോശം മുഴക്കുന്ന ജനനായകന്മാരും ചിന്തിക്കട്ടെ. ഇതെല്ലാം ആർക്ക് വേണ്ടി? എന്തിന്ന് വേണ്ടി?.... കുറഞ്ഞ നേരത്തേക്ക് മനുഷ്യരായ നമ്മൾക്ക് ജീവിക്കാൻ ദൈവം കാരുണ്യപൂർവ്വം നൽകി. ഈ വഴിയമ്പലത്തിന്ന്, ദുഷ്ടന്മാരേ നിങ്ങൾ തീകൊളുത്താതിരിക്കുക. ■

ലേഖനം

അബ്ദുറഹിമാൻ കൊടിയത്തൂർ

# ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും മുസ്ലിം ലോകത്തിന്റെ ദയനീയസ്ഥിതിയും

**ജിഹാദിന്റെ ആധുനിക രൂപങ്ങളായ ഭീകരവാദവും തീവ്രവാദവും മൂലം മുസ്ലിം രാജ്യങ്ങളിൽ പലതും. ഗതികിട്ടാതെ ഉലയുകയാണ്. ലോക മുസ്ലിം സമൂഹം തന്നെ ഇത് മൂലം പലവിധേനയും പീഡിപ്പിക്കപ്പെടുന്നു. മതത്തിന്റെ പേരിൽ സായുധ ജിഹാദ് നടത്തരുതെന്ന് പറഞ്ഞതിന്റെ പേരിലാണ് ഹദ്റത്ത് അഹ്മദി(അ)നെ മുസ്ലിം പണ്ഡിതന്മാർ കാഫിറാക്കിയത്. ആ പണ്ഡിതന്മാർ നയിക്കുന്ന മുസ്ലിം സമുദായത്തിന്റെ ഗതി ഇന്നെന്താണ്?**

തിരുനബി(സ)യുടെ പ്രവചനമനുസരിച്ച് ആഗതരാവുന്ന വാഗ്ദത്ത മസീഹിന്റെ നിയോഗദൗത്യമായി മിക്ക ഹദീസുകളിലും വിവരിക്കപ്പെട്ടിട്ടുള്ള ഒരു പ്രധാന കാര്യം 'യളഹുൽ ഹർബ്' (അദ്ദേഹം യുദ്ധം നിർത്തും) എന്നുള്ളതാണ്. അതായത് അദ്ദേഹത്തിന്റെ കാലഘട്ടം മതത്തിന്റെ പേരിലുള്ള യുദ്ധത്തിന്റെ കാലഘട്ടമായിരിക്കില്ല. അങ്ങനെയുള്ള യുദ്ധം ആ കാലഘട്ടത്തിൽ തികച്ചും അനാവശ്യവും, സമൂഹത്തിന്റെ നാശത്തിന് കാരണവുമായിരിക്കുന്നതുമാണ്. വാഗ്ദത്ത മസീഹായി നിയോഗിതരായ ഹ: അഹ്മദി(അ)ന്റെ കാലഘട്ടത്തിൽ, ഒരു വലിയ വിഭാഗം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി മതത്തിന്റെ പേരിൽ യുദ്ധം ചെയ്യുകയും, അതിനെ ജിഹാദായി കാണുകയും ചെയ്യുകയായിരുന്നു. ഈ പ്രവണത ഭാവിയിൽ മുസ്ലിംകൾക്ക് മാത്രമല്ല മുഴുവൻ മനുഷ്യസമൂഹത്തിനും മഹാവിപത്തായിത്തീരും എന്ന് അല്ലാഹുവിന് അറിയാമായിരുന്നു. അതുകൊണ്ടായിരുന്നു ഈ കാലഘട്ടത്തിലെ ദൈവദൂതന്റെ നിയോഗലക്ഷ്യമായി ഈ തെറ്റായ ജിഹാദീ സങ്കൽപത്തിൽ നിന്ന് മുസ്ലിം ലോകത്തെയും, മുഴുവൻ സമൂഹത്തെയും മോചിപ്പിക്കേണ്ട ദൗത്യം നിശ്ചയിച്ചിരിക്കുന്നത്.

വാഗ്ദത്ത മസീഹ് (അ) മതത്തിന്റെ പേരിലുള്ള യുദ്ധം ഈ കാലഘട്ടത്തിൽ തീർത്തും അനാവശ്യവും നിഷിദ്ധവുമാണെന്ന സത്യം ലോകത്തിന്റെ മുമ്പിൽ അസന്നിഗ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. തിരുനബി (സ)യും അനുയായികളും പ്രതിരോധ യുദ്ധം നയിച്ച സാഹചര്യങ്ങൾ എന്തായിരുന്നുവെന്നും, ജിഹാദിന്റെ യഥാർത്ഥ വിവക്ഷകളെന്തെല്ലാമാണെന്നും, വിശുദ്ധ ഖുർആന്റെയും, തിരുചര്യയുടെയും വെളിച്ചത്തിൽ ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി. രാഷ്ട്രീയലക്ഷ്യത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളെ ജിഹാദായി വ്യാഖ്യാനിച്ചുകൊണ്ടിരുന്ന പണ്ഡിതവർഗ്ഗം വാഗ്ദത്ത മസീഹിന്റെ സ്വർഗ്ഗീയ ശബ്ദത്തെ അവഗണിക്കുകയും, "മിർസാ ഗുലാം ജിഹാദ് ദുർബ്ബലപ്പെടുത്തിയിരിക്കുന്നു"വെന്ന് ആക്രോശിച്ചുകൊണ്ടിരിക്കുകയും ആ മഹാത്മാവിനെതിരിൽ കുഫ്റ് ഫത്വ പുറപ്പെടുവിക്കുകയുമാണ് ചെയ്തത്. തന്റെ ഉപദേശം അവഗണിച്ചുകൊണ്ട് യുദ്ധത്തിന് പുറപ്പെടുന്നവർക്ക് സംഭവിക്കുവാനിരിക്കുന്ന ഭയാനകമായ നാശത്തെ സംബന്ധിച്ച് അദ്ദേഹം മുന്നറിയിപ്പ് നൽകുകയുണ്ടായി. ജിഹാദിനെ സംബന്ധിച്ചും വാഗ്ദത്ത മസീഹിന്റെ അധ്യാപനങ്ങളെ സം ബന്ധിച്ചും, അദ്ദേഹത്തിന്റെ വാക്കുകളെ അവഗണിച്ച മുസ്ലിം ലോകത്തിന് സംഭവിച്ച തിരിച്ചടികൾ സമകാലീന ചരിത്രത്തിലെ ദുരന്തങ്ങളാണ്.

ജിഹാദിനെ സംബന്ധിച്ച് തികച്ചും തെറ്റായ വിശ്വാസമാണ് ഇന്ന് മുസ്ലിം ബഹുജനങ്ങളിൽപടർന്നുപിടിക്കുന്നത്. യുദ്ധോത്സുകനായ മഹ്ദിയുടെയും, ആകാശത്തിൽ നിന്നുള്ള ഈസാനബിയുടെ വരവിനേയും സംബന്ധിച്ച് പ്രത്യാശയിൽ കഴിയുകയായിരുന്ന മുസ്ലിംകൾ കാഫിറുകളെയെല്ലാം വധിക്കുന്ന

'ജിഹാദ്' നിർവ്വഹിച്ച് തങ്ങൾക്ക് ഭൂമിയിൽ ഭരണാധികാരം നേടിത്തരുന്ന മഹ്ദിയും മസീഹുമായവതരിക്കുമെന്നു വിശ്വാസിക്കുന്നു. ഇസ്ലാം വാൾ കൊണ്ട് പ്രചരിച്ച മതമാണെ ന്ന് ക്രൈസ്തവ മിഷണറിമാരുടേയും മറ്റു വിമർശകരുടേയും വാദങ്ങൾക്ക് മുസ്ലിംകളുടെ തന്നെ ഈ തെറ്റായ ധാരണകൾ സാധൂകരണം നൽകുന്നു. അതുകൊണ്ട് തന്നെ ഈ രണ്ട് വിഭാഗത്തിന്റെയും മുമ്പിൽ ഇസ്ലാമിക ജിഹാദിന്റെ യാഥാർത്ഥ്യം വ്യക്തമാക്കിക്കൊടുക്കേണ്ടത് വാഗ്ദത്ത മസീഹിന്റെ കർത്തവ്യമായിത്തീർന്നു. തന്റെ നിരവധി ഗ്രന്ഥങ്ങളിലൂടെ ഇസ്ലാമിനെതിരായ ക്രിസ്ത്യാനികളുടെ ആക്ഷേപങ്ങൾക്ക് അവിടുന്ന് മറുപടി നൽകുകയുണ്ടായി.

ഈ കാലഘട്ടത്തിൽ ഇസ് ലാമിനെതിരെ ശത്രുക്കളുടെ വിമർശനങ്ങൾക്ക് വാളിന് പകരം തൂലികയാണ് ആയുധമാക്കേണ്ടത് എന്ന ത് കൊണ്ട് നാമും അതേ ആയുധം കൊണ്ടാണ് പോരാടേണ്ടത് എന്ന് ഹ: അഹ്മദ് (അ) മുസ്ലിംകളെ ഉൽബോധിപ്പിക്കുകയുണ്ടായി. ഖുർആനിൽ നിന്നും, സുന്നത്തിൽ നിന്നും അദ്ദേഹം ജിഹാദിന്റെ യഥാർത്ഥ രൂപങ്ങൾ വിവരിക്കുന്നത് ഇപ്രകാരമാണ്.

ഒന്നാമതായി 'ജിഹാദെ അക്ബർ' അഥവാ ഏറ്റവും വലിയ ജിഹാദ്. ആത്മശുദ്ധീകരണത്തിനു വേണ്ടിയുള്ള കഠിനമായ പരിശ്രമത്തിനാണ് ജിഹാദെ അകബ്ർ' എന്ന് പറയുന്നത്. ഒരു യുദ്ധം കഴിഞ്ഞ ശേഷം നമസ്കാരത്തിന് തയ്യാറെടുത്ത്കൊണ്ടിരിക്കെ നബിതിരുമേനി (സ) അരുളുകയുണ്ടായി: "നാം, ജിഹാദെ അസ്ഗറിൽ (ചെറിയ പ്രതിരോധ യുദ്ധം) നിന്ന് ജിഹാദെ അക്ബറിലേക്ക് (വലിയ പ്രതിരോധയുദ്ധം) പ്രവേശിക്കുകയാണ്" എന്ന് തിരുനബിയുടെ ഈ വാക്കുകളിൽ നിന്ന് ഏറ്റവും വലിയ ജിഹാദ് ആത്മസംസ്കാരണത്തിന് വേണ്ടിയുള്ള പരിശ്രമങ്ങളാണെന്ന് മനസ്സിലാവുന്നു. വിശുദ്ധ ഖുർആനിൽ ഒരിടത്ത് പറയുന്നു: ***"ഈ ഖുർആൻ കൊണ്ട് നിങ്ങൾ വലുതായ ജിഹാദ് (ജിഹാദെ കബീർ) ചെ യ്യുക"*** എന്ന് - രണ്ടാം സ്ഥാനത്തു ള്ള ജിഹാദ് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ പ്രബോധനമാണ് എന്ന കാര്യം പ്രസ്തുത വചനത്തിൽ നിന്ന് മനസ്സിലാവുന്നു.

പ്രതിരോധയുദ്ധം മൂന്നാം സ്ഥാനത്ത് വരുന്ന 'ജിഹാദെ അസ്ഗർ (ചെറിയ ജിഹാദ്) മാത്രമാണെന്ന് ഇസ്ലാമിക പ്രമാണങ്ങൾ സാക്ഷ്യം വഹിക്കുന്നു. വിശ്വസിച്ചു എന്ന ഒറ്റ കാരണത്താൽ കൊടിയ പീഢനങ്ങൾക്ക് വിധേയമായ വിശ്വാസികൾക്ക് അവസാനമാർഗ്ഗമെന്ന നിലയിലാണ് അല്ലാഹു യുദ്ധത്തിന് അനുമതി നൽകിയതെന്ന് കാര്യം ഹ: അഹ്മദ് (അ) ശക്തിയുക്തം പ്രബോധിക്കുകയുണ്ടായി. നബി തിരുമേനി (സ)യും അനുയായികളും മക്കയിൽ 13 വർഷം കൊ ടിയ പീഢനങ്ങൾ സഹിക്കേണ്ടി വന്നപ്പോഴും ശത്രുക്കൾക്കെതിരിൽ വാൾ എടുക്കുകയുണ്ടായില്ല. അവസാനം മദീനയിലേക്ക് ഹിജ്റ ചെ യ്യുകയും, അവിടെ ഒരു ഇസ്ലാ മിക രാഷ്ട്രം നിലവിൽ വരികയുമുണ്ടായി. മദീനയെ ആക്രമിക്കാൻ ശത്രുക്കൾ ഒരുങ്ങിപ്പുറപ്പെട്ടപ്പോഴാണ്. തിരുനബി (സ)യും അനുചരരും വാളെടുക്കാൻ നിർബ്ബന്ധിതരായത്. ഈ യാഥാർത്ഥ്യങ്ങൾ വാഗ്ദത്ത മസീഹ് തന്റെ ഗ്രന്ഥങ്ങളിലൂടെ വിവരിക്കുകയുണ്ടായി.

അമുസ്ലിം ഭരണത്തോട് കൂറ് പുലർത്തേണ്ടതില്ലെന്നും, അത്തരം രാജ്യങ്ങൾ 'ദാറുൽ ഹർബ്' ആ ണെന്നും, അത്തരം ഭരണകൂടങ്ങളോട് 'ജിഹാദ്' നടത്തൽ മുസ്ലിം കളുടെ കടമയാണെന്നും മൗലവിമാർ സാമാന്യ ജനങ്ങളെ പഠിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ നിലനിന്നിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിനെതിരിലും ചില മൗലവിമാർ ഇത്തരം ഫത്വകൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് (അ) ഇത്തരം പ്രവർത്തനങ്ങൾ ഇസ്ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം ചൂ ണ്ടിക്കാണിക്കുകയുണ്ടായി. വിശ്വാസ സ്വാത്രന്ത്യം അനുവദിക്കുന്ന ഭരണകൂടത്തെ അനുസരിക്കണമെന്നത് ഖുർആന്റെ വ്യക്തമായ പാഠമാണെന്ന് അവിടുന്ന് ഉൽബോധിപ്പിക്കുകയുണ്ടായി. ബാങ്ക് വിളിയ്ക്കുന്നതുൾപ്പെടെയുള്ള മുസ്ലിംകളുടെ സർവ്വ സ്വാതന്ത്ര്യങ്ങളും നിഷേധിച്ച സിക്കുകാരുടെ മർദ്ദകഭരണത്തിൽ നിന്നുള്ള മോചനം കൂടിയായിരുന്നു ബ്രിട്ടീഷ് ഭരണം വന്നതുമുഖേന ലഭിച്ചിരുന്നത്. ജനങ്ങൾ ക്ക് സ്വാതന്ത്ര്യവും, സമാധാനവും ഉറപ്പ് വരുത്തുന്ന ഭരണകൂടത്തെ അനുസരിക്കണമെന്ന ഇസ്ലാമിക പാഠത്തെ ഉയർത്തിപ്പിടിച്ചതിന്റെ പേരിൽ വാഗ്ദത്ത മസീഹിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനെയും അധിക്ഷേപിച്ചുകൊണ്ടിരിക്കുന്ന എതിരാളികൾ, ഈ കാലഘട്ടത്തിൽ മനുഷ്യകുലം - അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ സ്ഥിതിഗതികളെകുറിച്ച് മനസ്സിലാക്കാത്തവരാണ്. ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും ഇന്ന് ഭരണകൂടത്തിനെതിരായ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന റിബലുകൾ സമാധാനം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഏഷ്യയിലെയും, ആഫ്രിക്കയിലെയും എന്നല്ല; യൂറോപ്പിലെയും,

***(ശേഷം 23-ൽ)***

ലേഖനം

ഖുശ്‌വന്ത് സിംഗ്

# നമ്മുടെ യുഗത്തിലെ മിശിഹാ

**പ്രശസ്ത പത്രപ്രവർത്തകനും, ഗ്രന്ഥകാരനും ബുദ്ധിജീവിയുമായ ലേഖകൻ 'ദ ടെലഗ്രാഫ് (കൽക്കത്ത)ൽ 2008 ഫെബ്രുവരി 16ന് റസൂൽ തിരുമേനി(സ)യെ പറ്റി എഴുതിയതാണ് ഈ ലേഖനം.**

മുൻവിധി വിഷം പോലെയാണ്. ഇതിൽ നിന്നും മനസ്സിനെ നേരത്തെ തന്നെ ശുദ്ധമാക്കിയിട്ടില്ലെങ്കിൽ അത് കാൻസർ പോലെ അതിവേഗം പടരുകയും ശരിയേത് തെറ്റേത് എന്ന വിവേചനചിന്തയെ അത് നശിപ്പിക്കുകയും ചെയ്യും. മുൻവിധികളിൽ വെച്ച് ഏറ്റവും നീചമായിട്ടുള്ളത് തന്റെ മതം മാത്രമാണ്. മറ്റുള്ള മതങ്ങളെക്കാളെല്ലാം പരമോന്നതം എന്ന ചിന്തയാണ്. മറ്റു മതങ്ങളെ ഒരുവിധം സഹിക്കാം. പക്ഷേ, അവയെ സ്വന്തം മതത്തിനു തുല്യമായി കാണാനോ ഗൗരവപൂർവ്വം എടുക്കാനോ സാധ്യമല്ല എന്ന നിലപാടാണ് അവർക്കുള്ളത്.

മതങ്ങളിൽ വെച്ച് ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട മതമാണ് ഇസ്‌ലാം. ഇസ്‌ലാമാകട്ടെ ക്രിസ്തുമതത്തിന് ശേഷം ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ വിശ്വസിക്കുന്ന മതമാണ്. മറ്റു മതങ്ങളിലേക്കുള്ള പരിവർത്തനങ്ങളേക്കാൾ കൂടുതലായി ഇസ്‌ലാം മതത്തിലേക്ക് ആളുകൾ പരിവർത്തനം ചെയ്യുന്നു. മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക, സ്പെയിൻ എന്നിവിടങ്ങളിൽ മുസ്‌ലിംകൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിച്ചതിനുശേഷമാണ് ക്രിസ്തീയ ലോകത്ത് ഇസ്‌ലാമിനെതിരെയുള്ള മുൻവിധികൾ പടർന്നുപിടിച്ചത്. ക്രി സ്തുമതത്തിന്റെ ജന്മഭൂമിയിൽ വെച്ച് ഇസ്‌ലാമിനെ തകർക്കാനുള്ള ശ്രമങ്ങളിൽ ക്രിസ്ത്യാനികൾ പരാജയപ്പെട്ടെങ്കിലും. ഇസ്‌ലാം മതസ്ഥാപകരായ മുഹമ്മദ് നബി (സ)ക്കെതിരെയുള്ള പ്രചരണം അവർ തുടർന്നുകൊണ്ടിരുന്നു.

അൽഖായിദ, താലിബാൻ, എന്നീ ഭീകരവാദ സംഘങ്ങൾ അവരുടെ പ്രചരണത്തിന് ന്യായീകരണം നൽകി. ന്യൂയോർക്കിന്റെ വിശ്വപ്രസിദ്ധമായ വേൾഡ് ട്രേഡ് സെന്റർ വാഷിംഗ്ടണിലെ പെന്റഗൺ മുതലായ അമേരിക്കൻ സ്ഥാപനങ്ങൾ 2001 സെപ്തംബർ 11ന് ആക്രമിക്കപ്പെട്ടത് ഇസ്‌ലാമിനെ ദുഷിച്ചുകൊണ്ടിരിക്കുന്ന ശക്തികൾക്ക് പുതിയ ആയുധങ്ങൾ നൽകി. അന്ന് മുതൽ ഇസ്‌ലാം ഭീതി (ഇസ്‌ലാമോ ഫോബിയ) ലോകം മുഴുവൻ അമുസ്‌ലിം ലോകത്ത് ബോധപൂർവ്വം പ്രചരിക്കപ്പെട്ടു.

രണ്ട് വിഷയങ്ങളിലാണ് ഇസ്‌ലാം വിരുദ്ധർ ഇസ്‌ലാമിനെ വിമർശിക്കുന്നത്. ഒന്ന് ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണ്. രണ്ടാമതായി മുസ്‌ലിംകൾ കരുതുന്നതുപോലെ ഇസ്‌ലാം മതത്തിന്റെ സ്ഥാപകൻ ധാർമ്മികഗുണങ്ങളുള്ള പരമോന്നത വ്യക്തിയൊന്നുമല്ല. എന്നിവയാണ് ആ രണ്ട് വിമർശനങ്ങൾ. പക്ഷേ ചരിത്രത്തിൽ നിന്നും ഇസ്‌ലാം ഒരിക്കലും ബലപ്രയോഗം നടത്തിയിരുന്നില്ല എന്ന് തെളിയിക്കാനാവും. ദശലക്ഷക്കണക്കിനാളുകൾ ഇസ്‌ലാം മതം സ്വയമേ തന്നെ വിശ്വസിക്കുകയായിരുന്നു. കാരണം ഇസ്‌ലാം മതം അവർക്ക് പുതിയ മൂല്യങ്ങളും, ആദർശങ്ങളും മാനവസമത്വവും സ്ത്രീ കൾക്കുള്ള അവകാശവും വാഗ്ദാനം ചെയ്തു. അതാകട്ടെ അക്കാലത്ത് കേട്ടുകേൾവി പോലുമില്ലാത്തതായിരുന്നു. മുസ്‌ലിംകൾ അവരുടെ പ്രവാചകനെ വിമർശിക്കുമ്പോൾ അത്യന്തം പ്രകോപിതരാവുന്നു. പ്രശസ്തമായ ഒരു പേർഷ്യൻ പഴമൊഴി ഇങ്ങനെയാണ്.

ബാ ഖുദാ ദിവാനാ ബാഷോ
ബാ മുഹമ്മദ് ഹോഷിയാർ!

നിങ്ങൾക്ക് ദൈവത്തെപറ്റി ഇഷ്ടമുള്ളത് പറയാം. പക്ഷേ ഓർക്കുക മുഹമ്മദിനെ(സ) പറ്റി വല്ലതും പറയുന്നത് സൂക്ഷിച്ചുവേണം.

ഭൂമിയിൽ ഒരു മനുഷ്യനും എത്തിപ്പെടാൻ കഴിയാത്തയത്ര പരിപൂർണ്ണത പ്രാപിച്ച മനുഷ്യനാണ് മുഹമ്മദ് (സ) എന്ന് അവർ വിശ്വസിക്കുന്നു. ആദം (അ),

നോഹ (അ) എബ്രഹാം (അ), മോസസ് (അ), ക്രിസ്തു (അ) എന്നിവരുടെ പിൻഗാമിയായ മുഹമ്മദ് (സ), ഭൂമിയിലെ ഏറ്റവും സമ്പൂർണ്ണനായ മനുഷ്യനാണെന്ന് അവർ വിശ്വസിക്കുന്നു. അദ്ദേഹം അന്ത്യപ്രവാചകനാണ്* മുസ്‌ലിംകൾ എന്തുകൊണ്ടാണ് അദ്ദേഹത്തെ ഇത്രയും ആദരണീയനായി കാണുന്നത് എന്ന് മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന് ദൈവത്തിൽ നിന്നും വെളിപ്പെട്ട അദ്ധ്യാപനവും അദ്ദേഹം നയിച്ച ജീവിതത്തെക്കുറിച്ചും സൂക്ഷ്മമായി പഠിച്ചാൽ മതി.

താലീബാന്റേയും അൽഖയിദയുടേയും പ്രവർത്തനങ്ങളും ആയത്തുള്ളമാരുടെയും അല്പജ്ഞാനികളായ മുല്ലമാരുടെ ഇടക്കിടെയുള്ള ഫത്‌വകളും നോക്കി മുഹമ്മദ് നബി(സ)യെ വിലയിരുത്തുന്നത് ഒരിക്കലും ശരിയായ രീതിയല്ല. ഹിന്ദുത്വയുടെ പേരിൽ പള്ളികൾ നശിപ്പിക്കുകയും മിഷനറിമാരെയും കന്യാസ്ത്രീകളേയും കൊല്ലുകയും ഗ്രന്ഥപുരകളും കലാരൂപങ്ങളും നശിപ്പിക്കുകയും ചെയ്യുന്ന ഹിന്ദുക്കളുടെ പ്രവർത്തികൾ നോക്കി നിങ്ങൾ ഹിന്ദുയിസത്തേയോ, വേദത്തേയോ, ഉപനിഷത്തോ വിലയിരുത്താറില്ല. ജയ്‌സൺ സിങ്ങ് ബിന്ദർവാലയുടെ ആക്രോശങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഗുണങ്ങളോ കൊലപാതകങ്ങളോ നോക്കി നിങ്ങൾ സിക്കു ഗുരുക്കന്മാരുടെ അധ്യാപനങ്ങളെ വിലയിരുത്താറില്ല. അതുപോലെ ഇത്തരത്തിലുള്ള ആളുകളുടെ ചെയ്തികളുടെ അടിസ്ഥാനത്തിൽ മുഹമ്മദ് നബിയുടെ അധ്യാപനങ്ങളേയും അദ്ദേഹത്തിന്റെ ആദർശങ്ങളേയും വിലയിരുത്താൽ പാടില്ല.

ക്രി. വ. 570 ലാണ് മുഹമ്മദ് (സ) മക്കയിൽ ജനിച്ചത്. അദ്ദേഹത്തിന് ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ടു. തന്റെ അമ്മാവന്റെയും പിതാമഹന്റേയും സംരക്ഷണയിലാണ് അദ്ദേഹം വളർന്നത്. അദ്ദേഹം ഒരു വിധവയുടെ കച്ചവടം നടത്തിക്കൊണ്ട് ഉപജീവനം നയിച്ചു. പിന്നീട് അദ്ദേഹം അവരെ വിവാഹം കഴിക്കുകയും ചെയ്തു. ആറ് മക്കളെ അവർ പ്രസവിച്ചു. അവർ മരിക്കുന്നത് വരെ അദ്ദേഹം മറ്റൊരു വിവാഹം കഴിച്ചില്ല. 40 വയസ്സിലാണ് അദ്ദേഹത്തിന് വെളിപാടുകൾ ലഭിക്കാൻ ആരംഭിച്ചത്. ആ വെളിപാടുകളിൽ അദ്ദേഹം പുതിയ മിശിഹായയാണെന്ന് വാദിച്ചു.

അത്തരം വെളിപാടുകൾ അദ്ദേഹത്തിന് ഇടക്കിടക്ക് ലഭിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ അദ്ദേഹം ഒരു കാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ചായിരിക്കും ചിലപ്പോൾ ആത്മീയ കാര്യങ്ങളെക്കുറിച്ചും അവയെല്ലാം ഓർമ്മയിൽ സൂക്ഷിക്കുകയും ചിലത് അദ്ദേഹത്തിന്റെ അനുയായികൾ എഴുതി രേഖപ്പെടുത്തുകയും ചെയ്തു. അതാണ് ഖുർആൻ. അതിന്റെ അർത്ഥം ഓതപ്പെടുന്നത് എന്നാണ്. ഒരു കാര്യം നാമോർക്കണം മുഹമ്മദ് (സ) അദ്ദേഹത്തിന്റെ സ്വന്തം ആശയങ്ങളല്ലായിരുന്നില്ല പ്രചരിപ്പിച്ചിരുന്നത്. ജൂതമതത്തിലുണ്ടായിരുന്ന ചില അദ്ധ്യാപനങ്ങൾ വീണ്ടും അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അല്ലാഹു എന്നത് ദൈവത്തിനുള്ള അറബിപ്പേരാണ്. അതു പോലെ ഇസ്‌ലാം എന്നതിന്റെ അർത്ഥം 'കീഴ്‌വണക്കം' എന്നാണ്. 'സലാം' എന്നാൽ 'സമാധാനം' എന്നുമാണ് ബദൂണിയൽ ഗോത്രക്കാരുടെ മുഖ്യ കച്ചവടകേന്ദ്രമായിരുന്നു മക്ക. അവർ കഅ്ബയിൽ ഒത്തുചേർന്നു. അതിവിശാലമായ മൈതാനത്ത് ആകാശത്ത് നിന്നും വന്ന ഒരു കറുത്തകല്ലിന്റെ സാന്നിദ്ധ്യത്തിലായിരുന്നു കഅ്ബ. രണ്ട് തീർത്ഥാടനങ്ങളായിരുന്നു അവിടെ നടന്നു വന്നത്. ഒന്ന് ഹജ്ജ്, മറ്റൊന്ന് ഉംറ. മുഹമ്മദ് യഹൂദപാരമ്പര്യമനുസരിച്ച് ഭക്ഷണത്തെ ഹലാൽ (അനുവദനീയം) എന്നും ഹറാം (നിഷിദ്ധം - പന്നിമാസം മുതലായവ) എന്നും വിധിച്ചു. അഞ്ച് നേരത്തെ നമസ്കാരവും - ആൺകുട്ടികൾക്ക് ചേലാകർമ്മവും വിധിച്ചു.

മുഹമ്മദ് ദൈവത്തിന്റെ ഏകത്വമാണ് പ്രബോധിച്ചത്. ദൈവത്തിന് യാതൊരു പങ്കാളികളുമില്ലെന്നും വിവിധ ഗോത്രങ്ങളിൽ ആരാധിക്കാറുള്ളത് പോലെ കല്ലുകൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ പൂജിക്കാൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു. മുഹമ്മദ് ജനങ്ങളെ ഒരിക്കലും വിശ്വസിക്കാൻ നിർബന്ധിച്ചിരുന്നില്ല. അദ്ദേഹം അല്ലാഹുവിന്റെ വിശ്വാസ സ്വാതന്ത്ര്യമാണ് പ്രബോധിച്ചത്. **ലാഇക്കറാഹ ഫി ദ്ദീൻ** (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല).

മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു.

* വിശുദ്ധ ഖുർആന്റെയും മറ്റെല്ലാ ഇസ്‌ലാമിക പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ അഹ്മദികൾ വിശ്വസിക്കുന്നത് മുഹമ്മദ് നബി(സ) അവസാനത്തെ പ്രവാചകനല്ല മറിച്ച് പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനാകുന്നു എന്നാണ്. എന്നാൽ ന്യായപ്രവാണവാഹകനായ (ശരീഅത്ത്) അവസാനത്തെ നബിയാണ് മുഹമ്മദ് നബി(സ). ഈ അർത്ഥത്തിലാണ് മിക്ക പൂർവ്വകാല മുസ്‌ലിം പണ്ഡിതന്മാരും മുഹമ്മദ് നബി(സ)യെ അവസാനത്തെ പ്രവാചകൻ എന്ന് വിളിച്ചത്. അവിടുത്തെ ന്യായപ്രമാണത്തിനു കീഴിലും അവിടുത്തെ അനുസാരിത്വം കൊണ്ടും ഇനിയും പ്രവാചകന്മാർക്ക് വരാം. ഇത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമാണ്. ആത്മീയമായി ഉന്നതപദവിയിലുള്ള പ്രവാചകന്മാരുടെ പോലും ആത്മീയ ജനകനാണ് മുഹമ്മദ് നബി(സ) എന്നത് അദ്ദേഹത്തിന്റെ ഔന്നത്യത്തിൽ ഏറ്റവും പരമമായ അവസ്ഥയെ കുറിക്കുന്നു. അത്തരത്തിൽ ആഗതനായ മുഹമ്മദ് നബി(സ)യുടെ ശിഷ്യപ്രവാചകനാണ് ഹദ്റത്ത് അഹ്മദ് (അ) (പത്രാ:)

*'അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങളെ ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ നിങ്ങൾക്ക് നൽകിയിട്ടുള്ളതു മുഖേന നിങ്ങളെ പരീക്ഷിക്കുന്നതിന് വേണ്ടി* (അങ്ങനെ ചെയ്തില്ല).

പ്രതീക്ഷിച്ചത് പോലെ മുഹമ്മദ് (സ)ന്റെ ദൗത്യം വമ്പിച്ച എതിർപ്പുകൾക്ക് കാരണമായി. അദ്ദേഹത്തെ വധിക്കാൻ നിരവധി ശ്രമങ്ങളുണ്ടായി. പക്ഷേ അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെടുകയാണുണ്ടായത്. അവസാനം ക്രി.വ. 622 മക്കയിൽ നിന്നും മദീനയിലേക്ക് പാലായനം ചെയ്യാൻ ദൈവിക കല്പനയുണ്ടായി. ഇതാണ് ഹിജ്റ (പലായനം) എന്ന് അറിയപ്പെടുന്നത്. ഹിജ്റ സംഭവമാണ് മുസ്‌ലിം കലണ്ടറിന്റെ ആരംഭം. മക്കക്കാർ മദീന പിടിച്ചെടുക്കാൻ ചില ശ്രമങ്ങൾ നടത്തിയെങ്കിലും പരാജയപ്പെട്ടു. മുഹമ്മദ് (സ)ന്റെ നേതൃത്വത്തിൽ മക്കൻ സേന - മക്കയിലേക്ക് ജേതാക്കളായി മടങ്ങിവന്നു. ക്രി. വ. 632ൽ മുഹമ്മദ് (സ) ദിവംഗതനാവുമ്പോൾ അറേബ്യൻ ഉപഭൂഖണ്ഡം മുഴുവൻ ഇസ്‌ലാമിനു കീഴിലായിക്കഴിഞ്ഞിരുന്നു.

ദോഷൈകദൃക്കുകളായ വിമർശകന്മാർ മുഹമ്മദ് (സ)നെ ഏറ്റവും കൂടുതൽ വിമർശിച്ചത് ഖദീജയുടെ മരണത്തിനുശേഷം അദ്ദേഹം കൂടുതൽ സ്ത്രീകളെ വിവാഹം കഴിച്ചു എന്നതിന്റെ പേരിലാണ്. ഇത് അന്നത്തെ അറേബ്യൻ സമൂഹത്തിന്റെ പരിപ്രേക്ഷ്യത്തിൽ കാണേണ്ടിയിരിക്കുന്നു. വിവിധ ഗോത്രങ്ങൾ പരസ്പരം കൊള്ളയടിച്ചുകൊണ്ട് ശത്രുതയോടെയാണ് കഴിഞ്ഞത്.

അതിനാൽ അവിടെ പുരുഷന്മാർ വളരെയധികം കൊല്ലപ്പെട്ടു. ഇത് മൂലം സ്ത്രീജനസംഖ്യ ക്രമാതീതമായി ഉയരുകയും സമൂഹത്തിന്റെ ലിംഗപരമായ സന്തുലനം നഷ്ടപ്പെടുകയും ചെയ്തു. വിധവകൾക്കും അനാഥകൾക്കും പാർപ്പിടവും വിഭവങ്ങളും നൽകേണ്ടതുണ്ടായിരുന്നു. അല്ലെങ്കിൽ അവർ വ്യഭിചാരവൃത്തിയും ഭിക്ഷാടനം നടത്താൻ നിർബന്ധിതരാവും. അതിനാൽ അവരെ വിവാഹം മുഖേന സംരക്ഷിക്കേണ്ടിവന്നു. മാത്രമല്ല വിവാഹം വിവിധ ഗോത്രക്കാരുമായി ബന്ധം സ്ഥാപിക്കാനുള്ള ഏറ്റവും നല്ല വഴിയായിരുന്നു. തന്റെ ജനതക്ക് അസ്വീകാര്യമായ ഒരു കാര്യവും മുഹമ്മദ് (സ) ചെയ്തിട്ടില്ല. അദ്ദേഹം വീണ്ടും മുന്നോട്ട് കടന്ന് കൊണ്ട് ഏകപത്നീ വൈവാഹികബന്ധമാണ് നല്ലതെന്ന് പഠിപ്പിച്ചു. ബഹുപത്നിമാർ നാലു പേരെ മാത്രമേ പാടുള്ളൂ വെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തു. അതായത് ഈ നാല് പത്നിമാരോടും ഒരു പോലെ നീതി കാണിക്കണമെന്ന നിബന്ധന നിശ്ചയമായും പാലിക്കേണ്ടതുണ്ട്. ഈ കാര്യം ഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

***'അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു) സ്ത്രീകളിൽ നിന്ന് രണ്ട് വീതമോ, മൂന്നു വീതമോ നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക)"*** (4:4)

നിങ്ങളുടെ മനസ്സ് ഇസ്‌ലാം വിരുദ്ധതയിൽ നിന്നും മുൻവിധിയിൽ നിന്നും സംശുദ്ധമാക്കാനുള്ള ഒരു തുടക്കത്തിന്നായി ഞാൻ Karen Amstrongന്റെ "Muhammed: A Prophet for our Time" എന്ന പുസ്തകം വായിക്കാൻ ശുപാർശ ചെയ്യുന്നു. കാരൻ ആംസ്ട്രോങ്ങ് മതതാരമ്യപഠനത്തിനു സമകാലീന ലോകത്തെ ഏറ്റവും ഉന്നതയായ എഴുത്തുകാരിയാണ് അവർ മുസ്‌ലിമല്ല. ■

**വിവ: റഫാ ഫർഹത്ത്, കോഴിക്കോട്**

---

***(9-ൽ നിന്ന് തുടർച്ച)***

നബി (സ) നമുക്ക് വ്യക്തമാക്കി പറഞ്ഞുതന്നിട്ടുണ്ട്. ഈ ദിവസമാണ് ആദം ജനിച്ചതും മരിച്ചതും. നമ്മുടെ ആത്മീയജീവിതത്തിൽ ഹദ്റത്ത് ആദം (അ)ന് പ്രത്യേക സ്ഥാനമുണ്ട്. വിശുദ്ധ ഖുർആനിൽ ഇതു സംബന്ധമായി അല്ലാഹു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)മിനേയും അല്ലാഹു ആദം എന്ന് നാമകരണം ചെയ്തിട്ടുണ്ട്. ഇക്കാലത്ത് ദീനിന്റെ പുനർജനനം ആ മഹാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് കൊണ്ട് അഹ്മദികൾക്ക് ജുമുഅക്ക് വേണ്ടി പ്രത്യേക തയ്യാറെടുപ്പുകൾ നടത്തേണ്ടതു തന്നെയാണ്. അപ്പോഴായിരിക്കും നാം നേരെയാവുക. ഹദ്റ ത്ത് മൗഊദ് (അ)ന്റെ ജമാഅത്തിന് ലഭിക്കും എന്ന് പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നാം പങ്കാളികളാകുന്നത് അപ്പോഴായിരിക്കും.

ഹദ്റത്ത് ഔസ്ബ്നുഔസ് വിവരിക്കുന്നു. ഹദ്റത്ത് റസൂലുല്ലാഹി (സ.അ) അരുളി. നിങ്ങളുടെ ദിവസങ്ങളിൽ വെച്ചേറ്റവും ഉത്തമമായ ദിവസം വെള്ളിയാഴ്ചയാണ്. ഈ ദിവസമാണ് ആദമിനെ സൃഷ്ടിച്ചത്. ഇതേ ദിവസം അദ്ദേഹം മരിക്കുകയും ചെയ്തു. സൂർ എന്ന കാഹളം ഈ ദിവസമാണ് ഊതപ്പെടുക. ഈ ദിവസം തന്നെ അബോധാവസ്ഥയിലേക്ക് പോകുന്നതുമാണ്. അതുകൊണ്ട് ഈ ദിവസം എനിക്കായി കൂടു

***(ശേഷം 27-ൽ)***

ലേഖനം

പി.എ. മുഹമ്മദ് സലിം
കൊടുങ്ങല്ലൂർ

# മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിനുള്ള മറുപടി-3

**ജമാഅത്തെ ഇസ്‌ലാമി മുൻ കേരള അമീറും പ്രബോധനം മുഖ്യപത്രാധിപരുമായ ജനാബ് സിദ്ധീക്ക് ഹസൻ സാഹിബിനെ അഹ്മദിയ്യത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ലേഖകനയച്ച കത്തും അദ്ദേഹത്തിന്റെ പ്രതികരണവും.**

പത്ര പ്രവർത്തകർക്കും; പത്രപ്രവർത്തനത്തിനും അതിന്റേതായ ഒരു ധാർമ്മികതയും, മര്യാദയും നീതിനിഷ്ഠയും അനിവാര്യമാണെന്നതു എല്ലാവർക്കും അറിവുള്ള കാര്യമാണ്. എന്നാൽ ഇത് ആരൊക്കെ കർക്കശമായി പാലിക്കുന്നുവെന്നത് വേറെ കാര്യം. മുസ്‌ലിംകളല്ലാത്തവർ പോലും പലപ്പോഴും തങ്ങളുടെ പത്രങ്ങളിൽ സംഭവിച്ചുപോവുന്ന പിഴവുകളും പാളിച്ചകളും മനസ്സിലാക്കി 'തിരുത്ത്' എന്ന പേരിൽ ഒരു ഖേദപ്രകടനം നടത്തി, പ്രസ്താവനയിലെ അബദ്ധങ്ങളെ തിരുത്താൻ ശ്രമിക്കാറുണ്ട്. എന്നാൽ സ്വയം ഇസ്‌ലാമിക പ്രസ്ഥാനമെന്ന് വിളിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാരാവട്ടെ, തങ്ങളുടെ ജിഹ്വയായ പ്രബോധനത്തിൽ, എഴുതിയ - എഴുതി കൊണ്ടിരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള കളവുകളും, അവാസ്തവങ്ങളും വളരെ വ്യക്തമായ തെളിവുകളിലൂടെ വ്യക്തമാക്കി കൊടുത്തിട്ടും അത് അംഗീകരിക്കാനോ, തിരുത്താനോ പ്രതികരിക്കാനോ ഇത് വരെ അവർ തയ്യാറായിട്ടില്ല. തെറ്റുകളും വീഴ്ചകളും അബദ്ധങ്ങളും മനുഷ്യസഹജമാണ്. പരിശുദ്ധൻ അല്ലാഹു മാത്രമാണ്. എന്നാൽ യാതൊരു അടിസ്ഥാനവുമില്ലാതെ കളവുകൾ ഏഴുതുക. തികച്ചും കളവായ പ്രസ്താവനകൾ എഴുതുക. എന്നിട്ട് അതിനെ ന്യായീകരിക്കുക ഇത് സാമാന്യ മര്യാദക്ക് പോലും ചേർന്നതല്ലല്ലോ! എന്നിട്ടല്ലേ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കാര്യം. ഒരാവർത്തി കൂടി നിങ്ങൾ പി.പി. അബ്ദുറഹ്മാന്റെ 2009 ജൂൺ 27ലെ ലേഖനം ഒന്ന് വായിച്ചുനോക്കുക. എന്തെല്ലാം അബദ്ധങ്ങളാണ് എഴുതികൂട്ടിയിരിക്കുന്നത്. ചീഫ് എഡിറ്ററായ ജനാബ് സിദ്ദീഖ് ഹസൻ സാഹിബ്, താങ്കൾ ഞാനെഴുതിയ കത്തിന്റെ കാര്യം മറന്നുപോയോ? അതോ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനോടുള്ള അന്ധമായ വിദ്വേഷവും വെറുപ്പും മൂലം എന്തും എഴുതാനുള്ള അനുവാദം ചീഫ് എഡിറ്ററായ താങ്കൾ ജനാബ് പി.പി. അബ്ദുറഹ്മാന് നൽകിയിട്ടുണ്ടോ? ഏതായാലും 19 വർഷങ്ങൾക്ക് മുമ്പ്, 1990-ൽ ഈ വിനീതൻ ബൈഅത്ത് ചെയ്ത ഉടനെ കൃത്യമായി പറഞ്ഞാൽ 1410 ദുൽഹജ്ജ് 10ന് ഞാൻ, ജമാഅത്തെ ഇസ്‌ലാമി അമീറായ താങ്കൾക്കും കേരളത്തിലെ മുഴുവൻ ജമാഅത്തെ ഇസ്‌ലാമി സഹോദരങ്ങൾക്കുമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ഒരു കത്തയച്ചിരുന്നു. താങ്കളുടെ 1990കളിലെ ഫയലിൽ ആ കത്ത് കാണുമെന്ന് പ്രതീക്ഷിക്കുന്നു. അത് പൂർണ്ണരൂപത്തിൽ താഴെ കുറിക്കുന്നു.

ബിസ്മില്ലാഹി റഹ്മാനിർ റഹിം

നഹ്മദ്ഹു വനുസല്ലി അല്ലാറസൂലിഹിൽ കരിം.

വ അലാ അബ്ദിഹിൽ മസീഹിൽ മഊദ്.

കൊടുങ്ങല്ലൂർ

1410 ദുൽഹജ്ജ് 10 (1990)

ബഹുമാനപ്പെട്ട സിദ്ദീഖ് ഹസൻ സാഹിബ്,

അസ്സലാമു അലൈക്കും

താങ്കൾക്കും കുടുംബത്തിനും സഹപ്രവർത്തകർക്കും ക്ഷേമമെന്ന് കരുതുന്നു. അതിന്നായി ദുആ ചെയ്യുന്നു. എഴുത്തെഴുതണമെന്ന് കരുതിയിട്ട് നാളുക

ളേറെയായി. പല കാരണങ്ങളാൽ കഴിഞ്ഞില്ല. കഴിഞ്ഞ ദിവസം പേപ്പറിലൂടെയാണ് താങ്കൾ, ജമാഅത്തെ ഇസ്‌ലാമിയുടെ കേരള അമീറായി തെരഞ്ഞെടുക്കപ്പെട്ട വിവരം അറിഞ്ഞത്. അഭിനന്ദനങ്ങളുടെ എഴുത്ത് കൂമ്പാരങ്ങൾക്കിടയിൽ, ഇങ്ങനെ ഒരെഴുത്ത് തികച്ചും വ്യത്യസ്തമായി അനുഭവപ്പെട്ടേക്കാം. ഒരുപക്ഷെ, ജനിച്ചുവളർന്ന സ്വന്തം നാട്ടിൽ നിന്നും ഈ രീതിയിലുള്ള ഒരെഴുത്ത് പ്രതീക്ഷിച്ചിരിക്കാനും ഇടയില്ല. തിരക്കേറിയ ഈ സന്ദർഭത്തിൽ, എന്റെ ഈ വാക്കുകൾ എത്രമാത്രം അങ്ങയുടെ ശ്രദ്ധയിൽപ്പെടുമെന്നെനിക്കറിയാമെങ്കിലും ഞാനെഴുതുകയാണ്. അങ്ങയോടും, അനുയായികളോടുമുള്ള നിഷ്കപടമായ സ്നേഹം കൊണ്ട് – അതിരറ്റ ബഹുമാനം കൊണ്ട്. അല്ലാഹു അങ്ങയ്ക്ക് കനിഞ്ഞരുളിയ മുൻവിധിക്കതീതമായ ചിന്തകൊണ്ട്, എന്റെ ഈ എളിയ വാക്കുകളെ നിരൂപിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്.

പ്രശ്നസങ്കീർണ്ണമായ വഴികളിലൂടെയാണ് ഇന്ന് മുസ്‌ലിം സമൂഹം, പ്രത്യേകിച്ച് ഇൻഡ്യയിൽ പോയ്ക്കൊണ്ടിരിക്കുന്നത്. എണ്ണമറ്റ ആഭ്യന്തരപ്രശ്നങ്ങൾ ഒരു വശത്തും, സാമൂഹ്യമായ വിപത്ത് മറുവശത്തുമായി നിരവധി പ്രശ്നങ്ങൾ അതു നേരിട്ടുകൊണ്ടിരിക്കുന്നു. എണ്ണത്തിൽ പെരുകിയെങ്കിലും ഒഴുക്കിലെ ചണ്ടികളെ പോലെ സമൂഹത്തിനൊത്ത് അവർ ഒഴുകികൊണ്ടിരിക്കുന്നു. ഭക്ഷണതളികയിലേക്ക് നീങ്ങുന്ന കൈകൾ പോലെ, ശത്രുക്കൾ ആർത്തിപൂണ്ട് അവരെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. അവരെ നയിക്കേണ്ടവരും അവർക്ക് മാതൃകയാവേണ്ടവരുമായ പണ്ഡിതന്മാരോ? ഭൗതീകതയിൽ ആകൃഷ്ടരായി, പുണ്യപ്രവാചകൻ വിശേഷിപ്പിച്ചത് പോലെ ആകാശത്തിൻ കീഴിലുള്ള നികൃഷ്ട ജീവികളായി മാറിയിരിക്കുന്നു. ഒരു നേതാവിനെ അഥവാ ഒരു ഇമാമിനെ, ഒരു നൂറ്റാണ്ടിനുള്ളിൽ മുസ്‌ലിം സമൂഹത്തിന് ചൂണ്ടികാണിക്കുവാൻ കഴിയുമോ? കഴിയില്ല. നേതൃത്വമില്ലാതെ, നേതാവില്ലാതെ അലയുന്ന സമൂഹം എവിടേക്കാണ് ഈ പോക്ക്? എത്രയെത്ര സംഘടനകൾ? വ്യത്യസ്ത ഭരണഘടനകൾ, നയങ്ങൾ, നേതാക്കന്മാർ അവരെ പിൻതാങ്ങുന്ന അനുയായികൾ. ഓരോ വിഭാഗക്കാരും സ്വന്തം നിലനിൽപിനുവേണ്ടിയുള്ള ആസൂത്രിത പരിശ്രമങ്ങൾ. അതിനുവേണ്ടി അല്ലാഹുവിന്റെ വചനങ്ങൾ പോലും വ്യാഖ്യാനിക്കുന്നു. എല്ലാ വിഭാഗങ്ങളും പൊക്കിപ്പിടിക്കുന്നതോ ഖുർആനും ഹദീസും. ആരുടെ മാർഗ്ഗം ശരി എന്നറിയാതെ നട്ടം തിരിയുന്ന സത്യാന്വേഷികൾ. ഉത്തമസമുദായം എവിടെയാണ്? വഴികേടിലകപ്പെട്ടവരെ രക്ഷിക്കുവാനും അവർക്ക് മാതൃകയാവേണ്ടവരുമായ ഖുർആൻ വിശേഷിപ്പിച്ച ഉത്തമസമുദായം ഇന്നെവിടെ എത്തിനിൽക്കുന്നു?

നാല് പതിറ്റാണ്ടുകൾക്ക് മുൻപ് മൗദൂദി സാഹിബിന്റെ മസ്തിഷ്കത്തിൽ രൂപം പ്രാപിച്ച ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനം ഇന്നെവിടെ എത്തിനിൽക്കുന്നു. എന്ത് നേടി? ഭൗതീകാർത്ഥത്തിലുള്ള വികസനവളർച്ചയല്ല ഞാൻ അർത്ഥമാക്കുന്നത്. 8 വർഷത്തെ എന്റെ നിശ്ശബ്ദനിരീക്ഷണത്തിൽ നിന്നും ഞാൻ ഏറെ കുറെ മനസ്സിലാക്കിയതാണ്. ഏറെ പാരമ്പര്യമുള്ള അങ്ങക്ക്, ഞാൻ വിവരിക്കാതെ തന്നെ പ്രസ്ഥാനത്തിന്റെ ആത്മീയ വളർച്ചയെക്കുറിച്ച് നന്നായി അറിയുമല്ലോ? മണിമന്ദിരങ്ങളും, സാഹിത്യശേഖരങ്ങളും വളർച്ചയുടെ മാനദണ്ഡങ്ങളാണോ? ആശയപ്പൊരുത്തമുള്ള പ്രസ്ഥാനങ്ങളിലെ പ്രവർത്തകന്മാരുടെ പരസ്പരബന്ധങ്ങൾ ഞാൻ വിവരിക്കേണ്ടതില്ലല്ലോ? അങ്ങ് ചിന്തിക്കണം. വർഷങ്ങൾക്ക് മുമ്പ് അല്ലാഹുവിനെതേടി പ്രസ്ഥാനത്തിൽ പ്രവേശിച്ച് സർവ്വതും ത്യജിച്ച അങ്ങക്ക് അല്ലാഹുവുമായുള്ള സാമീപ്യം കരസ്ഥമാക്കുവാൻ കഴിഞ്ഞോ? അല്ലാഹുവിന് ഇഷ്ടകരമായ പ്രവർത്തനമാണോ നടന്നുകൊണ്ടിരിക്കുന്നത്? സാമ്പത്തികബന്ധത്തിൽ കെട്ടിമറിയുന്ന പ്രസ്ഥാനം തള്ളിവിട്ട തോണി പോലെ, അതലഞ്ഞുകൊണ്ടിരിക്കുന്നു. ലക്ഷ്യമില്ലാതെ. ഇതല്ലെ, ഇന്ന് അങ്ങയുടെ പ്രസ്ഥാനത്തിന്റെ ചിത്രം.

സ്വാഭാവികമായും ഇങ്ങനെയെല്ലാം സംഭവിക്കുമെന്നുള്ളത് തീർച്ചയാണ്. മൗദൂദി സാഹിബ് പ്രസ്ഥാനത്തിന് രൂപം നൽകുന്നത് അല്ലാഹുവിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടല്ല. അദ്ദേഹം അതവകാശപ്പെട്ടിട്ടുമില്ല. അതുകൊണ്ട് തന്നെ, അല്ലാഹുവിന്റെ അനുമതിയില്ലാത്ത, അല്ലാഹുവിന്റെ പേരിലുള്ള പ്രസ്ഥാനങ്ങളൊക്കെ തുടക്കത്തിൽ വളർന്നുപൊങ്ങുമെങ്കിലും കനത്ത നാശങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമെന്നുള്ളത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. ഇന്ന് വരെയുള്ള ചരിത്രത്തിൽ, അല്ലാഹുവിന്റെ അനുവാദമില്ലാതെ രൂപപ്പെട്ട പ്രസ്ഥാനങ്ങൾക്ക് അല്ലാഹു അംഗീകാരം കൊടുത്തതായും നമുക്ക് കാണുവാൻ കഴിയില്ല. കാരണം, മനുഷ്യൻ വഴികേടിലേക്ക് പോകുമ്പോൾ, അവരെ സന്മാർഗ്ഗത്തിലേക്ക് നിയിക്കുവാൻ അല്ലാഹുവിന് ചില നടപടിക്രമങ്ങളുണ്ട്. അതിനെതിരെ രംഗത്ത് വരുന്നതൊന്നും നിലനിൽക്കുകയില്ല.

അഭിവൃദ്ധി പ്രാപിച്ച ലോകത്തിന് അല്ലാഹു വിശുദ്ധ ഖുർആൻ നൽകി. അതിനെ ശാശ്വതമായി നിലനിർത്തുമെന്ന് അല്ലാഹു പറഞ്ഞതിന്റെ ഒന്നാമത്തെ

അർത്ഥം അതിന്റെ സന്ദേശങ്ങളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്ന ഒരാളേയോ, സമൂഹത്തെയോ അല്ലാഹു നിലനിർത്തുമെന്നാണ്. പുണ്യപ്രവാചകൻ (ഹദ്റത്ത്) മുഹമ്മദ് നബി(സ.അ.) തിരുമേനിക്ക് ശേഷം 13 നൂറ്റാണ്ടുകൾ ഇതിന് സാക്ഷ്യമാണെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണ്. എന്നാൽ പ്രശ്നസങ്കീർണ്ണമായ 14-ാം നൂറ്റാണ്ടിൽ ഈ ദൗത്യനിർവ്വഹണത്തിന് ആർ? അങ്ങക്ക് മറുപടി നൽകുവാൻ കഴിയുമോ? എന്താണ് 14-ാം നൂറ്റാണ്ടിന്റെ ചിത്രം? നാശത്തിലേക്ക് പാഞ്ഞുകൊണ്ടിരിക്കുന്ന സമൂഹം. ദജ്ജാലിയ്യത്തി (ക്രിസ്തുമതം)ന്റെ ആസൂത്രിതമായ കടന്നാക്രമണങ്ങളുടെ ഫലമായി ഭൗതീകതയിലേക്ക് ലയിക്കുന്ന സമൂഹം. (യഅ്ജൂജ് -മഅ്ജൂജ്) റഷ്യ - അമേരിക്കയുടെ തന്ത്രപരമായ ഭൗതീകവാദം. ജനങ്ങൾ ചണ്ടികളെപ്പോലെ വഴികേടിലേക്ക് പോകുന്നു. ഇവരെ നയിക്കേണ്ട പണ്ഡിതന്മാരോ ഭാഷ പഠിച്ചത് കൊണ്ട് മാത്രം അല്ലാഹുവിന്റെ ഗ്രന്ഥം വ്യാഖ്യാനിക്കാൻ ഒരുങ്ങുന്നു. കുരുടന്മാർ ആനയെ വ്യാഖ്യാനിച്ചത് പോലെ. ലോകം ഒന്നായി വഴികേടിലേക്ക് നീങ്ങിയപ്പോൾ, അല്ലാഹു, കാരുണ്യവാനായ അല്ലാഹു മൗനം പാലിക്കുകയോ? ഒരിക്കലുമില്ല. അവൻ അവന്റെ നടപടികൾ ആരംഭിച്ചിരുന്നു. അവന്റെ വാഗ്ദാനം അനുസരിച്ച്; പുണ്യപ്രവാചകൻ (ഹദ്റത്ത്) മുഹമ്മദ് മുസ്തഫ (സ.അ) തിരുമേനിയുടെ പ്രവചനമനുസരിച്ച്; സത്യവിശ്വാസികളുടെ തേട്ടമനുസരിച്ച് - 1835-ൽ പഞ്ചാബിൽ, ഖാദിയാൻ എന്ന പ്രദേശത്ത് അല്ലാഹു നമുക്ക് വേണ്ടി ഒരു മഹാനെ എഴുന്നേൽപിച്ചു. പുണ്യപ്രവാചകന്റെ പേരിന് സാമ്യമായ 'അഹ്മദ്' എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1889-ൽ അല്ലാഹുവിന്റെ അനുമതിയോടുകൂടി അദ്ദേഹം ഒരു ജമാഅത്ത് സ്ഥാപിച്ചു. 'അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്' എന്ന പേരിൽ അത റിയപ്പെടുന്നു. അല്ലാഹു ഏൽപിച്ച ദൗത്യം നിറവേറ്റി കൊണ്ട് 1908-ൽ അദ്ദേഹം വഫാത്തായി. ശേഷം ഖിലാഫത്ത് നിലവിൽ വന്നു. 1-ാം ഖലീഫയായി (ഹദ്റത്ത്) ഹകീം നൂറുദ്ദീൻ സാഹിബും (റ) 2-ാം ഖലീഫയായി (ഹദ്റത്ത്) ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദും (റ) 3-ാം ഖലീഫയായി (ഹദ്റത്ത്) നാസിർ അഹ്മദ് സാഹിബും (റ) ജമാഅത്തിനെ നയിക്കുകയുണ്ടായി. ഇപ്പോൾ 120 രാഷ്ട്രങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ (ഹദ്റത്ത്) താഹിർ അഹ്മദ് സാഹിബ് നയിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ അതിമഹത്തായ ഈ നടപടിക്രമത്തിലൂടെ വിശുദ്ധ ഖുർആന്റെ യഥാർത്ഥ സന്ദേശമെന്തെന്നും, (ഹദ്റത്ത്) മുഹമ്മദ് മുസ്തഫ (സ.അ.) തിരുമേനിയുടെ യഥാർത്ഥ ജീവിതചര്യ എന്താണെന്നും ലോകസമക്ഷം സമർപ്പിക്കുവാൻ ജമാഅത്തിന് കഴിഞ്ഞു. കടുത്ത എതിർപ്പുകൾ സഹിച്ചുകൊണ്ട്, പുണ്യപ്രവാചകന്റെ കാലഘട്ടം സ്മരിക്കുമാറ് അത് വളർന്നുകൊണ്ടിരിക്കുന്നു. ഒരിമാമിന്റെ കീഴിൽ - 120 രാഷ്ട്രങ്ങളിൽ അവർ ജീവിച്ചുകൊണ്ടിരിക്കുന്നു.

കാലഘട്ടത്തിനുവേണ്ടി അല്ലാഹു നിയോഗിക്കുന്ന ദൂതനെ പിൻപറ്റേണ്ടത് ഓരോരുത്തരുടേയും ബാദ്ധ്യതയാണ്. അതിനു വിരുദ്ധമായി, സ്വന്തം മസ്തിഷ്കത്തിൽ നിന്നും രൂപപ്പെട്ട ആശയങ്ങളെ കൂട്ടിച്ചേർത്ത് രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങളിലൊന്നാണ് ജമാഅത്തെ ഇസ്ലാമി. അല്ലാഹു നിയോഗിച്ചയാളെ ധിക്കരിച്ചുകൊണ്ട് രൂപീകരിച്ച പ്രസ്ഥാനം. ഇന്നെവിടെയാണത്? ഖാദിയാന് പകരമായി രൂപപ്പെട്ട പഠാൻകോട്ട്! ഇന്നെന്താണതിന്റെ സ്ഥിതി? പാക്കിസ്ഥാനിൽ, അങ്ങയുടെ പ്രസ്ഥാനം, അല്ലാഹുവിന്റെ ജമാഅത്തിനെതിരിൽ എന്തെല്ലാം അക്രമങ്ങൾക്ക് കൂട്ടുനിന്നു. എത്രയെത്ര കളവുകൾ പറഞ്ഞു. പറഞ്ഞുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ജമാഅത്തിനെതിരിലുള്ള സമരം അല്ലാഹുവിനോടാണെന്ന് അങ്ങ് മനസ്സിലാക്കണം.

ഭൂമിയിലെ മർദ്ദിതർ അനന്തരാവകാശികളാകുവാൻ ഇനി അധികനാളുകളില്ല. ദക്ഷിണാഫ്രിക്കയിലും മറ്റും നടന്നുകൊണ്ടിരിക്കുന്ന അഹ്മദിയ്യത്തിന്റെ അഥവാ ഇസ്ലാമിന്റെ വളർച്ച വിളിച്ചോതുന്നത് അതാണ്. മഹ്ദീ -മസീഹിന്റെ കാലത്ത്, സൂര്യൻ പടിഞ്ഞാറ് നിന്നുദിക്കുമെന്ന പുണ്യപ്രവാചകന്റെ പ്രവചനവും മറ്റൊന്നല്ല. ബഹുമാനപ്പെട്ട സിദ്ദീഖ് ഹസൻ സാഹിബ്, മൗദൂദി സാഹിബിന് സംഭവിച്ച വലിയൊരു തെറ്റിന്റെ ഭാരം ചുമക്കുവാൻ ഇപ്പോൾ അങ്ങും അനുയായികളും വിധിക്കപ്പെട്ടിരിക്കുകയാണ്. ചരിത്രത്തിൽ ഒന്നുമല്ലാതായി തീരുന്ന നാള് പ്രസ്ഥാനത്തിന് വന്നുചേരുന്നതിന് മുൻപ്, അല്ലാഹു കാലഘട്ടത്തിന് വേണ്ടി നിയോഗിച്ച ഇമാമിനെ തിരിച്ചറിഞ്ഞ് ബൈഅത്ത് ചെയ്ത് അല്ലാഹുവുമായുള്ള സാമീപ്യം കരസ്ഥമാക്കി ഇരുലോകവിജയം നേടണമെന്ന് ഞാൻ എന്റെ വിനീതമായ വാക്കുകളിലൂടെ അങ്ങയോട് ഉണർത്തുകയാണ്. അങ്ങയോട് അങ്ങേയറ്റം ബഹുമാനം പുലർത്തികൊണ്ട്, എന്റെ കഴിഞ്ഞ 9 മാസത്തെ ബോദ്ധ്യപ്പെടലുകളാണ് ഞാനീ കുറിച്ചത്. തീർച്ചയായും എന്റെ ബോധ്യപ്പെടലുകൾ അങ്ങക്ക് എന്ത് എന്നെനിക്കറിയാം. പക്ഷെ, അഹ്മദിയ്യാ ജമാഅത്ത് ഒരു തുറന്ന പുസ്തകം പോലെ നമ്മുടെ മുമ്പിലുണ്ട്. ഈ സന്ദർഭത്തിൽ, അധികാരവും, സമ്പത്തും, ചിന്താശേഷിയും അങ്ങയെ സംബന്ധിച്ചിടത്തോളം വലിയ പരീക്ഷണമാണ്. എല്ലാത്തിനേക്കാൾ

അല്ലാഹുവാണ് ഇഷ്ടകരമെങ്കിൽ, ഇറങ്ങിപുറപ്പെടുക എക്കാലത്തേയും മഹാന്മാന്മാരുടെ മാതൃകപിൻപറ്റി എന്റെ ദൗത്യം ഞാൻ നിറവേറ്റുന്നു.

അല്ലാഹുവിന്റെ ജമാഅത്തിൽ ഒരുമിച്ച് ജീവിക്കുവാൻ അവൻ നമുക്ക് തൗഫീഖ് നൽകട്ടെ. (ആമീൻ) മറുപടി പ്രതീക്ഷിച്ചുകൊണ്ട്.

സ്വന്തം

വിനീത സഹോദരൻ

പി.എ. മുഹമ്മദ് സലീം

കൊടുങ്ങല്ലൂർ - 680 669

ഒപ്പ്.

1990-ൽ ഈ കത്ത് ഞാൻ എഴുതുമ്പോൾ, 4-ാം ഖലീഫയായ, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് (റഹ്) ആയിരുന്നു. അന്ന് ലോകത്ത് 120 രാഷ്ട്രങ്ങളിലായിരുന്നു ജമാഅത്ത് സ്ഥാപിതമായിരുന്നത്.

എന്നാൽ 2003-ൽ 4-ാം ഖലീഫ വഫാത്തായപ്പോൾ അല്ലാഹുവിന്റെ വാഗ്ദാനം അനുസരിച്ച് ഖിലാഫത്ത് നിലനിൽക്കുകയും, 5-ാം ഖലീഫയും അമീറുൽ മുഅ്മിനീനുമായി ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു തആലാ)നെ അല്ലാഹു മുഅ്മിനീങ്ങൾക്ക് പ്രദാനം ചെയ്യുകയും ചെയ്തു. എന്ന് മാത്രമല്ല, മുബാഹല നടക്കുമ്പോൾ ലോകത്ത് 120 രാഷ്ട്രങ്ങളിലായിരുന്നു ജമാഅത്ത് സ്ഥാപിതമായിരുന്നത്. എന്നാൽ 2009-ൽ പ്രബോധനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ 'നാശപതന'ത്തെക്കുറിച്ച് പി.പി. അബ്ദുറഹ്മാനും സംഘവും നുണമെനയുമ്പോൾ 195 രാജ്യങ്ങളിൽ അൽജമാഅത്താകുന്ന അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു എന്ന യാഥാർത്ഥ്യം മുബാഹലയിലൂടെ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ വിജയദൃഷ്ടാന്തമാണ്. ജനാബ് സിദ്ദീഖ് ഹസൻ സാഹിബിന് കത്തെഴുതിയതിനുശേഷം 75 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു.! മുബാഹലയുടെ ദൃഷ്ടാന്തങ്ങളായി പരിണമിച്ച ഇത്തരം വിവരങ്ങൾ പിന്നീട് എഴുതുന്നതായിരിക്കും. ഇൻശാഅല്ലാഹ്

അങ്ങനെ, ജനാബ് സിദ്ദീഖ് ഹസ്സൻ സാഹിബിന് ഞാൻ 1990-ൽ അയച്ച പ്രസ്തുത കത്തിന്, അദ്ദേഹം ഏകദേശം ഒരു മാസത്തിന് ശേഷം എനിക്ക് മറുപടി അയച്ചു. ജമാഅത്തെ ഇസ്ലാമിയുടെ ലെറ്റർപേഡിൽ അയച്ച പ്രസ്തുത കത്തിന്റെ പൂർണ്ണ രൂപം താഴെ കൊടുക്കുന്നു.

**ബിസ്മില്ലാഹി റഹ്മാനി റഹീം**

Jamaat -e-Islami Hind
Kerala Circle
P.B. No. 199, M.P. Road, Calicut -1.

പ്രിയപ്പെട്ട സഹോദരൻ സലീം സാഹിബ് അവർകൾക്ക് സ്നേഹാദരപൂർവ്വം സിദ്ദീഖ് ഹസൻ.

താങ്കൾ അയച്ച കത്ത് കിട്ടിയിട്ട് ഒരു മാസത്തോളമായി. പുതുതായി ജോലിയേറ്റതുമായി ബന്ധപ്പെട്ട തിരക്കുകൾക്ക് പുറമെ എന്റെ വളരെ അടുത്ത രണ്ടു ബന്ധുക്കളുടെ മരണം കാരണമായി യാത്രയിലും നാട്ടിലുമായി കുറെ ദിവസം ചിലവഴിക്കേണ്ടി വന്നു. സമയം വൈകിയതിൽ ക്ഷമ ചോദിക്കുന്നു.

താങ്കളുടെ കത്ത് ഞാൻ പലവുരു വായിച്ചു. കത്തിലെ വരികളിൽ തുടിച്ചുനിൽക്കുന്ന ആത്മാർത്ഥതയും സ്നേഹവും എന്നെ വല്ലാതെ വീർപ്പുമുട്ടിക്കുന്നു. താങ്കളുമായി നേരിൽ സംസാരിക്കേണ്ടതുണ്ട് എന്ന് എനിക്ക് തോന്നുന്നു. ഞാൻ കൊടുങ്ങല്ലൂരിൽ വരുന്ന ഒരു ദിവസം മുൻകൂട്ടി അറിയിച്ച് താങ്കളുമായി കാണാം. താങ്കളുടെ സ്നേഹോഷ്മളമായ വാക്കുകൾക്കും ഗുണകാംക്ഷക്കും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സസ്നേഹം

താങ്കളുടെ സിദ്ദീഖ് ഹസൻ. കെ.എ. (ഒപ്പ്)

പ്രസ്തുത കത്ത് എനിക്ക് കിട്ടിയതിന്ശേഷം, ജനാബ് സിദ്ധീക്ക് ഹസൻ സാഹിബ് പലപ്രാവശ്യവും കൊടുങ്ങല്ലൂരിൽ വന്നിരുന്നു. കത്തിൽ പറഞ്ഞപ്രകാരം ഞാൻ കാത്തിരുന്നു. എന്നാൽ അത് പ്രകാരമുള്ള കൂടിക്കാഴ്ചയോ, കത്തിനുള്ള മറുപടിയോ ലഭ്യമായില്ല. വർഷങ്ങൾ പിന്നിട്ടു ഈ വിനീതൻ ഖാദിയാനിലേക്ക് പോയി, മുഅല്ലിമായി ആന്ധ്രാപ്രദേശിൽ സേവനം ചെയ്തുകൊണ്ടിരിക്കുമ്പോൾ, വീണ്ടും ഞാൻ അദ്ദേഹത്തിന് വിശദമായ ഒരു കത്തെഴുതി. (തുടരും)

■

***(16-ൽ നിന്ന് തുടർച്ച)***

അമേരിക്കയിലെയുമെല്ലാം ജനങ്ങളുടെ ജീവിതം നരകതുല്യമായിത്തീർന്നിരിക്കുന്നു. ഒരു വശത്ത് കലാപകാരികളുടെ ഭാഗത്ത് നിന്നുള്ള അക്രമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുമ്പോൾ, മറുവശത്ത് ഭരണകൂടത്തിന്റെ ഭീകരവേട്ടയുടെ ഇരയായിത്തീരുന്നതും നിരപരാധികളായ സാധാരണജനങ്ങളാണ്. ലക്ഷക്കണക്കിൽ സിവിലിയന്മാർ കൊല്ലപ്പെടുകയും, അതിലുമെ

***(ശേഷം 39-ൽ)***

ലേഖനം

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

# മാപ്പിന്റെ മഹാസാഗരം

**കൊടുംക്രൂരതകൾ നിർവ്വഹിച്ച കുറ്റവാളികൾക്കും തന്റെ പ്രിയപുത്രിയെ മരണത്തിലേക്ക് തള്ളിവിട്ട അക്രമിക്കും മാപ്പരുളിയ കനിവിന്റെ മഹാസാഗരമായിരുന്നു റസൂൽ തിരുമേനി(സ).**

നിർബന്ധമായും വധിക്കപ്പെടണമെന്ന് വിധിക്കപ്പെട്ട കുറ്റവാളികളിൽ ഒരാളായിരുന്നു **ഹബ്ബാർ ബിൻ അസ്വദ്**. നബി(സ)യുടെ മകളായ **ഹദ്റത്ത് സയ്നബ്** മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്ന അവസരത്തിൽ ഹബ്ബാർ; സൈനബ്നു നേരെ വധശ്രമം നടത്തി. ഒട്ടകത്തിൽനിന്ന് അവർ ഒരു പാറയിൽ വീണു. അക്കാരണത്താൽ അവരുടെ ഗർഭം അലസിപ്പോയി. ഗുരുതരമായേറ്റ ആ പരിക്കിൽതന്നെയാണ് അവർ മരിച്ചതും. ഈ കുറ്റത്തിനാണ് **ഹബ്ബാറി**നെ വധിക്കാൻ നബി(സ) തിരുമേനി ഉത്തരവിട്ടത്. മക്കാവിജയത്തിന്റെ വേളയിൽ ഇയാൾ എവിടേയ്ക്കോ ഓടിപ്പോയി. പിന്നീട് നബി(സ) മദീനയിൽ തിരിച്ചെത്തിയപ്പോൾ **ഹബ്ബാർ**, ആ പുണ്യാത്മാവിന്റെ സന്നിധിയിൽ ഹാജരായി മാപ്പിന്നപേക്ഷിച്ചുകൊണ്ടു പറഞ്ഞു: ***'അങ്ങയോടുള്ള ഭയം കൊണ്ടാണ് ഞാൻ ആദ്യം ഓടിപ്പോയത്. പിന്നീട് അങ്ങയുടെ മാപ്പിന്റേയും കരുണയുടേയും വിചാരമാണ് എന്നെ അങ്ങയുടെ അടുക്കൽ തിരിച്ചുകൊണ്ടു വന്നിരിക്കുന്നത്. അല്ലാഹുവിന്റെ നബിയെ, ഞങ്ങൾ അജ്ഞതയിലും അന്യാരാധനയിലും അകപ്പെട്ടിരിക്കുകയായിരുന്നു. അങ്ങ് മുഖേന അല്ലാഹു ഞങ്ങൾക്ക് സന്മാർഗ്ഗം നല്കുകയും നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ അജ്ഞാനകാലത്തെ ചെയ്തികൾ അങ്ങ് മാപ്പാക്കിത്തന്നാലും. നിസ്സംശയം! ഞാൻ എന്റെ കുറ്റങ്ങളും അതിക്രമങ്ങളും അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.***"

മാപ്പിന്റേയും ഉദാരതയുടേയും ആ ആൾരൂപം തന്റെ മകളുടെ ഘാതകനും പൊറുത്തുകൊടുത്തു. അയാളോടു പറഞ്ഞു, ***'ഹബ്ബാറേ, താങ്കൾ പോയ്ക്കൊള്ളുക! ഞാൻ താങ്കൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു താങ്കൾക്ക് ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യം നല്കിയെന്നത് അവന്റെ ഔദാര്യമാണ്.'*** പിന്നീട് ലോകത്തിന്റെ കാരുണ്യമായ നബി(സ) തിരുമേനി, ഹബ്ബാറിനെ ഇങ്ങനെ സമാധാനപ്പെടുത്തി: '*ഇസ്ലാം സ്വീകരിക്കുക എന്നത് മുൻകഴിഞ്ഞ പാപങ്ങളുടെ ദൂരീകരണമാണ്.*

## അബൂജഹ്ലിന്റെ മകൻ ഇക്രിമ

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളിൽ, ഇസ്ലാമിന്റെ കൊടുംശത്രുവായ അബൂജഹ്ലിന്റെ മകനും, മക്കയിലെ ബഹുദൈവാരാധകരുടെ നേതാവുമായ ഇക്രിമയുമുണ്ടായിരുന്നു. അയാൾ തന്റെ ജീവിതം മുഴുവൻ ഇസ്ലാമിനോടുള്ള എതിർപ്പിലും ശത്രുതയിലും കഴിച്ചുകൂട്ടി. മുസ്ലിംകളേയും ഇസ്ലാംമത സ്ഥാപകരേയും നാട്ടിൽനിന്ന് പുറത്താക്കി. മദീനയിലും സമാധാനത്തോടെ ജീവിക്കാൻ അവരെ അനുവദിച്ചില്ല. അവരുടെമേൽ യുദ്ധം അടിച്ചേൽപ്പിച്ചു. അവർക്കെതിരിൽ സൈന്യത്തെ അണിനിരത്തി. **ഹുദയ്ബിയ്യ** എന്ന സ്ഥലത്തുവെച്ച് ഉംറ ചെയ്യാൻ വന്ന മുസ്ലിംകളെ അവർ തടഞ്ഞു. ആ സന്ദർഭത്തിൽ ചെയ്ത ഉടമ്പടി ലംഘിക്കുന്നതിലും ചവിട്ടിമെതിക്കുന്നതിലും വ്യക്തമായ പങ്കാണ് ഇക്രിമ വഹിച്ചത്. ഇതിനേക്കാളൊക്കെ ഉപരിയായി മക്കാവിജയത്തിന്റെ ഘട്ടത്തിൽ, സമാധാനം നല്കപ്പെടുമെന്ന വിളംബരമുണ്ടായിട്ടും ആയുധം വെക്കാൻ അയാൾ

തയ്യാറായില്ല. എന്നു മാത്രമല്ല തന്റെ കൂട്ടുകാരോടൊപ്പം **ഖാലിദ് ബിൻ വലീദി**ന്റെ സൈന്യത്തിനുമേൽ ആക്രമണം നടത്തി ഹറമിൽ- കഅ്ബ മന്ദിരത്തിന്റെ പരിസരത്ത് രക്തമൊഴുക്കുന്നതിന് അയാൾ കാരണക്കാരനായി. താൻ ചെയ്ത കഠിനമായ കുറ്റകൃത്യത്തിന് മാപ്പ് കിട്ടില്ല എന്നു കണ്ട്, മക്കാ വിജയത്തിനുശേഷം ഇക്‌രിമ **യമനി**ലേക്ക് ഓടിപ്പോയി. അയാളുടെ ഭാര്യ **ഉമ്മു ഹക്കീം** മുസ്‌ലിമയായി കഴിഞ്ഞിരുന്നു. അവർ നബി(സ) തിരുമേനിയോട് തന്റെ ഭർത്താവിനുവേണ്ടി മാപ്പിനും അഭയത്തിനും അപേക്ഷിച്ചു. അല്ലാഹുവിന് സ്തുതി. നബി (സ) തിരുമേനി ആ വർഗ്ഗശത്രുവിനും മാപ്പ് നല്കി.

അയാളുടെ ഭാര്യ അയാളെ അന്വേഷിച്ച് പിന്നാലെ പോയി. അയാളെ കണ്ടു. അവർ പറഞ്ഞു: ***'അങ്ങേയറ്റം ദയ കാണിക്കുന്ന മഹാനായ ഒരു മനുഷ്യന്റെ അടുത്തുനിന്നാണ് ഞാൻ വരുന്നത്. താങ്കൾ താങ്കളെ തന്നെ നശിപ്പിക്കരുത്. ഞാൻ താങ്കൾക്കുവേണ്ടി അഭയത്തിന്റെ വാഗ്ദാനപത്രവുമായിട്ടാണ് വന്നിട്ടുള്ളത്.'***

താൻ ചെയ്ത കുറ്റകൃത്യങ്ങളെക്കുറിച്ചോർത്തപ്പോൾ മാപ്പ് കിട്ടി എന്ന കാര്യം വിശ്വസിക്കാനയാൾക്കായില്ല. എങ്കിലും തന്റെ ഭാര്യയെ വിശ്വസിച്ചുകൊണ്ട് അയാൾ തിരിച്ചുപോയി. നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ കടന്നപ്പോൾ ആ മഹാത്മാവ് അദ്ദേഹത്തിനും മാപ്പു കൊടുത്തു. (*അൽഹൽബിയ*)

## ഇക്‌രിമയോടുള്ള സൽപെരുമാറ്റം

ഇക്‌രിമക്ക് മാപ്പുകൊടുത്തു എന്ന് മാത്രമല്ല തികഞ്ഞ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് പെരുമാറുകയും ചെയ്തു. തന്റെ ഈ വർഗ്ഗശത്രുവിന് സ്വാഗതം പറഞ്ഞു. ശത്രുജനതയുടെ ഈ നേതാവിനെ ആദരിക്കുന്നതിനു വേണ്ടി എഴുന്നേറ്റു നില്ക്കുകയും ചെയ്തു. (*മുഅത്ത*)

അഭയം നല്കുന്നതിനു പുറമേ, ഔദാര്യം പ്രകടിപ്പിക്കുന്നു എന്ന നിലയിൽ തന്റെ പുതപ്പ് ഇക്‌രിമക്ക് നൽകി. പിന്നീട് ഹൃദ്യമായ പുഞ്ചിരിയോടെ അയാളിലേക്കടുത്തു. ഇക്‌രിമ പറഞ്ഞു: ***'എന്റെ ഭാര്യ പറയുന്നു, താങ്കൾ എനിക്ക് മാപ്പ് തന്നിരിക്കുന്നുവെന്ന്!' നബി (സ) പറഞ്ഞു: 'അവർ പറയുന്നത് ശരി തന്നെയാണ്.'*** ഇക്‌രിമയുടെ നെഞ്ചകം തുറന്നു. അനിയന്ത്രിതമായി അയാൾ പറഞ്ഞുപോയി: ***'മുഹമ്മദേ! അങ്ങ് തീർച്ചയായും നല്ല രീതിയിൽ പെരുമാറുന്നയാളാണ്. സഹനശീലനാണ്. അങ്ങേയറ്റം ഉദാരശീലനുമാണ്. അല്ലാഹുവിനു പുറമെ ഒരു ആരാധ്യനുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.'***

അപ്പോഴുണ്ടായ നമ്മുടെ യജമാനന്റെ സന്തോഷം കാണേണ്ടതു തന്നെയായിരുന്നു. ബഹുദൈവ വിശ്വാസികളുടെ സൈന്യത്തലവൻ മുസ്‌ലിമാവുകയാണ്. ഇന്ന് അല്ലാഹുവിന്റെ ദൂതന്റെ സന്തോഷത്തിന് ഒരതിരുമില്ല. ആ മഹാത്മാവിന്റെ സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നു. ആ പുണ്യാത്മാവ് ഒരു സ്വപ്നത്തിൽ അബൂജഹ്ലിന്റെ കൈയിൽ സ്വർഗ്ഗീയപഴമായ മുന്തിരിക്കുലയിരിക്കുന്നതു കണ്ടിരുന്നു. ഇന്ന് അബൂജഹ്ലിന്റെ മകൻ ഇക്‌രിമ ഇസ്‌ലാം സ്വീകരിക്കുന്നതോടെ അതിന്റെ വ്യാഖ്യാനം പുലരുന്നു. അല്ലാഹുവിന്റെ ദൂതൻ സന്തോഷത്താൽ പുഞ്ചിരിക്കുകയായിരുന്നു. സ്വഹാബത്ത് ആരാഞ്ഞപ്പോൾ പറഞ്ഞു: ***'ഞാൻ അല്ലാഹുവിന്റെ തേജോവിലാസത്തിലും ശക്തിപ്രഭാവത്തിലും അത്ഭുതപ്പെട്ട് സന്തോഷംകൊണ്ട് ചിരിക്കുകയാണ്. ഏതൊരു മുസ്‌ലിം സ്വഹാബിയെയാണോ ബദ്റിൽ വെച്ച് ഇക്‌രിമ ശഹീദാക്കിയത്, ശഹീദായ ആ സ്വഹാബിയും ഇക്‌രിമയും ഇരുവരും സ്വർഗ്ഗത്തിൽ ഒരേ പദവിയിലായിരിക്കും.'*** പിന്നീട് നടന്ന ***യർമൂക്ക്*** യുദ്ധത്തിൽ ഇക്‌രിമ വീരമൃത്യു വരിച്ചപ്പോൾ ഇക്കാര്യം കൂടുതൽ സ്പഷ്ടമായി.

ഇക്‌രിമ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) സന്തോഷിച്ചുകൊണ്ടു പറഞ്ഞു: ***'ഇക്‌രിമേ, ഇന്ന് നിനക്ക് എന്താണ് ആവശ്യമെന്നുവെച്ചാൽ എന്നോട് ചോദിച്ചുകൊള്ളുക. എന്റെ കഴിവും ശേഷിയുമനുസരിച്ച് താങ്കൾക്ക് അത് തരാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു.'*** മക്കയിലെ നേതാവിന്റെ മകന് അറേബ്യയിലെ ആ രാജാവിനോട് എന്തുവേണമെങ്കിലും ചോദിക്കാവുന്ന ഒരു നല്ല സന്ദർഭമായിരുന്നു അത്. എന്നാൽ തനി ഭൗതികനായിരുന്ന ഇക്‌രിമ ഇപ്പോൾ തികച്ചും മാറിപ്പോയിരുന്നു. അദ്ദേഹം ദൈവത്തിന്റെ ഏകത്വവും, മുഹമ്മദിന്റെ പ്രവാചകത്വവും സത്യഹൃദയത്തോടെ ഏറ്റുപറഞ്ഞു. അല്ലാഹുവിന്റെ ദൂതന്റെ ഉൽക്കൃഷ്ടമായ സ്വഭാവത്തിൽ ആകൃഷ്ടനായി. അദ്ദേഹത്തിൽ ഒരു വിപ്ലവം വ്യക്തമായിക്കഴിഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു: ***'ദൈവദൂതരേ, അങ്ങയുടെ രക്ഷകനോട് എന്റെ പാപം പൊറുക്കുന്നതിനായി പ്രാർത്ഥിച്ചാലും; ഇന്നുവരെ ഞാൻ അങ്ങയോട് വെച്ചുപുലർത്തിയ ശത്രുത എനിക്ക് മാപ്പാക്കി കിട്ടുന്നതിനുവേണ്ടി.'***

***(ശേഷം 27-ൽ)***

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 16**

ഏ.ക്യു മഹ്ദി

# കുരിശുയുദ്ധങ്ങൾ

**മദ്ധ്യനൂറ്റാണ്ടുകളിൽ കുരിശുയുദ്ധത്തിലേർപ്പെട്ട അധഃസ്ഥിതരായ ക്രിസ്തീയ രാജ്യങ്ങൾ ജ്ഞാനപ്രബുദ്ധമായ മുസ്ലിം രാജ്യങ്ങളുമായി സമ്പർക്കത്തിൽ വരുകയും പിന്നീട് അത് യൂറോപ്യൻ നവോത്ഥാനത്തിന് കാരണമാവുകയും ചെയ്തു.**

മുസ്ലിംകളുടെ കൈകളിൽ നിന്നും ജറുസലേം മോചിപ്പിക്കാൻ പോപ്പ് അർബന്റെ നേതൃത്വത്തിൽ ക്രിസ്ത്യാനികൾ തുടക്കം കുറിച്ച സംഘട്ടനങ്ങളാണ് കുരിശു യുദ്ധങ്ങൾ. 1095ൽ ആരംഭിച്ച യുദ്ധം മൂന്നര നൂറ്റാണ്ടുകളോളം തുടർന്നു.

മദ്ധ്യ നൂറ്റാണ്ടുകളിൽ അപരിഷ്കൃതരായ ക്രിസ്തീയ രാജ്യങ്ങൾ ജ്ഞാനപ്രബുദ്ധമായ മുസ്ലിം രാജ്യങ്ങളുമായി ബന്ധപ്പെടാനിട വന്നത് കുരിശു യുദ്ധങ്ങൾ മൂലമായിരുന്നു. യൂറോപ്പിൽ ആദ്യമായി നവേത്ഥാനത്തിന്റെ ചലനങ്ങൾക്ക് കുരിശുയുദ്ധ സമ്പർക്കങ്ങൾ കാരണമായി. അതിദീർഘമായ യുദ്ധം നിമിത്തം മുസ്ലിം ശക്തി ദുർബലമാവുകയും ബാഗ്ദാദ് കേന്ദ്രമായ അബാസിയ്യ ഖിലാഫത്തിനെ മംഗോൾ ആക്രമണം തകർക്കുകയും ചെയ്തു.

മുസ്ലിം ലോകത്തിന്റെ തകർച്ചയാണ് യൂറോപ്പ് ഉണരാൻ അന്നു സാഹചര്യമൊരുക്കിയത്. മുസ്ലിം സ്പെയിൻ യൂറോപ്പിന്റെ വൈജ്ഞാനിക ലോകത്തെ ഉണർത്തുകയും ഉയർന്ന തോതിൽ സ്വാധീനിക്കയും ചെയ്തു. കുരിശു യുദ്ധക്കാലത്തുണ്ടായ മുസ്ലിം സമ്പർക്കം യൂറോപ്പിന്റെ ധൈഷണിക മേഖലയാകെ മാറ്റി മറിച്ചു. സ്പെയ്നിനെ അനുകരിച്ച് യൂറോപ്പിലും വിദ്യാപീഠങ്ങളും ശാസ്ത്ര ചിന്തകളും പൊതു ചർച്ചകളും അരങ്ങേറി. കൂട്ടുടമക്കമ്പനികൾ, കൈമാറ്റ പത്രങ്ങൾ, ശാസ്ത്രോപകരണങ്ങൾ, നാവികയാത്രകൾ, നക്ഷത്രചാർട്ടുകൾ, ഭൂപടനിർമ്മിതി, ഗണിതശാസ്ത്രം മുതലായ സാമൂഹികവും ധൈഷണികവുമായ ചലനങ്ങളിലൂടെ യൂറോപ്പ് പതുക്കെ ഉയരങ്ങളിലേയ്ക്കുള്ള തങ്ങളുടെ പ്രയാണം തുടങ്ങുകയായിരുന്നു.

അതോടെ മുസ്ലിം ലോകം അധഃപതനത്തിന്റെ ആരംഭം കുറിക്കാൻ തുടങ്ങി. മുസ്ലിംകളുടെ പ്രതാപമുഗ്ദമായ മൂന്നു നൂറ്റാണ്ടുകൾക്കു ശേഷം ശിഥിലീകരണം ആരംഭിക്കുമെന്നും തുടർന്ന് ആയിരം വർഷം കൊണ്ട് ജീർണ്ണത പൂർണ്ണമാക്കുമെന്നും ഖുർആൻ വചനങ്ങൾ സൂചിപ്പിക്കുന്നു. ഹിജ്റ 1300 പിന്നിട്ടപ്പോൾ ക്രിസ്തുവർഷം 1800-ൽ മുസ്ലിംകൾ ആത്മീയമായും രാഷ്ട്രീയമായും അതിദാരുണമായ പതിതാവസ്ഥയിൽ എത്തിച്ചേർന്നു.

ഖുർആൻ ഇതെപ്പറ്റി പറയുന്നത് ഇപ്രകാരം, 'അവൻ ആകാശത്തു നിന്ന് ഭൂമിയിലേയ്ക്ക് കൽപ്പനകൾ അയയ്ക്കുന്നു. പിന്നീടത് ഒരു നിശ്ചിത കാലയളവിൽ അവന്റെയടുക്കലേയ്ക്ക് ഉയർന്നു പോവുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുന്നതനുസരിച്ച് അതിന്റെ ദൈർഘ്യം ആയിരം കൊല്ലമാണ്.'

ഇതുമായി സുവ്യക്തമായി ബന്ധപ്പെട്ട ഒരു നബിവചനം കൂടി നമുക്കു ശ്രദ്ധിക്കാം.

'ഞാൻ ജീവിച്ചിരിക്കുന്ന നൂറ്റാണ്ട് ഏറ്റവും ഉത്തമം. തുടർന്ന് അതിനടുത്തത് വീണ്ടും അതിനു ശേഷമുള്ള നൂറ്റാണ്ട്. പിന്നീട്, സമ്പത്തും ഗർവ്വുമുള്ള ജനങ്ങളാൽ കള്ളം പരക്കുകയും അവരുടെ സമ്പത്തിന്റെ ആധിക്യം കൊണ്ട് അവർ വളർന്നു വലുതാവുകയും ചെയ്യും'

അങ്ങിനെയാണ് ക്രൈസ്തവ യൂറോപ്പിന്റെ നവോത്ഥാനം ഉണ്ടാകുന്നത്.

ഇസ്ലാം അവതരികുമ്പോഴും അതിനുശേഷമുള്ള മദ്ധ്യ നൂറ്റാണ്ടുകളിലും ഉറങ്ങിക്കിടന്നിരുന്ന ക്രൈസ്തവ യൂറോപ്പ് കിഴക്കും പടിഞ്ഞാറും വ്യാപിക്കുമെന്നും, ഒരു ശ്വാനനെ പോലെ മുസ്ലിം ലോകത്തിനു മീതെ അതു ചാടി വീഴുമെന്നും സൂചിപ്പിക്കുന്ന ഒരു വചനവും ഖുർആനിലുണ്ട്. അതിതാണ്.

'അവർ - ക്രൈസ്തവജനത - ഉണർന്നിരിക്കുകയാണെന്നു നിനക്കു തോന്നും. വാസ്തവത്തിൽ അവർ ഉറങ്ങിക്കിടക്കുകയാണ്. നാം അവരെ ഇടത്തോട്ടും വലത്തോട്ടും വ്യാപിപ്പിക്കുന്നതാണ്. അവരുടെ

നായ അതിരുകളിൽ രണ്ടു കൈയ്യും നീട്ടി ഇരിക്കുന്നു. നീ അവരെ കണ്ടു പോയെങ്കിൽ അവരിൽ നിന്ന് നീ തിരിഞ്ഞോടിപ്പോവുകയും അവരെ സ്സംബന്ധിച്ച് നീ ഭയവിഹ്വലനാവുകയും ചെയ്യുമായിരുന്നു.

സ്പെയിനിൽ നിന്നും ക്രിസ്ത്യാനികൾ നിഷ്കാസിതരാക്കിയ യൂറോപ്യൻ മുസ്‌ലിംകൾ ഉപയോഗിച്ച നാവിക ഉപകരണങ്ങളും നക്ഷത്രച്ചാർട്ടുകളും ഉപയോഗിച്ച് പുതിയ ലോകം വെട്ടിപ്പിടിക്കാനുള്ള പര്യവേഷണയാത്രകൾ ആരംഭിക്കപ്പെട്ടു. 1493-ൽ പോപ്പ് അലക്സാണ്ടർ ആറാമൻ സ്പെയിനിനും പോർച്ചുഗലിനും മദ്ധ്യേ ഉത്തരദക്ഷിണധ്രുവങ്ങളെ ബന്ധിപ്പിച്ച് ഒരു സാങ്കൽപ്പിക രേഖ വരയ്ക്കുകയും ഭൂഗോളത്തിന്റെ കിഴക്കും പടിഞ്ഞാറും ഈ രണ്ടു രാജ്യങ്ങൾക്കുമായി വീതം വയ്ക്കുകയും ചെയ്തു. പോപ്പിന്റെ അനുഗ്രഹത്തോടെ ക്രിസ്റ്റഫർ കൊളംബസ്സ് പടിഞ്ഞാറേയ്ക്കും, വാസ്ഗോഡഗാമ കിഴക്കോട്ടേയ്ക്കും കപ്പൽയാത്ര ചെയ്തു. അതോടെ യൂറോപ്യൻ കൊളോണിയലിസത്തിന്റെ ആരംഭമായി. കോളനിവത്കരണ പ്രക്രിയ ഉത്ഘാടനം ചെയ്യപ്പെട്ടതും അങ്ങനെയായിരുന്നു. ■

*(19-ൽ നിന്ന് തുടർച്ച)*

തൽ സ്വലാത്ത് ചൊല്ലുക. കാരണം നിങ്ങളുടെ സ്വലാത്തുകൾ ഈ ദിനത്തിൽ എന്റെ മുമ്പിൽ കൊണ്ടുവരപ്പെടുന്നതാണ്.

ഹദ്റത്ത് അബൂലുബാബ ബ്നു മുൻദറിൽ നിന്നും നിവേദനം തിരുനബി(സ) ഇപ്രകാരം അരുളി.

"വെള്ളിയാഴ്ച ദിവസം ദിവസങ്ങളുടെ നേതാവാണ്. ആ ദിവസം അല്ലാഹുവിന്റെ പക്കൽ ഏറ്റവും മഹത്തരമാകുന്നു. ബലി പെരുന്നാൾ ദിവസത്തേക്കാളും ചെറിയ പെരുന്നാൾ ദിവസത്തേക്കാളും അല്ലാഹുവിന്റെ മുമ്പിൽ പ്രധാനപ്പെട്ട ദിനമാണ് അത്. ഈ ദിനത്തിന് അഞ്ച് പ്രത്യേകതകളാണുള്ളത്. 1. ആദമിനെ ഈ ദിനത്തിൽ അല്ലാഹു സൃഷ്ടിച്ചു. 2. ഈ ദിവസം ആദമിനെ അല്ലാഹു ഭൂമിയിൽ ഇറക്കി. 3. ഈ ദിവസമാണ് ആദം മരിച്ചത്. 4. ഹറാമല്ലാത്ത ഏതൊന്ന് ദാസൻ അല്ലാഹുവിനോട് ചോദിക്കുകയാണെങ്കിലും അല്ലാഹു നൽകുന്ന ഒരു പ്രത്യേക സമയം ഈ ദിനത്തിലുണ്ട്. 5. ഈ ദിവസമാണ് ഖിയാമത്ത് ഉണ്ടാകുക. മലക്കുകളും ആകാശവും ഭൂമിയും പർവ്വതങ്ങളും സമുദ്രവും എല്ലാം ആ ഖിയാമത്തിനെ തൊട്ടു ഭയക്കുന്നു."

ഈ ദിവസത്തിന്റെ പ്രാധാന്യം മുകളിലുള്ള ഹദീസുകളിൽ നിന്നും വ്യക്തമാണ്. തിരുനബി (സ) പറയുന്നു. ഈ ദിവസം എനിക്കായി കൂടുതൽ സ്വലാത്ത് ചൊല്ലുക എന്ന്. നിത്യവും സ്വലാത്ത് ചൊല്ലേണ്ടത് തന്നെയാണ്. എന്നാൽ ഓരോ വെള്ളിയാഴ്ചയും സ്വലാത്ത് ചൊല്ലുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദുആ സ്വീകരിക്കുന്നതിന് തിരുനബി (സ)യിൽ സ്വലാത്ത് അയക്കുന്നതുമായി പ്രത്യേകമായ ബന്ധമുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

*അല്ലാഹു അവന്റെ പ്രവാചകന്മാരിൽ അനുഗ്രഹങ്ങൾ വർഷിക്കുന്നു. മലക്കുകളും അനുഗ്രഹങ്ങൾ വർഷിക്കുന്നു. അല്ലയോ വിശ്വാസികളെ നിങ്ങളും ഈ പ്രവാചകനിൽ അനുഗ്രഹങ്ങളും ശാന്തിയും സമാധാനവും ലഭിക്കാനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.* (33:57)

ഈ ദിവസം ദുആ സ്വീകരിക്കപ്പെടുന്ന ഒരു പ്രത്യേക നിമിഷം ഉണ്ട് എന്ന് തിരുനബി (സ) അരുളിയിട്ടുണ്ട്. അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്ന ദുആ നാം ചൊല്ലുകയാണെങ്കിൽ (സ്വലാത്ത് അയക്കുന്നതിനുള്ള ദുആ) മറ്റു സമയങ്ങളിൽ നാം ചെയ്തിരിക്കുന്ന ദുആകൾ സ്വീകരിക്കപ്പെടുന്നതായിരിക്കും. അത് കൊണ്ട് ജുമുഅ ദിവസം കൂടുതലായി സ്വലാത്ത് ചൊല്ലുന്ന ശീലം നാം ഉണ്ടാക്കിയെടുക്കേണ്ടതാണ്. ■

വിവ: **എം. നാസിർ അഹ്മദ്**

**(25-ൽ നിന്ന് തുടർച്ച)**

നബി(സ) ഉടനെ പ്രാർത്ഥനയ്ക്കായി ദൈവസന്നിധിയിൽ കൈകളുയർത്തി. എന്നിട്ട് പറഞ്ഞു: '***അല്ലയോ രക്ഷകാ! എന്റെ രക്ഷകാ! ഇക്‌രിമയുടെ സകല ശത്രുതകളും കുറ്റങ്ങളും നീ മാപ്പാക്കേണമേ.***' നബി(സ) തിരുമേനിതന്നെയും സത്യഹൃദയത്തോടെ ഇക്‌രിമക്ക് മാപ്പുകൊടുത്തു. എങ്ങനെയെന്നാൽ, മുസ്‌ലിംകളോട് പറഞ്ഞു: '***ഇക്‌രിമയുടെ മുമ്പിൽവെച്ച് അദ്ദേഹത്തിന്റെ പിതാവായ അബൂജഹ്‌ലിനെക്കുറിച്ച് കുറ്റമൊന്നും നിങ്ങൾ പറയരുത്. അക്കാരണത്താൽ എന്റെ സ്നേഹിതനായ ഇക്‌രിമയുടെ മനസ്സ് വിഷമിക്കുന്നതാണ്. അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതാണ്.***' ശത്രുവിനോടുള്ള സൽപെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഇത് നബി(സ)യുടെ എത്ര ഉൽക്കൃഷ്ടമായ സ്വഭാവമാണ്. ഇതിനു തുല്യമായിട്ടൊന്ന് മറ്റെങ്ങും കാണുകയില്ല. ഇക്‌രിമ പറഞ്ഞു: '***അല്ലാഹുവിന്റെ ദൂതരേ, അങ്ങയോടുള്ള വിരോധത്തിൽ ഞാൻ എത്രമാത്രം ധനം ചെലവഴിച്ചിട്ടുണ്ടോ ഇനി അത്രയും ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാതിരിക്കാൻ എനിക്ക് കഴിയില്ല.***' (*ഇബ്നു അകഥീർ*). ■

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# ഖിലാഫത്തിന്റെ പുനരുജ്ജീവനം

**അഹ്മദിയ്യാ ഖിലാഫത്ത് ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന് വേണ്ടിയുള്ള ഒരു ദൈവികസംവിധാനമാണ്. ഖിലാഫത്തുർറാശിദ യുടെ പ്രതിഫലനമാണ് അഹ്മദിയ്യാ ഖിലാഫത്ത്.**

ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന്റെ അന്തിമവും നിർണ്ണായകവുമായ സംവിധാനമായിരുന്നു വാഗ്ദത്ത മസീഹ് (അ) മിന്റെ കയ്യാലുള്ള ഖിലാഫത്തിന്റെ പുനരുജ്ജീവനം. തന്റെ അനുയായികൾ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളോടും അതിന്റെ ആത്മാവിനോടും വിശ്വസ്തയോടെ നിലകൊള്ളണമെന്നുറപ്പുവരുത്തലായിരുന്നു വാഗ്ദത്ത മസീഹും ഇക്കാര്യത്തിലവലംബിച്ച രീതി. ഇസ്‌ലാമിനുവേണ്ടി ശരീരംകൊണ്ടും ആത്മാവ് കൊ ണ്ടും കഠിനാദ്ധ്വാനം ചെയ്യലും ആവശ്യമായ ത്യാഗം സഹിക്കലും ആവശ്യമായിരുന്നു. തന്റെ സഹചരർ തന്നോടൊപ്പം കഴിച്ചുകൂട്ടുന്നതിനാൽ ദൈവികാനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നുണ്ടെന്ന് വാഗ്ദത്ത മസീഹ് മനസ്സിലാക്കിയിരുന്നു. ഇസ്‌ലാമിനെക്കുറിച്ച് തന്റെ മാതൃക മുഖേന അവർ പഠിക്കുന്നുണ്ടായിരുന്നു. പക്ഷേ, വരുന്ന തലമുറയെ വഴുതിപ്പോകുന്നതിൽ നിന്നും സംരക്ഷിക്കേണ്ടതാണെന്ന് അദ്ദേഹം കണ്ടു അദ്ദേഹത്തിന്റെ ചരമവുമായും അതിനുശേഷവുമായും ബന്ധപ്പെട്ട പ്രവചനങ്ങളിൽ നിന്നും ജമാഅത്തിനുള്ള അദ്ധ്യാപനങ്ങളിൽ നിന്നും ഇക്കാര്യം കാണാൻ സാധിക്കും. സൂറ അന്നൂറിലെ ദൈവിക വാഗ്ദാനപ്രകാരം സാത്വികർക്ക് സുവിശേഷമുണ്ടെന്നും അവർ ഖിലാഫത്തിന്റെ പുനരുജ്ജീവനം കാണുമെന്നും അദ്ദേഹം പ്രവചിച്ചു. അവർ തങ്ങളുടെ വിശ്വാസത്തോട് സത്യസന്ധത പുലർത്തിയാൽ മനുഷ്യവംശത്തിന്റെ അവസാനം വരെ അത് നിലനില്ക്കുമെന്നുകൂടി അദ്ദേഹം പറഞ്ഞു.

തന്റെ ആഗമനം മുഖേന ദൈവം തന്റെ കാരുണ്യം ഈ യുഗത്തിലും പ്രകടിപ്പിച്ചിരിക്കയാണെന്നദ്ദേഹം പറഞ്ഞു. തന്റെ ചരമശേഷം ദൈവകാരുണ്യത്തിന്റെ രണ്ടാം ശക്തിപ്രകടനം ഉണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു. ആ മഹാത്മാവ് എഴുതി: 'എന്തെന്നാൽ ദൈവികശക്തിയുടെ രണ്ടാമത്തെ പ്രകടനവും നിങ്ങൾ ദർശിക്കേണ്ടതത്യാവശ്യമാണ്. അത് നിങ്ങൾക്ക് ഉത്തമമായിരിക്കും. എന്തെന്നാൽ അത് ശാശ്വതവും വിധിന്യായദിവസം വരെ തുടരുന്നതുമാണ്. ഞാൻ പോകാതിരുന്നാൽ രണ്ടാം ശക്തിപ്രകടനം നിങ്ങൾക്ക് കാണാൻ പറ്റില്ല. ഞാൻ പോയാൽ ദൈവം തന്റെ രണ്ടാം ശക്തിപ്രകടനം അയയ്ക്കും. അതാകട്ടെ, 'ബറാഹീനെ അഹ്മദിയ്യ'യിൽ ദൈവം ചെയ്ത വാഗ്ദാനപ്രകാരം നിങ്ങളുടെ കൂടെ എന്നും നിലനില്ക്കും.

ഖിലാഫത്തിന്റെ കീഴിലായിരിക്കും ഇസ്‌ലാമിന്റെ സാർവ്വലൗകിക വിജയം ഉണ്ടാവുക. അദ്ദേഹം പറഞ്ഞു:

ദൈവം എല്ലാ ജനങ്ങളേയും, അവർ ഏഷ്യയിലോ, യൂറോപ്പിലോ, വേറെ സ്ഥലങ്ങളിലോ താമസിക്കുന്നവരാവട്ടെ, സാത്വികരായ എല്ലാവരേയും ദൈവത്തിന്റെ ഏകത്വത്തിലേയ്ക്ക് ഒരുമിച്ച് കൂട്ടുവാൻ ആഗ്രഹിക്കുന്നു. അവന്റെ സൽപ്രകൃതക്കാരായ ദാസന്മാരെ ഒരേ വിശ്വാസത്തിൻ കീഴിലാക്കാൻ അവൻ ഉദ്ദേശിക്കുന്നു. ഞാൻ ലോകത്ത് അയക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ ഈ ഉദ്ദേശ്യം പൂർത്തീകരിക്കാനാണ്.

ഈ ലക്ഷ്യം നേടാൻ, ഖിലാഫത്ത് ഉണ്ടാവാൻ അർഹമായ ജീവിതം നയിക്കാൻ അദ്ദേഹം തന്റെ അനുയായികളെ ഉൽബോധിപ്പിച്ചു. ഇക്കാര്യം അദ്ദേഹം തന്റെ 'അൽ വസിയ്യത്തി'ൽ പറഞ്ഞിട്ടുണ്ട്. ഇത് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളിലാണ്. ലോകത്തിന്റെ മാലിന്യങ്ങളിൽ നിന്ന് വിമുക്തരാവാൻ ദൈവികസംരക്ഷണം തേടാൻ എപ്പോഴും ജാഗരൂകരായിരിക്കണം.

ശരീരത്തിന്റെ അധമാഗ്രഹങ്ങളെ എപ്പോഴും ഉപേക്ഷിച്ചുകൊണ്ട് ദൈവതൃപ്തി നേടാൻ മറ്റു വഴികളോട്

താരതമ്യപ്പെടുത്തുമ്പോൾ ഇടുങ്ങിയതും കുടുസ്സായതു മായ വഴിയാണിത്. ലൗകികസുഖങ്ങളുമായി സ്നേഹ ത്തിലാവരുത്. എന്തെന്നാൽ അവ നിങ്ങളെ ദൈവത്തിൽ നിന്നും അകറ്റിക്കളയും.

ഇതിനോടൊപ്പം തന്നെ തങ്ങളുടെ വിശ്വാസത്തി നുവേണ്ടി അസാധാരണമായ ധനത്യാഗവും സമയത്യാ ഗവും ചെയ്യാൻ അദ്ദേഹം ജമാഅത്തംഗങ്ങളെ പ്രേരി പ്പിച്ചു.

ഇത് ഖുർആനികാദ്ധ്യാപനങ്ങളോട് വളരെ യോജി ക്കുന്നതായിരുന്നു.

***"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ (പരിപൂർണ്ണ) നന്മ പ്രാപിക്കുകയില്ല*** (വി. ഖു. 3:93)

ഈ സാത്വികതയാണ് ഖിലാഫത്തിനെ നില നിർത്തുന്നത്. അതുതന്നെയാണ് സംഭവിച്ചതും.

വാഗ്ദത്ത മസീഹ് (അ) തുടങ്ങി വെച്ച ഇസ് ലാമിന്റെ പുനരുജ്ജീവനം സഹാബാക്കൾ ചെയ്തതു പോലെ വാഗ്ദത്ത മസീഹി(അ)ന്റെ ചരമശേഷം അദ്ദേ ഹത്തിന്റെ ജമാഅത്ത് അംഗങ്ങൾ ഒരുമിച്ചുചേരുകയും ദൈവിക സംരക്ഷണവും അനുഗ്രഹങ്ങളും തേടി ക്കൊണ്ട് ഒരു ഖലീഫയെ തിരഞ്ഞെടുക്കുകയും ചെയ്തു. ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹി ബി(റ)ന്റെ തിരഞ്ഞെടുപ്പ് (അവസാനകാലത്ത് പ്രത്യക്ഷ പ്പെടുന്ന മസീഹും പ്രവാചകനുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)ക്ക് ബൈഅത്തു ചെയ്ത ആദ്യ വ്യക്തിയും അദ്ദേഹം തന്നെയായിരു ന്നു). മുസ്ലിംകൾക്ക് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്തിന്റെ അന്തിമകാൽവെപ്പായിരുന്നു. പ്രവാച കത്വത്തിനും ഖിലാഫത്തിനുമിടയിലുള്ള ബന്ധം വീണ്ടെ ടുക്കപ്പെട്ടിരിക്കുന്നു. ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടി രിക്കുന്നതിനാൽ, ജമാഅത്ത് സാത്വികതയും ദൈവത്തി ലുള്ള വിശ്വാസവും നിലനിർത്തുന്നേടത്തോളം അത് തുടരുകയും അഭിവൃദ്ധിപ്പെടുകയും പുരോഗതി പ്രാപി ക്കുകയും ചെയ്യും.

## ഖിലാഫത്തെ അഹ്മദിയ്യാ ഖിലാഫത്തെ റാശിദയുടെ മറ്റൊരു കാലഘട്ടം.

ഖിലാഫത്തെ റാശിദയുടെ വിജയവും അനുഭാ വവും വളരെയധികം പ്രതിഫലിക്കുന്ന വിധത്തിൽ ഈ ഖിലാഫത്തും ദൈവികസഹായവും സംരക്ഷണവും മുഖേന അനുഗ്രഹിക്കപ്പെട്ടു. മുഴുവൻ സമുദായ ത്തേയും സൽപന്ഥാവിലേക്ക് നയിക്കാനുള്ള ആശ യുടെ വിളക്കുമരമായിരുന്നു അത്. എല്ലാ ദുരിതങ്ങ ളേയും നേരിട്ടുകൊണ്ട് അതിനു കിട്ടിയ വിജയവും പുരോഗതിയും ദൈവികസഹായത്തിന്റെ പ്രതിഫലന മാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ തന്നെ ഖലീഫമാർക്ക് അല്ലാഹു വാഗ്ദാനം നൽകിയ വിജയം നിശ്ചയമായും കാണാൻ കഴിയും. അഹ്മദിയ്യാ ജമാഅത്ത് അസാധാരണ നില യിൽ വളർച്ച പ്രാപിച്ചിട്ടുണ്ട്. ഇസ്ലാമിന്റെ ഉദയം മുതൽ നോക്കിയാൽ ഇതിന് തുല്യതയില്ല. ഇസ്ലാമിനുവേണ്ടി ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും ജമാഅത്ത് മിഷ്യനുകൾ സ്ഥാപിച്ചിട്ടുണ്ട്. കഠിനമായ പീഡനങ്ങ ളുണ്ടായിട്ടും അല്ലാഹുവിന്റെ വാഗ്ദാനപൂർത്തീക രണത്തിൽ അവർ ഉറച്ചുനിന്നു. അവന്റെ ഖലീഫമാർക്ക് വിജയത്തിനുമേൽ വിജയം നൽകിയിട്ടുണ്ട്. ഐക്യത്തി നുവേണ്ടിയുള്ള വഴി മനുഷ്യകുലത്തെ ഏകീകരിക്കൽ അഭിവൃദ്ധിപ്പെടുകയും അഹ്മദിയ്യാ ഖിലാഫത്തിന്റെ കൈകൾ കൊണ്ട് നേടുകയും ചെയ്തിട്ടുണ്ട്. മുഴുലോ കത്തിലും സമാധാനം സ്ഥാപിക്കുന്നതിനും ദൈവ ത്തിന്റെ ഏകത്വത്തിന്റെ പതാക ഉയർത്തുന്നതിന്നും ഖലീഫമാർ നേതൃത്വം നൽകി.

ഹദ്റത്ത് മൗലവി നൂറുദ്ദീന്റെ സാഹിബിന്റെ (റ) അപകടം നിറഞ്ഞ കാലത്ത് ഐക്യം നിലനിർത്തുക യുണ്ടായി. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ് മദി (റ) കാലത്ത് വിപുലീകരണത്തിന്റെ അടിത്തറയിട പ്പെട്ടു. ഹദ്റത്ത് മിർസാ നാസിർ അഹ്മദിന്റെ (റ) കാലത്ത് അദ്ദേഹത്തിന്റെ വിദഗ്ദോപദേശം ജമാഅ ത്തിന് മാർഗ്ഗദർശനം നല്കുകയും അതിനെ സംരക്ഷി ക്കുകയും ചെയ്തു. മാനവരാശിക്കുള്ള ആഗോളസേ വനം ആധികാരികമായ നിലയിൽ നടന്നു. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)ന്റെ ഖിലാഫത്ത് കാലത്ത് ഫലവത്തായ വിപുലീകരണവും സ്വാധീനവും നേടി. ഇപ്പോൾ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ (അയ്യ ദഹു) നേതൃത്വത്തിൽ കീഴിൽ ആഗോളാടിസ്ഥാനത്തി ലുള്ള വിജയം പ്രാപിക്കുകയാണ് ജമാഅത്ത്. ഇവ യെല്ലാം അഹ്മദിയ്യാ ഖിലാഫത്തിന്റെ സത്യതക്കുള്ള തെളിവുകൾ പ്രതിധ്വനിപ്പിക്കുകയാണ്. ലോകത്തിന്റെ എല്ലാ മൂലയിലും ഇസ്ലാം മതത്തിന്റെ വിജയം സ്ഥാപി ക്കുകയുമാണ്. ഖിലാഫത്തിനെ തിരിച്ചറിയാൻ സാധി ക്കാത്ത മുസ്ലിംകൾക്കുണ്ടായ അനുഭവം ഇതുമായി നാം തുലനം ചെയ്യുമ്പോൾ നാം കാണുന്നത് രൂക്ഷമായ വൈരുദ്ധ്യമാണ്.

ദൈവികസഹായത്തിന്റെ പ്രയോജനത്താൽ അഹ്മദിയ്യാ ഖിലാഫത്തിൽ വിജയം പ്രതിഫലിക്കു മ്പോൾ ഖിലാത്തിനെ നിഷേധിച്ച മുസ്ലിംകളുടെ

അവസ്ഥ ശോചനീയമാണ്. കൂടാതെ അവർ തുണ്ടം തുണ്ടമായി മാറുകയും തകർച്ച നേരിടുകയുമാണ്. ഇതും വിശുദ്ധ ഖുർആന്റെ തീർപ്പനുസരിച്ചുള്ളതാണ്. ഖിലാഫത്തിന്റെ വിജയം ഉറപ്പിക്കുമ്പോൾ അങ്ങനെയുള്ള ഖിലാഫത്ത് എല്ലാവരാലും അംഗീകരിക്കപ്പെടുകയില്ല എന്ന പ്രവചനപരമായ താക്കീതിന്റെ കുറിപ്പും നൽകുന്നു.

"അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ" (വി. ഖു. 24:56)

അനുഗൃഹീതമായ ഖിലാഫത്തിനെ നിഷേധിക്കാനും അതിന്റെ വിജയമാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കാനും ഉള്ള ശ്രമങ്ങൾ നിഷ്ഫലമായിരിക്കും. എന്തെന്നാൽ അതേ അദ്ധ്യായത്തിലെ താഴെ കൊ ടുത്ത സൂക്തത്തിൽ ദൈവം വാഗ്ദാനം ചെയ്യുന്നു:

"അവിശ്വാസികൾ ഭൂമിയിൽ (നമ്മെ) പരാജയപ്പെടുത്തിക്കളയുമെന്ന് നീ ധരിക്കരുത്, (വി. ഖുർആൻ 24:58)

അങ്ങനെ അഹ്മദിയ്യാ ഖിലാഫത്ത് ഇന്നത്തെ കാലത്ത് അതുല്യമായി നിലകൊള്ളുന്നു. എന്തെന്നാൽ ഈ കാലഘട്ടത്തിലെ പ്രവാചകനെ അത് തിരിച്ചറിയുകയും അതിനുശേഷമുള്ള ഖിലാഫത്തിന് സാക്ഷിയാകുകയും ചെയ്തിരിക്കുന്ന സമുദായ ത്തെയാണ് അത് പ്രതിനിധീകരിക്കുന്നത്. ഇത് വിശുദ്ധ ഖുർആനിൽ അല്ലാഹു നൽകിയ വാഗ്ദാനത്തിന്റെ സാക്ഷാൽക്കാരമാണ്. (തുടരും) ■

**(The Review of Religions, October 2007)**

**വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

---

***(12-ൽ നിന്ന് തുടർച്ച)***

ചൂടിന്റെ അലകൾ ആഘാതതരംഗങ്ങൾ (Shock waves) കൂടി സൃഷ്ടിക്കുന്നു. എന്നാൽ ഇതിനേക്കാൾ വേഗത്തിലും തുളച്ചു കയറിയും സഞ്ചരിക്കുന്നത് ഗാമാരശ്മികളാണ്. കൊടുംതാപത്തിന്റെ അലകളെ കവച്ചുവെച്ചുകൊണ്ട് പ്രകാശ വേഗത്തിലാണ് ഗാമാരശ്മികളുടെ സഞ്ചാരം. ഗാമാരശ്മികൾ അത്യഗാധമായ പ്രകമ്പനമുണ്ടാക്കും. അതിന്റെ കിടിലം കൊള്ളിക്കുന്ന പ്രകമ്പനശക്തിയാൽ അത് മനുഷ്യഹൃദയത്തിൽ ആഘാതമായി പതിച്ച് മരണമുണ്ടാക്കുന്നു. അതായത് ആറ്റം ബോംബിട്ടാൽ എക്സ്റേ ഉണ്ടാക്കുന്ന കൊടും ചൂടു കൊണ്ടല്ല ആളുകൾ മരിക്കുന്നത്. ഗാമാ രശ്മികളുടെ വമ്പിച്ച ഊർജ്ജത്തിന്റെ ആഘാതം കൊണ്ടാണ് പെട്ടെന്നുള്ള മരണം സംഭവിക്കുന്നത്. ഇതാണ് കൃത്യമായും ഖുർആൻ വിവരിക്കുന്നത്.

സൂറഃ അദ്ദുഖാനിൽ (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു.

***അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക് മീതെ ഒരു നിഴൽ വിരിക്കും. ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.*** (44:11-12)

ഈ ധൂമത്തിന്റെ സ്വഭാവം വീണ്ടും താഴെ കാണുന്ന വചനങ്ങളിൽ വിവരിക്കുന്നു.

***നിങ്ങൾ നിഷേധിച്ചു കൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോവുക. മൂന്ന് ശാഖകളുള്ള ആ നിഴലിലേക്ക് നിങ്ങൾ പോവുക. അതൊരിക്കലും നിങ്ങൾക്ക് തണൽ തരുന്നതല്ല. തീജ്വാലയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതുമല്ല. അത് സൗധസമാനമായ തീജ്വാലകൾ പരത്തും. അത് മഞ്ഞ നിറത്തിലുള്ള ഒട്ടകങ്ങളെ പോലെയിരിക്കും.*** (77:30-34)

'നിങ്ങൾ പോവുക' എന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് യാതനാനിർഭരമായ ഒരു മേഘത്തിന്റെ കാലഘട്ടത്തിലേക്ക് മനുഷ്യരാശി ക്രമേണ കൊണ്ടു വരപ്പെടുമെന്നാണ്. ആ മേഘം അവർ ക്ക് നിഴലോ രക്ഷയോ വാഗ്ദാനം ചെയ്യുന്നതല്ല. സാധാരണയായി നിഴൽ നമുക്ക് ആശ്വാസവും അഭയവും നൽകുന്നതാണ്. ജ്വലിക്കുന്ന സൂര്യന്റെ ചൂടിനും നമുക്കിമിടയിലാണ് മേഘം നിൽക്കുക. മേൽ വചനത്തിൽ സൂര്യനെക്കുറിച്ച് പരാമർശമില്ല. വെറും ഒരു അഗ്നിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അതിന്റെ ജ്വലനത്തിൽ നിന്ന് പ്രസ്തുത നിഴൽ യാതൊരു സംരക്ഷണവും നൽകുന്നില്ല. രക്ഷ നൽകുന്നതിന് പകരം ഈ മേഘം അഗ്നിയുടെ ദാരുണമായ യാതനകളാണ് പ്രസരിപ്പിക്കുക. ആ നിഴലിനു കീഴിലുള്ള യാതൊന്നും സുരക്ഷിതമല്ല. ഇത് തികച്ചും റേഡിയോ പ്രസരണമുള്ള ന്യൂക്ലിയർ മേഘങ്ങളെക്കുറിച്ചുള്ള വിവരണമാണ്. ഇവിടെ വിവരിക്കപ്പെട്ട സംഭവത്തിൽ മഞ്ഞ നിറത്തിൽ കാണപ്പെടുന്ന വൻ അഗ്നിനാളങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്ന്. അത് ഉയർന്ന കെട്ടിടത്തെ പോലെയും ഒട്ടകത്തെ പോലെയും കാണപ്പെടുന്നു. ഒരുപക്ഷേ ഒട്ടകത്തിന്റെ നിറം മാത്രമല്ല അതിന്റെ പൂഞ്ഞയുടെ ആകൃതിയുള്ള സാമ്യത പോലും ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

(തുടരും)

ലേഖനം

# ടൂറിനിലെ തിരുശ്ശീല– ഒരു മാധ്യമ വിവാദം

**കുരിശ് പീഢനത്തിന് ശേഷം യേശുവിന്റെ ശരീരം പൊതിഞ്ഞുവെന്ന് വിശ്വസിക്കപ്പെടുന്ന ലോകപ്രശസ്തമായ ടൂറിനിലെ തിരുശ്ശീലയെ പറ്റി യുക്തിവാദി നേതാവുകൂടിയായ ശ്രീ. സനൽ ഇടമറുക് കേരളശബ്ദം വാരികയിൽ (2-9-2008) എഴുതിയ ലേഖന ഭാഗവും ആ പരാമർശത്തോട് എ.എം. മുഹമ്മദ് സലീമും, സുപ്രിംകോടതി റിട്ടയേർഡ് ജഡ്ജി ബഹുമാന്യനായ കെ.ടി. തോമസ് എന്നിവരും നടത്തിയ പ്രതികരണമാണ് താഴെ.**

## ടൂറിൻ തിരുശ്ശീല ഡാവിഞ്ചിയുടെ കലാസൃഷ്ടി

**സനൽ ഇടമറുക്**

ഡാവിഞ്ചിയുടെ ചിത്രകലാചാതുരിയുമായി ബന്ധപ്പെട്ട രസകരമായ ചില വിവരങ്ങൾ അടുത്ത കാലത്ത് വെളിയിൽ വന്നിട്ടുണ്ട്. പല പ്രധാന പെയിന്റിംഗുകൾക്കും മുഖത്തിന്റെ അളവിന് മാനദണ്ഡമായി ഡാവിഞ്ചി സ്വീകരിച്ചിരുന്നത് സ്വന്തം മുഖം തന്നെയാണ് എന്നതാണ് അതിലൊന്ന്. മൊണാലിസായുടെ മുഖത്തിന്റെ അളവുകൾ കൃത്യമായി ഡാവിഞ്ചിയുടെ മുഖത്തിന്റെ അനുപാത ത്തിലാണുള്ളത്.

ടൂറിൻ പട്ടണത്തിൽ സൂക്ഷിച്ചിരുന്ന ഒരു തുണിയിൽ പതിഞ്ഞിരിക്കുന്ന രൂപം ക്രിസ്തുവിന്റേതാണ് എന്നാണ് കത്തോലിക്കാ സഭയിലെ വലിയൊരു വിഭാഗത്തിന്റെ വിശ്വാസം. കുരിശിൽനിന്ന് ക്രിസ്തുവിനെ എടുത്തപ്പോൾ ഈ തുണികൊണ്ടാണ് മൂടിയതെന്നും അപ്പോൾ ആ രൂപം പതിയുകയാണ് ഉണ്ടായതെന്നും പ്രചരിപ്പിക്കപ്പെട്ടിരുന്നു. 1988 –ൽ കാർബൺ ഡേറ്റിംഗ് പരിശോധനയ്ക്ക് ഈ തുണിയെ വിധേയമാക്കിയപ്പോൾ അത് 15 –ാം നൂറ്റാണ്ടിലാണ് ഉണ്ടാക്കിയത് എന്ന് ഏതാണ്ട് വ്യക്തമായി തെളിയുകയുണ്ടായി. ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്ന പുതിയ വിവരം, ഈ ചിത്രത്തിൽ പതിഞ്ഞിരിക്കുന്ന രൂപത്തിന്റെ മുഖത്തിന്റെ അളവുകൾ കൃത്യമായി ലിയനാഡോ ഡാവിഞ്ചിയുടേതാണ് എന്നതാണ്. ന്യൂയോർക്കിലെ സ്ക്കൂൾ ഓഫ് വിഷൽ ആർട്സിലെ ലിലിയൻ ഷ്വാർട്സ് നടത്തിയ ദീർഘമായ സ്കാനിംഗ് പരിശോധനയിൽ ഇത് സ്ഥാപിക്കപ്പെടുകയുണ്ടായി. സ്വന്തം മുഖത്തിന്റെ കൃത്യമായ ആകൃതിയിൽ ഒരു ശിൽപ്പമുണ്ടാക്കി അതിൽ നിറം പുരട്ടി തുണിയിൽ പതിപ്പിച്ചെടുത്തതാകണം 'ടൂറിനിലെ ശവക്കച്ച' എന്നാണ് ഇപ്പോൾ വ്യക്തമാകുന്നത്. ഈ സാങ്കേതിക വിദ്യ ഡാവിഞ്ചിയുടെ കാലത്ത് പ്രചാരത്തിലുള്ള ഒന്നായിരുന്നു. ഒലിവർ പ്രിൻസ്, ലിംഗ് പിഗ്നറ്റ് എന്നിവർ ചേർന്ന് എഴുതിയിട്ടുള്ള ടൂറിൻ ശവക്കച്ചയെക്കുറിച്ചുള്ള പുസ്തകത്തിൽ സൂചിപ്പിക്കുന്നത് ആധുനിക ഫോട്ടോഗ്രാഫിയുടെ ഒരു പ്രാഗ് രൂപം അക്കാലത്ത് ഫ്ളോറൻസിലും ടൂറിനിലും പ്രചാരത്തിലുണ്ടായിരുന്നു വെന്നും അതുപയോഗിച്ച് സ്വന്തം മുഖത്തെ ആധാര മാക്കി ലിയാനാഡോ ഡാവിഞ്ചി തന്നെയാണ് ടൂറിനിലെ ശവക്കച്ച കൃത്രിമമായി ഉണ്ടാക്കിയതെന്നുമാണ്. 1820 –ൽ ഫോട്ടോഗ്രഫി കണ്ടുപിടിക്കുന്നതിന് വളരെ മുമ്പുതന്നെ, ഡാവിഞ്ചിയുടെ കാലത്ത്, വെളിച്ചത്തോടു പ്രതികരിക്കുന്ന രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് തുണിയിൽ മുഖത്തിന്റെ നെഗറ്റീവോ പോസിറ്റീവോ പതിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ പ്രചാരത്തിൽ വന്നുകഴിഞ്ഞിരുന്നു. മൊണാലിസയുടെ ചിരിയുടേയും, ടൂറിൻ ശവക്കച്ചയിലെ പ്രശാന്ത മുഖത്തിന്റെയും സൃഷ്ടാവ് ഒരാൾ തന്നെയാണോ?

# ടൂറിനിലെ തിരുശ്ശീല യാഥാർത്ഥ്യമെന്ത്?

## എ.എം. മുഹമ്മദ് സലിം

ശ്രീ സനൽ ഇടമറുക് എഴുതിയ *'യൂറോപ്പിലെ മാറുന്ന മുഖങ്ങൾ'* എന്ന ലേഖനപരമ്പരയിൽ ഇറ്റലിയിലെ ടൂറിൻ പട്ടണത്തിൽ ജോൺ പുണ്യവാളൻ കത്തീഡ്രലിൽ സൂക്ഷിച്ച തിരുശ്ശീലയെ സംബന്ധിച്ച പരാമർശത്തോടുള്ള (2-8-09) പ്രതികരണമാണ് ഈ കത്ത്.

ടൂറിൻ തിരുശ്ശീല കാർബൺഡേറ്റിങ്ങ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ അത് പതിനഞ്ചാം നൂറ്റാണ്ടിൽ സൃഷ്ടിക്കപ്പെട്ട ഒരു കലാസൃഷ്ടിയാണെന്നും, ലിയോണാർഡോ ഡാവിഞ്ചിയാണ് ആ രചന നിർവ്വഹിച്ചതെന്നും സനൽ ഇടമറുക് പറയുന്നു. വാസ്തവത്തിൽ ക്രൈസ്തവസഭയുടെ മൗനാനുവാദത്തോടെ ബോധപൂർവ്വം പ്രചരിക്കപ്പെടുന്ന ശാസ്ത്രവിരുദ്ധവും യുക്തിരഹിതവുമായ ഒരു പ്രചാരമാണ് തിരുശ്ശീല മദ്ധ്യകാലഘട്ടത്തിലെ ഒരു കലാസൃഷ്ടിയാണെന്നവാദം. അപസർപ്പകകഥകളേക്കാൾ ഉദ്വേഗജനകവും കെട്ടു കഥയേക്കാൾ അത്ഭുതകരവുമാണ് ടൂറിൻ തിരുശ്ശീല വെളിപ്പെടുത്തിയ ശാസ്ത്ര സത്യങ്ങൾ. ഈ ശാസ്ത്രീയ സത്യങ്ങൾ ക്രിസ്തുസഭയുടെ അടിസ്ഥാന വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന രൂപത്തിൽ വളർന്നിരിക്കുന്നു. അതുകൊണ്ടാണ് തിരുശ്ശീല മദ്ധ്യകാലഘട്ടത്തിലെ ഒരു വ്യാജകലാസൃഷ്ടിയാണെന്ന പുതിയ സിദ്ധാന്തം സഭ ഔദ്യോഗികതലത്തിൽ തന്നെ പ്രചരിപ്പിക്കുന്നത്.

1898 ലാണ് തിരുശ്ശീല ആദ്യമായി ഫോട്ടോഗ്രാഫിക്ക് വിധേയമാക്കുന്നത്. ഫോട്ടോയെടുത്ത സെക്കൊൻഡോപിയ ഫിലിം കഴുകിയപ്പോൾ കണ്ട നെഗറ്റീവ് പ്രതിരൂപമാണ് അദ്ദേഹത്തെ ഞെട്ടിച്ചത്. താടിയും നീണ്ട തലമുടിയുമുള്ള വിവസ്ത്രനായ ഒരു മനഷ്യൻ ഘനഗംഭീരമായ ശാന്തതയോടെ അബോ ധാവസ്ഥയിൽ ലീനനായി കിടക്കുന്ന ഈ പ്രതി രൂപചിത്രം സഭയടക്കം ലോകം മുഴുവനും ഉളവാ ക്കിയ വിസ്മയം അളവറ്റതായിരുന്നു. കുരിശ് പീഡനത്തിന് വിധേയനായ യേശുവിനെപ്പറ്റിയുള്ള ബൈബിൾ പരാമർശങ്ങളുടെ മുഴുവൻ ഉള്ളടക്കവും തിരുശ്ശീലയിൽ പതിഞ്ഞ രൂപത്തിൽ പ്രകടമായിരുന്നുവത്രെ. ഈ വിസ്മയ കൗതുകത്തിന്റെ ശമനത്തിനുവേണ്ടിയും ലോകവ്യാപകമായ സമ്മർദ്ദത്തി ന്റെയും ഫലമായും ക്രിസ്തുസഭ ടൂറിൻ തിരുശ്ശീല യെ ശാസ്ത്രഗവേണത്തിന് വിധേയമാക്കാൻ നിർ ബന്ധിതരാവുകയായിരുന്നു. ഇതിനായി 1978 ൽ STRUP ( The Shroud of Turin Reserch project) എന്നൊരു പദ്ധതിയും രൂപീകരിച്ചു, അമേരിക്കയിൽ നിന്നും ഇറ്റലിയിൽ നിന്നുള്ള നാൽപ്പത് ശാസ്ത്ര ജ്ഞന്മാരടങ്ങിയ ഒരു വൻസംഘമാണ് അന്ന് 5 ദിവസം നീണ്ടു നിന്ന പരീക്ഷണങ്ങൾ നടത്തിയത്. അൾട്രാവയലറ്റ്, ഇൻഫ്രാറെഡ്, മൈക്രോകെമിക്കൽ, ഫ്ളുറസെന്റ്, അയോൺ മൈക്രോബ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയ വിശകലനോ പകരണങ്ങളാണ് അവർ ഇതിനുപയോഗപ്പെടുത്തിയത്. പരീക്ഷണങ്ങൾ 'സ്ട്രുപ് റിപ്പോർട്ട്' എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. തിരുശ്ശീല കലാ സൃഷ്ടിയല്ലെന്നും യഥാർത്ഥ പുരാവസ്തു തന്നെയാ ണെന്നുമുള്ള വസ്തുതയെ ദൃഢീകരിപ്പിക്കുന്നതാ യിരുന്നു റിപ്പോർട്ട്. 1978ലെ ശാസ്ത്രീയ കണ്ടെ ത്തലുകൾ ഇങ്ങനെ സംഗ്രഹിക്കാം.

1. തിരുശ്ശീലയിലെ മഞ്ഞ പ്രതലത്തിലെ ആൾരൂപം യഥാർത്ഥ ജൈവശരീരത്തിൽ നിന്നും തിരുശ്ശീലയിലേക്ക് പതിഞ്ഞതാണ്.

2. ആൾരൂപത്തിന്റെ ഛായാരൂപത്തിന് കാരണമാവുന്ന ഏതെങ്കിലും വർണ്ണവസ്തു കൂടിച്ചേർന്ന തായി കാണുന്നില്ല. ചായമോ ചായക്കൂട്ടോ അതി ലില്ല.

3. ബ്രഷ് ഉപയോഗിച്ചതിന്റെ യാതൊരു ലക്ഷണവുമില്ല. മായ്ക്കലോ കോറലോ ഒന്നുംതന്നെ കാണുന്നില്ല.

4. അൾട്രാവയലറ്റ് രശ്മികളുപയോഗിച്ച് നട ത്തിയ ഫ്ളൂറന്റ്, പരീക്ഷങ്ങൾ തിരുശ്ശീലയിലെ അൽപ്പം ചിലഭാഗങ്ങൾ പൊള്ളലേറ്റ് കരിഞ്ഞതായി കാണാം.

5. എക്സ്റേ പഠനങ്ങളിൽ നിന്നും ആധുനിക ഫോട്ടോഗ്രാഫിയിൽ ഉപയോഗിക്കുന്നതുപോലെ യുള്ള പ്രകാശ പ്രതിപ്രവർത്തനക്ഷമമായ യാതൊരു രാസവസ്തുക്കളും ഉപയോഗിച്ചിട്ടില്ല.

6. ആൾരൂപത്തിലെ കറ രക്തക്കറയാണെന്നും അതിന്റെ ഗ്രൂപ്പ് എ.ബിയാണെന്നും കണ്ടെത്തി. കലാകാരൻ അപൂർവ്വമായി ലഭ്യമാകുന്ന AB രക്തക്കറ ഉപയോഗിച്ച് കലാരചന നടത്തിയെന്ന് വിശ്വാസിക്കാമോ?

7. ശരീരസ്പർശംകൊണ്ട് മാത്രം പതിഞ്ഞ രൂപത്തിൽ യഥാർത്ഥ അവയവങ്ങളുടെ രൂപമാണ് പതിഞ്ഞത്.ശരീരത്തിന്റെ യഥാർത്ഥവലിപ്പവും കൃത്യതയും പ്രകടമാണ്.

8. ചന്ദ്രനിൽനിന്നെടുത്ത ഫോട്ടോകൾ ത്രിമാനതലത്തിൽ അപഗ്രഥിക്കാനുപയോഗിക്കുന്ന വി.പി. 8 ഇമേജിംഗ് ടെക്നിക് ഉപയോഗിച്ച് തിരുശ്ശീലയിലെ ഫോട്ടോ പഠിക്കുകയുണ്ടായി. അതിലെ രൂപത്തിന്റെ ആഴത്തിനനുസരിച്ചുള്ള പ്രകാശമാണ് പ്രതിഫലിച്ചത്. ഇത്തരം ത്രിമാന പ്രതിഫലനമുണ്ടാക്കാൻ കലാരൂപങ്ങൾക്ക് സാധ്യമല്ല.

9. തിരുശ്ശീല ഒന്നാം നൂറ്റാണ്ടിൽ മധ്യ പൗരസ്ത്യദേശത്ത് കാണുന്നരീതിയിലുള്ളതാണ്. 15 -ാം നൂറ്റാണ്ടിലെ കലാകാരൻ എങ്ങനെ അത് സംഘടിപ്പിച്ചു?

10. യേശുവിന്റെ പുറത്ത് കുന്തം കൊണ്ട് കോറിയ ഭാഗവും തിരുശ്ശീലയിൽ പതിഞ്ഞിട്ടുണ്ട്. അത് നഗ്നദൃഷ്ടികൊണ്ട് കാണാൻ സാധ്യമല്ല. അൾട്രാ വയലറ്റ് ക്യാമറകളുപയോഗിച്ചാണ് അവ കണ്ടെത്തിയത്.

11. ജെറുസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും കാണുന്ന അതിസൂക്ഷ്മമായ പൂമ്പൊടി (പോളൻ) ധാരാളമായി തിരുശ്ശീലയിൽ കാണാം.

12. സർവ്വോപരി ക്രിസ്തുസഭ ഏറ്റവും പ്രബലമായിരുന്ന മധ്യനൂറ്റാണ്ടിൽ, വിവസ്ത്രനായ രീതി യിൽ ദൈവപുത്രനെ ചിത്രീകരിച്ചാൽ കലാകാരന്റെ സ്ഥിതിയെന്താവും?

13. മറ്റൊരു ശ്രദ്ധേയമായ നിരീക്ഷണം, മദ്ധ്യകാലത്തെ കലാകാരന്മാർ വരച്ച ചിത്രങ്ങളിലെല്ലാം യേശുവിനെ ക്രൂശിച്ചത് ഉള്ളംകയ്യിൽ ആണിയടിച്ച രീതിയിലാണ്. എന്നാൽ തിരുശ്ശീലയിൽ യേശുവിന്റെ കൈക്കുഴലിലാണ് ആണിയടിച്ചത്. ഡോ: പയറിബാർബെറ്റ് എന്ന ഫ്രഞ്ച് സർജൻ ഇത് സംബന്ധിച്ച് നടത്തിയ പരീക്ഷണവും കലാസൃഷ്ടിവാദികളുടെ കണ്ണുതുറപ്പിക്കുന്നതാണ്. മൃതശരീരം ഉള്ളംകയ്യിൽ ആണി തറച്ച് കുരിശിൽ നാട്ടിയപ്പോൾ മൃതശരീരം ആണിയിൽ താങ്ങാൻ കഴിയാതെ വിരലെല്ലുകൾക്കിടയിലെ മാംസഭാഗം കീറി മൃതശരീരം താഴെ വീഴുകയുണ്ടായി. കൈക്കുഴയിൽ ആണിയടിച്ചപ്പോഴാണ് മൃതദേഹം കുരിശിൽ ഉറച്ചു നിന്നത്. ക്രൂശീകരണ വേളയിൽ പുളയലും വളയലും സംഭവിക്കുന്നതിനാൽ കൈക്കുഴയിൽ തന്നെ ആണിയടിക്കണം. കലാകാരന്മാർക്ക് പിണഞ്ഞ അബദ്ധം യഥാർത്ഥ രൂപമായ തിരുശ്ശീലയിൽ സംഭവിച്ചില്ല. ഇങ്ങനെ നിരവധി സൂക്ഷ്മമായ തെളിവുകൾ അതൊരു കലാ സൃഷ്ടിയല്ല എന്നതിലേക്ക് വിരൽ ചൂണ്ടുന്നു.

പ്രധാനപ്പെട്ട മറ്റൊരു വസ്തുത ക്രൂശീകരണത്തിന് ശേഷം യേശുവിനെ കുരിശിൽനിന്നിറക്കുമ്പോൾ അദ്ദേഹം മരിച്ചിരുന്നില്ല എന്നതാണ്, അദ്ദേഹത്തിന് ജീവനുണ്ടായിരുന്നു എന്നാണ് തിരുശ്ശീല പഠനത്തിലെ ശാസ്ത്രനിഗമനങ്ങൾ അനിഷേധ്യമായ രീതിയിൽ വെളിപ്പെടുത്തുന്നത്. (കേരളശബ്ദം- 30 ആഗസ്റ്റ്)

# ടൂറിനിലെ കച്ച

## ജസ്റ്റിസ് കെ.ടി. തോമസ്

സനൽ ഇടമറുക് എഴുതിക്കൊണ്ടിരിക്കുന്ന 'യൂറോപ്പിലെ മാറുന്ന മുഖങ്ങൾ' എന്ന ലേഖന പരമ്പര ഞാൻ അതീവ ശ്രദ്ധയോടും കൗതുകത്തോടും വായിക്കുന്നുണ്ട്. അവയിൽ 'ടൂറിനിലെ ശവവസ്ത്രം' എന്നതിനെപ്പറ്റി നടത്തിയ വിവരണം വായിച്ചു. അതിനെ പുരസ്ക്കരിച്ച് എ.എം. മുഹമ്മദ് സലീം 30.8.09 ലക്കത്തിലെഴുതിയ കത്ത് അതീവ കൗതുക ത്തോടു കൂടി ഞാൻ വായിച്ചു. മുഹമ്മദ് സലീമിന്റെ കത്ത് വായിച്ചപ്പോൾ എനിക്കുണ്ടായ സന്തോഷം രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

1978 വരെ ക്രിസ്തീയ സഭ ഈ വസ്ത്രഖണ്ഡം മഹത്തായ ഒരു തിരുശേഷിപ്പായി കരുതിയിരുന്നു. വളരെ പെട്ടെന്നാണ് ആ നിലപാടിന് മാറ്റം സംഭവിച്ചത്. ആ വസ്ത്രം നിജമാണെന്നു വന്നാൽ ഇതുവരെ പുലർത്തിക്കൊണ്ടുവന്ന വിശ്വാസത്തിന്റെ അടിത്തറ തകർന്നേക്കുമെന്ന് ഭയന്ന് തുണിയിലെ രൂപം 15 -ാം നൂറ്റാണ്ടിലെ ഒരു കലാസൃഷ്ടിയാണെന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സനൽ ഇടമറുകിന്റെ നിഗമനം ക്രൈസ്തവസഭയിലെ യാഥാസ്ഥിതികൾക്ക് വളരെ സംതൃപ്തിക്ക് വക നൽകുന്നതാണ്. എന്നാൽ മുഹമ്മദ് സലീമിന്റെ വിശകലനം കൂടുതൽ ശാസ്ത്രീയവും അപഗ്രന്ഥനപരവുമാണ്. ഇവ രണ്ടും വായിക്കുന്നതിനുമുൻപ് ശവ വസ്ത്രത്തെപ്പറ്റിയുള്ള വിശദമായ

*(ശേഷം 36-ൽ)*

ലേഖനം

യാസർ അറഫാത്ത്, തിരുത്തിയാട്

# മുബാഹല: ശബാബിനൊരു ജവാബ്

**'കള്ളം പറയുന്നവർക്ക് ശാപം' എന്ന് പ്രാർത്ഥിച്ച കൊടിയത്തൂർ മുബാഹലയിൽ പങ്കെടുത്ത മുജാഹിദ് പ്രസ്ഥാനം സിയാഉൽ ഹഖിന്റെ വിമാനം പൊട്ടിതകർന്നത് പോലെ കേരളത്തിൽ പൊട്ടിതകർന്നത് മുബാഹലക്ക് ശേഷമാണെന്ന് ലേഖകൻ വിലയിരുത്തുന്നു.**

നാലോ അഞ്ചോ ആയി പിളർന്ന് തമ്മിൽ തമ്മിൽ കടിച്ചു കീറിക്കൊണ്ടിരിക്കുന്ന മുജാഹിദുകൾക്ക്, എതിർഗ്രൂപ്പുകളുടെയും മൗദൂദി, സുന്നി, തബ്‌ലീഗ് തുടങ്ങിയ കക്ഷികളുടെയും മാത്രമല്ല സകല മാന ഗ്രൂപ്പുകളുടെയും പിന്തുണ നേടാനുള്ള ഏകമാർഗ്ഗം അഹ്മദീ വിരുദ്ധലേഖനങ്ങളും പ്രവർത്തന ങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒരു ലേഖനമാണ് മടവൂർ മുജ.കളുടെ 'ശബാബിൽ' 2009 ജൂലൈ 31 ലക്കത്തിലുള്ളത്.

''രണ്ടു പതിറ്റാണ്ട് പിന്നിട്ട മുബാഹല'' എന്ന ലേഖനത്തിൽ പരാമർശിച്ച വിഷയിങ്ങളിലേക്ക് മാത്രമാണ് ഇവിടെ ശ്രദ്ധ തിരിക്കുന്നത്. ഇതേ വിഷയ സംബന്ധമായി 'പ്രബോധന'ത്തിൽ അല്പം മുമ്പ് ഒരു ലേഖനം വന്നിരുന്നു. മുബാഹലക്കുശേഷം ആരും അഹ്ദിയ്യത്ത് സ്വീകരിച്ചിട്ടില്ലെന്ന പ്രസ്തുത ലേഖനത്തിലെ പരാമർശം കളവാണെന്നു തെളിയിച്ചുകൊണ്ട് മുബാഹലക്കുശേഷം അഹ്മദിയ്യത്ത് സ്വീകരിച്ച സിമിയുടെ മുൻ സജീവ പ്രവർത്തകനായിരുന്ന മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ 'പ്രബോധനം' എഡിറ്റർക്ക് മറുപടി ലേഖനമയച്ചിരുന്നു. അതു പ്രസിദ്ധീകരിക്കാൻ 'പ്രബോധനം' തയ്യാറാവാത്തതിനാൽ 'സത്യദൂതൻ' ആഗസ്ത് ലക്കം മുതൽ പ്രസ്തുത ലേഖനം പ്രസിദ്ധീകരിച്ചു വരുന്നു എന്ന വിവരം സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

ശബാബ് ലേഖനത്തിന്റെ ആദ്യ ഭാഗത്തു തന്നെ പച്ചക്കളവാണ് ലേഖകൻ എഴുതിയിരിക്കുന്നത്. ''മുസ്‌ലിംകളും ഖാദിയാനികളും തമ്മിൽ മുബാഹല നടന്നു'' എന്നത് വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശമാണ്. കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രതിനിധികളും അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം 'കേരളം'(?) യും തമ്മിലാണ് 1989 മെയ് 28 നു കൊടിയത്തൂരിൽ മുബാഹല നടന്നത്. മുബാഹലക്കു ശേഷം അഹ്മദിയ്യത്തിലേക്ക് എത്ര ആളുകൾ പ്രവേശിച്ചു? പുതിയ എത്ര ജമാഅത്തുകൾ സ്ഥാപിതമായി എന്നും ഇശാഅത്തിലേക്ക് പുതിയ തായി എത്രപേർ ചേർന്നു? പുതിയ എത്രഘടകങ്ങൾ സ്ഥാപിക്കപ്പെട്ടു എന്നും ഇസ്‌ലാമിന് ഗുണപ്രദമായി എന്തെല്ലാം പരിപാടികൾ നടത്തി എന്നും മറ്റും നിഷ്പക്ഷരായ സത്യാന്വേഷികൾ ആരായുമ്പോൾ, ഇശാഅത്തിന്റെ നില വട്ടപൂജ്യമാണെന്നു കാണാം. ഒരു പക്ഷേ ശബാബിന് ഇശാഅത്ത് ഐക്യമുന്നണിയിലെ പലരോടും ഗ്രൂപ്പ് വിരോധമുണ്ടാകാം. അത് കൊണ്ടായിരിക്കാം 'ഇശാ അത്തെ ഇസ്‌ലാമി' എന്ന സംഘടനയുടെ പേര് പരാമർശിക്കാൻ പോലും അറപ്പുണ്ടായത്. അതുകൊണ്ടാണ് ശബാബ് ലേഖകൻ ഖാദിയാനി - മുസ്‌ലിം എന്നീ പേരുകൾക്കു പിന്നിൽ ഒളിക്കാൻ ശ്രമിക്കുന്നത്.

തുടർന്ന് വിശുദ്ധഖുർആനിലെ മുബാഹലാ പ്രതിപാദ്യം 'ശബാബ്' എഴുതുന്നു. അതുപ്രകാരം സത്യവിശ്വാസികളുടെ ഭാഗത്തു നിന്നാണ് ആദ്യമായി മുബാഹലക്ക് ആഹ്വാനമുണ്ടാവുക. ഇതൊരു ശ്രദ്ധേയമായ വസ്തുതയാണ്. സത്യനിഷേധികൾക്ക് തങ്ങളുടെ വിശ്വാസം നിഷേധമായതു കൊണ്ടുതന്നെ ആദ്യമായി വെല്ലുവിളിക്കാൻ ധൈര്യമുണ്ടാവുകയില്ല. കൊടിയത്തൂർ മുബാഹലയിലും സംഭവിച്ചത് അതു തന്നെയാണെന്ന് 'ശബാബ് ' സത്യപ്പെടുത്തുന്നു. ''കൊടിയത്തൂർ മുബാഹലക്കുള്ള സാഹചര്യം ഇപ്രകാരമായിരുന്നു. 1988 ജൂൺ 10നു ലണ്ടൻ മസ്ജിദിൽ ജുമുഅ പ്രഭാഷണം നടത്തിക്കൊണ്ട് ഖലീഫ മിർസാ ത്വാഹിർ അഹ്മദ് ലോകമുസ്‌ലിംകളെ മുബാഹലക്കു

വെല്ലുവിളിച്ചു..............”

ശബാബിന്റെ മറ്റൊരു കളവാണിത്. സാധാരണക്കാരായ അനഹ്മദീ മുസ്ലിംകളെ ഖലീഫ വെല്ലുവിളിച്ചിട്ടില്ല. അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ വേണ്ടി അസത്യവും അക്രമവും അധികാരത്തിന്റെ ബലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പാക്കിസ്ഥാൻ പ്രസിഡണ്ട് സിയാ ഉൽ ഹഖിനെയും അഹ്മദിയ്യാ വിരോധം അജണ്ടയാക്കിയ സംഘടനാ നേതാക്കളെയും അവർ സമന്വയത്തിന്റെയും സംവാദത്തിന്റെയും സമാധാന പൂർണ്ണമായ വഴികൾ കൊട്ടിയടച്ചതു കൊണ്ടാണ് മുബാഹലക്കു ക്ഷണിച്ചത്. സിയാ ഉൽ ഹഖ് മുബാഹല വാക്കാൽ സ്വീകരിച്ചില്ലെങ്കിലും അഹ്മദികൾക്കെതിരിൽ ക്രൂരമായ അക്രമപ്രവർത്തനങ്ങൾ തുടരുക വഴി മുബാഹലാഹ്വാനം പ്രവൃത്തികൊണ്ടു സ്വീകരിച്ചതിനാൽ, അല്ലാഹുവിന്റെ കഠോര ശിക്ഷക്കിരയാകുമെന്ന് അമീർറുൽ മുഅ്മിനീർ പല തവണ മുന്നറിയിപ്പു നല്കിയിരുന്നു. ആ മുന്നറിയിപ്പുകൾക്കു ശേഷം 1988 ആഗസ്ത് 12ന് ജുമുഅ ഖുത്ബയിൽ അമീറുൽ മുഅ്മിനീൻ നല്കിയ ഉഗ്രമായ താക്കീത് അനുസരിച്ച് അഞ്ചു ദിവസങ്ങൾ കഴിഞ്ഞ്, ആഗസ്ത് 17ന് സിയാ ഉൽ ഹഖ് എന്ന ഫിർഔൻ ഒരു വിമാനാപകടത്തിൽ ധൂളീക രിക്കപ്പെടുകയുണ്ടായി. അത് അല്ലാഹുവിന്റെ ശിക്ഷയായതിനാൽ സിയായുടെ മരണത്തിനു പിന്നിൽ മനുഷ്യകരങ്ങൾ പ്രവർത്തിച്ചുവെന്ന് ഇന്നേവരെ തെളിഞ്ഞിട്ടില്ല. ഒരിക്കലും അങ്ങനെ തെളിയിക്കാൻ സാധ്യവുമല്ല.

ശബാബ് തുടരുന്നു. “ കേരളത്തിൽ മുബാഹലാ സംബന്ധമായ ലഘുലേഖയുടെ രണ്ടു ലക്ഷത്തിലേറെ കോപ്പികൾ വിതരണം ചെയ്യപ്പെട്ട ഈ പശ്ചാത്തലത്തിൽ കേരള അഞ്ചുമൻ ഇശാഅത്തെ ഇസ്ലാം മുബാഹലാ വെല്ലുവിളി സ്വീകരിച്ചു. “മുഹമ്മദ് നബി (സ) യുടെ കാലത്ത് മുബാഹലാഹ്വാനമുണ്ടായത് സത്യവിശ്വാസികളുടെ ഭാഗത്ത് നിന്ന് സത്യനിഷേധികളോടാണ്. മുഹമ്മദീ മസീഹിന്റെ ഖലീഫയുടെ കാലത്ത് മുബാഹലാഹ്വാനമുണ്ടായത് സത്യവിശ്വാസികളായ അഹ്മദികളുടെ ഭാഗത്തുനിന്നും സത്യനിഷേധികളുമായ ആളുകളോടാണ്!!!. മുഹമ്മദ് നബി (സ)യുടെ മുബാഹലാഹ്വാനം ക്രിസ്ത്യാനികൾ ഭയം മൂലം സ്വീകരിച്ചില്ല. അഹ്മദീ ഖലീഫയുടെ മുബാഹലാഹ്വാനം, നേർക്കുനേരെ സ്വീകരിക്കാനും അഹ്മദീ വിരോധികളായ ലോകത്തെവിടെയുമുള്ള സംഘടനാ നേതാക്കൾ ഭയം മൂലം ധൈര്യപ്പെട്ടില്ല !!!. അഞ്ചുമൻ ഇശാഅത്ത് അടക്കം സർവ്വ സത്യനിഷേധ പ്രസ്ഥാനങ്ങളും വർഷങ്ങളായി പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന കളവുകളിൽ 60ൽപരം കളവുകൾ എടുത്തുദ്ധരിച്ചുകൊണ്ട് അവ വ്യാജങ്ങളാണെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ടാണ് അമീറുൽ മുഅ്മിനീൻ മുബാഹലാ പ്രാർത്ഥ നടത്തിയത്. അഹ്മദികൾക്കെതിരിൽ തങ്ങൾ പ്രചരിപ്പിക്കുന്ന ആരോപണങ്ങൾ സത്യമാണെന്ന് ഇശാഅത്തുകാർക്ക് ഉറപ്പുണ്ടായിരുന്നെങ്കിൽ ആരോപണം എടുത്തു പറഞ്ഞ് അവ സത്യമാണെന്നു പ്രഖ്യാപിച്ചു കൊണ്ടാണ് ഇശാഅത്തുകാർ മുബാഹല ചെയ്യേണ്ടിയിരുന്നത്. അതിന് അവർ തയ്യാറായില്ലെന്നു മാത്രമല്ല, ഖലീഫ അൽ മസീഹ് എടുത്തു പറഞ്ഞ ആരോപണങ്ങളിൽ തങ്ങൾക്കു തോന്നുന്നവ മാത്രം സത്യപ്പെടുത്തിക്കൊണ്ട് മുബാഹല നടത്താൻ പോലും ഇശാഅത്തുകാർ തയ്യാറായില്ല. എന്തിന്, ഒരൊറ്റ ആരോപണമെങ്കിലും എടുത്തു പറഞ്ഞുകൊണ്ട് മുബാഹല നടത്താൻ ഇശാഅത്തുകാർ ഭയപ്പെട്ടു. കാരണം അഹ്മദികൾക്കെതിരായി തങ്ങൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത് പരിപൂർണ്ണമായും വ്യാജവും വഞ്ചനയുമാണെന്ന് ഏറ്റവും നന്നായി ബോധ്യമുള്ളത് ഇശാഅത്തുകാർക്കു തന്നെയാണല്ലോ! അമീർറുൽ മുഅ്മിനീർ മുബാഹലാ പ്രാർത്ഥനയിൽ എടുത്ത പറഞ്ഞ ആരോപണങ്ങൾ സത്യപ്പെടുത്തിക്കൊണ്ട് ഇശാഅത്തുകാർ മുബാഹലാ പ്രാർത്ഥനക്ക് തയ്യാറായിരുന്നെങ്കിൽ ശബാബിൽ എഴുതിയ പോലെ അസത്യവാദികൾ തീർത്തും നശിപ്പിക്കപ്പെട്ടു കൊണ്ട് ലോക ജനതക്ക് ഒരു വമ്പിച്ച പാഠമായിത്തീരുമായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. സത്യ നിഷേധികൾക്ക് മരണത്തോടു ഭയവും ജീവിതത്തോട് ആസക്തി കൂടുതലുമാണെന്ന വസ്തുത ഇവിടെ വീണ്ടും സ്ഥിരീകരിക്കപ്പെടുകയുണ്ടായി.

ശബാബ് പ്രതിനിധാനം ചെയ്യുന്ന മുജാഹിദ് പ്രസ്ഥാനം കൊടിയത്തൂർ മുബാഹലയിൽ ഇശാഅത്തെ ഇസ്ലാമിയുടെ പിന്നിൽ അണിനിരന്നവരാണെന്നത് ശബാബ് ലേഖകന് ഓർമയുണ്ടാവുമല്ലോ. കൊടിയത്തൂർ മുബാഹലക്ക് ശേഷമാണ് സിയാ ഉൽ ഹഖിന്റെ വിമാനം രണ്ട് തുണ്ടമായത് പോലെ കേരളത്തിലെ മുജാഹിദുകളുടെ സലഫി പ്രസ്ഥാനം പിളർന്നത്. പിന്നീട് കേരളത്തിൽ അതൊരു ക്രമസമാധാന പ്രശ്നമായി മാറി. മലയാളികൾ അന്ന് വരെ കേട്ടിട്ടില്ലാത്ത തെറികളും, സ്വഭാവദൂഷ്യാരോപണങ്ങളും, ഫണ്ട് തിരിമറിയും പരസ്പരം കള്ളാരോപണങ്ങളും, കേസും, നീല പ്രസിദ്ധീകരണങ്ങളും, പള്ളി

പിടുത്തവും, കൊലപാതകവും തുടങ്ങി സലഫി പ്രസ്ഥാനത്തിന്റെ പേരിൽ അരങ്ങേറാത്ത വൃത്തികേടുകളില്ല. പിളർപ്പിന് ശേഷം താലിബാൻ, അൽക്വായിദ പോരാളികളുടെ ജിഹാദീ വീര്യത്തോടെ ഇരു മുജാഹിദുകളും ഈ പരസ്പര പോരാട്ടം തുടരുകയാണ്. കള്ളം പറയുന്നവരിൽ ദൈവശാപമുണ്ടാവട്ടെ എന്ന് കൊടിയത്തൂർ മുബാഹലയിൽ പ്രാർത്ഥിച്ച മുജാഹിദുകൾക്ക് വന്നുഭവിച്ച ഈ ഗതികേടിനെപറ്റി ശബാബ് ലേഖകൻ ചിന്തിച്ചിട്ടുണ്ടോ. കൊടിയത്തൂർ മുബാഹലയുടെ അടയാളങ്ങളിലൊന്നാണത് എന്ന അഹ്മദികൾ തിരിച്ചറിയുന്നു. ശബാബിലെ അഹ്മദിയാ വിരോധിക്ക് അത് മനസ്സിലാവില്ല. പോത്തിന്റെ ചെവിക്ക് കിന്നരത്തിന്റെ സംഗീതം ആസ്വദിക്കാൻ കഴിയില്ലല്ലോ എന്ന് മാത്രം പറഞ്ഞ് നിർത്തുന്നു. ■

(33-ൽ നിന്ന് തുടർച്ച)

ഗ്രന്ഥങ്ങളിലേക്ക് കണ്ണോടിക്കുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. വളരെ വർഷങ്ങൾക്ക് മുൻപ് ' ഇല്ലസ്ട്രേറ്റട്ട് വീക്കിലി' ഈ വിഷയത്തെപ്പറ്റി പ്രസിദ്ധപ്പെടുത്തിയ സചിത്രലേഖനങ്ങൾ ഞാൻ ശ്രദ്ധയോടു കൂടി വായിച്ചിട്ടുണ്ട്. അന്ന് ഈ വസ്ത്രം 15-ാം നൂറ്റാണ്ടിൽ സൃഷ്ടിക്കപ്പെട്ട ഒരു കലാസൃഷ്ടിയായി വിവരിച്ചിരുന്നു. പിന്നീട് ജർമ്മൻ ഗവേഷണ പണ്ഡിതനായ ഹോൾജർ കെർസ്റ്റൻ 1994 -ൽ രചിച്ച ' ജീസസ് ലിവ്ഡ് ഇൻ ഇൻഡ്യാ' എന്ന ഗ്രന്ഥത്തിൽ 7-ാം അദ്ധ്യായം മുഴുവൻ ഈ ശവവസ്ത്രത്തിനെപ്പറ്റിയുളള പഠനത്തിന്റെ സ്തോഭജനകമായ ചില കണ്ടുപിടിത്തങ്ങളാണ് വെളിപ്പെടുത്തിയിരുന്നത്. അതിൽ അദ്ദേഹം ഈ ചരിത്ര സ്മാരകത്തെപ്പറ്റി ശാസ്ത്രീയ പഠനം നടത്തിയ നടപടികൾ വിവരിക്കുന്നുണ്ട്. ആ ഗ്രന്ഥത്തിൽ താനും മറ്റൊരു ശാസ്ത്രജ്ഞനായ എൽമോർ ആർ. ഗ്രൂബറും ചേർന്നെഴുതിയ ' ദി ജീസ്സസ് കോൺസ്പിറസി' എന്ന ഗ്രന്ഥത്തെ പരാമർശിച്ചുകണ്ടപ്പോൾ ഞാൻ അതുനേടുകയും, വായിക്കുകയും ചെയ്തു. അവരണ്ടും വായിച്ചതിൽ നിന്നും വ്യക്തമായ സംഗതികളിൽ ഒന്ന് ഈ ശവവസ്ത്രം 15-ാം നൂറ്റാണ്ടിന് വളരെ മുമ്പു തന്നെ നിലവിലുണ്ടായിരുന്നു എന്നാണ്. 2000 വർഷങ്ങൾക്ക് മുൻപ് ആ തുണി സൃഷ്ടിക്കപ്പെട്ടിരുന്നതായി ശാസ്ത്രീയ ഗവേഷണങ്ങൾ ചൂണ്ടിക്കാണിച്ച വിവരങ്ങൾ അതിലുണ്ട്. ആ ഗ്രന്ഥങ്ങളിൽ സവിസ്താരം പ്രതിപാദിക്കപ്പെട്ട കാര്യകാരണങ്ങൾ ഹൃസ്വമായ ഈ കത്തിലൂടെ എഴുതിതീർക്കുവാൻ സാധിക്കുന്നതല്ല. അതിലെ നിഗമനങ്ങൾ കൂടുതലും മുഹമ്മദ് സലീമിന്റെ കത്തിലെ പരാമർശങ്ങളെ ന്യായീകരിക്കുന്നതാണ്.

ശവവസ്ത്രത്തിനെപ്പറ്റി ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തിയ വിവരങ്ങൾ ആ രണ്ടു ഗ്രന്ഥങ്ങളിൽ നിന്നും മനസ്സിലാക്കിയിടത്തോളം എനിക്ക് യേശുവിന്റെ ക്രൂശീകരണം ഒരു യാഥാർത്ഥ്യമായിരുന്നു എന്നും, അദ്ദേഹത്തെ പൊതിഞ്ഞിരുന്ന ശവവസ്ത്രം നഷ്ടപ്പെട്ടുപോകാനിടയില്ലെന്നും തോന്നിയിട്ടുണ്ട്.

ആ കച്ചയാണ് യേശുവിനെ പൊതിഞ്ഞിട്ടുളളതെങ്കിൽ പരമ്പാഗത വിശ്വാസമായ കൈവെളളയിൽ ആണിയടിച്ചിരുന്നതിനു പകരം കൈകളുടെ കുഴലിലാണ് ആണി അടിച്ചിരുന്നതെന്ന് കാണുന്നു. പരീക്ഷണാർത്ഥം ചിലർ മരിച്ചയുടനെ അവരുടെ ശവശരീരങ്ങൾ കൈവെളളകളിൽ ആണി അടിച്ച് ക്രൂശിൽ തൂക്കി. എന്നാൽ ശരീരഭാരം മൂലം കൈവെളളകൾ കീറി മൃതദേഹങ്ങൾ താഴെ വീണുവത്രെ. അതുകൊണ്ട് കൈക്കുഴകളിൽ ആണികൾ അടിച്ചിരിക്കാനുളള സാധ്യത വളരെയാണെന്ന് ഈ ഗവേഷകർ മനസ്സിലാക്കി തങ്ങളുടെ നിഗമനത്തെ കൂടുതൽ ബലവത്താക്കി. ടൂറിൻ ശവവസ്ത്രത്തിൽ പരീക്ഷണരൂപത്തിൽ നിന്നും അത് പൊതിഞ്ഞ വ്യക്തിക്ക് 1.82 മീറ്റർ (ഏകദേശം 6 അടി) ഉയരവും, 79 കിലോ ഭാരവും ഉണ്ടെന്ന് കണ്ടുപിടിക്കപ്പെട്ടു. അതിലും ഏറെയാണ് വസ്ത്രത്തിലെ ഇഴ നൂലുകളിൽ രക്തക്കറ ഉണ്ടായിരുന്നതായി കണ്ടതിനെ ത്തുടർന്ന് പാതോളജി വിഷയത്തിലെ പണ്ഡിതനായ ഡോ: ബ്ലൈമാ ബലോൺ അതേപ്പറ്റി നടത്തിയ സൂക്ഷ്മ പഠനം.രണ്ട്, അത് എ.ബി പോസിറ്റീവ് എന്ന അപൂർവ്വ രക്തവർഗ്ഗത്തിൽപ്പെട്ടയാളുടേതായിരുന്നു. ഈ ശവ വസ്ത്രം പൊതിഞ്ഞത് യേശുവിന്റെ ശരീരത്തിലാ യിരുന്നെങ്കിൽ യേശുവിന്റെ ഉയരം, രക്തത്തിന്റെ വർഗ്ഗം എന്നിവകൂടി ഗണിക്കുവാൻ സഹായകമായി എന്നത് വിസ്മയനീയമാണ്.

മറ്റ് നിഗമങ്ങളെപ്പറ്റി ഇപ്പോൾ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തായാലും ഈ വിഷയം അവതരിപ്പിച്ച സനൽ ഇട മറുകിനും അതെപ്പറ്റി കൂടുതൽ വെളിച്ചം പകർന്നുതന്ന മുഹമ്മദ് സലീമിനും എന്റെ അഭിനന്ദനങ്ങൾ. ഈ തിരുവസ്ത്രം പൊതു ജനങ്ങൾ ക്ക് കാണുന്നതിനായി ഒടുവിൽ തുറന്നു കൊടുത്തത് 2000 -ാമാണ്ടിലാണ്. 30 ലക്ഷം ജനങ്ങൾ അതു കണ്ടു. ഇനി 2025 ൽ മാത്രമേ അപ്രകാരം കാണുന്നതിനായി തുറക്കുകയുള്ളു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ തിരുവസ്ത്രം ദർശിക്കുവാൻ എനിക്ക് യാതൊരു സാദ്ധ്യത യുമില്ല. (കേരളശബ്ദം 20 സെപ്റ്റ.) ■

കുറിപ്പുകൾ

മുസാഫിർ

# ചന്ദ്രനിലെ ജലം

ജീവന്റെ അവലംബമായ ജലം ചന്ദ്രനിൽ കണ്ടെത്തി എന്ന വാർത്ത ശാസ്ത്രലോകത്തും സാധാരണ ജനങ്ങൾക്കിടയിലും വൻതോതിലുള്ള കൗതുകമാണ് ഉണർത്തിയിരിക്കുന്നത്. ഇന്ത്യയുടെ പ്രഥമ ചാന്ദ്രഗവേഷണ ദൗത്യമായ ചന്ദ്രയാൻ–1 ആണ്. ഇങ്ങനെയൊരു കണ്ടുപിടുത്തം നടത്തിയത്. കൃത്യമായി പറഞ്ഞാൽ ചന്ദ്രയാനിൽ ഘടിപ്പിച്ച അമേരിക്കയുടെ മൂൺ മിനറോളജി മാപ്പർ (മൂന്ന് M അഥവാ എം ക്യൂബ്) എന്ന പരീക്ഷണോപകരണമാണ് (പേ ലോഡ്) മുഖ്യമായും ഈ കണ്ടുപിടുത്തം നടത്തിയത് ചന്ദ്രയാനിൽ ഇന്ത്യൻ സ്പെയ്സ് റിസർച്ച് സെന്റർ സ്ഥാപിച്ച ഉപകരണങ്ങളിലെ ഡാറ്റകൾ വിശകലനം ചെ യ്തുകൊണ്ട് പിന്നീട് ഇന്ത്യൻ ശാസ്ത്രസംഘവും ഇത് സ്ഥിരീകരിക്കുകയുണ്ടായി. 40 വർഷത്തെ ചാന്ദ്രഗവേഷണചരിത്രത്തിൽ ഏറ്റവും നിർണ്ണായകമായ ഈ കണ്ടുപിടുത്തം നടത്തിയത് ഇന്ത്യയുടെ ചന്ദ്രയാനും അതിന് നേതൃത്വം നൽകിയത് മലയാളിയായ ജി. മാധവൻനായരുമാണെന്ന കാര്യം നമുക്ക് അഭിമാനത്തിന് വക നൽകുന്ന കാര്യമാണ്.

ചന്ദ്രനിൽ ജലസാന്നിദ്ധ്യമുണ്ടെന്ന കണ്ടുപിടുത്തത്തിന്റെ ആഹ്ലാദാരവത്തിൽ പണ്ട് ചൊവ്വയെ കുറിച്ച് പ്രചരിച്ച കഥകൾ പോലെ കടലും പുഴയും തടാകങ്ങളുമുണ്ടെന്ന് ആരും ധരിച്ചുകളയരുത്. ജലതന്മാത്രകളുടെ സാന്നിദ്ധ്യം മാത്രമാണ് ഇപ്പോൾ കണ്ടെത്തിയത്. ചന്ദ്രന് ഭൂമിയെ പോലെ അന്തരീക്ഷത്തിന്റെ മേലാപ്പോ കാന്തിക ബലരേഖകളുടെ സംരക്ഷണമോ ഇല്ല. അത്കൊണ്ട് ഇടക്കിടെ സൂര്യനിൽ നിന്നും പ്രവഹിക്കുന്ന സൗരക്കാറ്റിലെ ഹൈഡ്രജൻ ആറ്റങ്ങൾ ചന്ദ്രോപരിതലത്തിലെ പാറയിലും മണ്ണിലും സംയുക്തരൂപത്തിലുള്ള ഓക്സിജനുമായി പ്രതിപ്രവർത്തിച്ചാണ് ജലതന്മാത്രകളുണ്ടാകുന്നത്. അതുപോലെ ജലരൂപത്തിലല്ലാത്ത ഹൈഡ്രജൻ ഓക്സിജൻ മൂലകങ്ങളുടെ സംയുക്ത രൂപങ്ങളുടെ (ഹൈഡ്രോസിൽ) തന്മാത്രകളും ചന്ദ്രോപരിതലത്തിലുണ്ട്. പ്രതീക്ഷിച്ചതിലും അധികം ജലസാന്നിദ്ധ്യമാണ് ചന്ദ്രയാൻ പഠനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ഘന മീറ്റർ ചന്ദ്രോപരിതലത്തിൽ ഒരു ലിറ്റർ വീതം ജല ലഭ്യമാകത്തക്ക വിധം ജലതന്മാത്രകളുണ്ടത്രെ.

സ്പെക്ട്രോസ്കോപ്പി സങ്കേതങ്ങളുപയോഗിച്ചാണ് ഈ പരീക്ഷണോപകരണങ്ങൾ ജലസാന്നിദ്ധ്യം തിരിച്ചറിഞ്ഞത്. സൂര്യപ്രകാശം പദാർത്ഥങ്ങളിൽ തട്ടി പ്രതിഫലിക്കുമ്പോൾ അവയിലെ റേഡിയോ തരംഗങ്ങൾ, മൈക്രോ തരംഗങ്ങൾ, ഇൻഫ്രാറെഡ് വിസിബിൾ ലൈറ്റ്, എക്സ് റേ, ഗാമ റേ തുടങ്ങിയ വിവിധ തരംഗങ്ങൾ വിശകലനം ചെയ്ത് പഠിച്ച് അതിലൂടെ പദാർത്ഥത്തിന്റെ ഗുണങ്ങൾ നിർണ്ണയിക്കുന്ന ശാസ്ത്രശാഖയാണ് സ്പെക്ട്രോസ്കോപ്പി. അതായത് ചന്ദ്രോപരിതലത്തിൽ തട്ടി പ്രതിഫലിക്കുന്ന പ്രകാശകിരണങ്ങളിലെ വിവിധ തരംഗങ്ങളെക്കുറിച്ച് പഠിച്ചാണ് ചന്ദ്രനിൽ ജലമുണ്ടെന്ന് കണ്ടെത്തിയത്. ചൂടേറിയ സൂര്യരശ്മികൾ നേരിട്ട് കടന്നുചെല്ലാത്ത ചന്ദ്രന്റെ ധ്രുവപ്രദേശങ്ങളിലെ മഹാഗർത്തങ്ങളിലാണ് ജലനിക്ഷേപം കൂടുതൽ കണ്ടെത്തിയത്. ഈ ജലരൂപീകരണം തുടർന്ന് കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണെന്നും ശാസ്ത്രജ്ഞൻ പറയുന്നു.

ചന്ദ്രനിൽ ജലം ആവിർഭവിച്ചത് സംബന്ധിച്ച് രണ്ട് വിധത്തിലുള്ള സിദ്ധാന്തങ്ങളുണ്ട് ഏക്സോജനിക് സിദ്ധാന്തവും എൻഡോജെനിക് സിദ്ധാന്തവുമാണത്. മഞ്ഞുകട്ടയും ധൂമപടലങ്ങളും കൊണ്ട് നിർമ്മിതമായ ധൂമകേതുക്കൾ ചന്ദ്രനിൽ പതിച്ചതുകൊണ്ടാണ് ചന്ദ്രനിൽ ജലമുണ്ടായത് എന്ന് കരുതുന്ന ശാസ്ത്രജ്ഞന്മാരുമുണ്ട്. ഇങ്ങനെ പുറത്ത് നിന്നുമാണ് ചന്ദ്രനിൽ ജലം എത്തിയത് എന്ന് സിദ്ധാന്തത്തിനാണ് എക്സോജനിക് സിദ്ധാന്തം എന്ന് പറയുന്നത്. അത് പോലെ ചന്ദ്രന്റെ അന്തർഭാഗത്ത് നിന്ന്

തന്നെ ജലം അഗ്നിപർവ്വത സ്ഫോടനങ്ങളിലൂടെ ഉപരിതലത്തിൽ വന്നതാണെന്ന് പറയുന്ന എൻഡോജെനിക് സിദ്ധാന്തവുമുണ്ട്. ഒരു പക്ഷേ രണ്ട് രീതിയിലും ജലം ചന്ദ്രനിലെത്തിയതാവാനും മതി.

ചന്ദ്രനിൽ ജലം ഉണ്ടെന്നുള്ള സൂചന വളരെ കാലമായി ശാസ്ത്രലോകത്ത് ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. പക്ഷേ ഇക്കാലമത്രയും അതിന് വ്യക്തമായ സ്ഥിരീകരണം ലഭിച്ചിരുന്നില്ല. 1969ലെ അപ്പോളോ യാത്രികർ ശേഖരിച്ച പാറക്കഷ്ണങ്ങളിലും ജലസാന്നിദ്ധ്യത്തിന്റെ സൂചനകൾ ഉണ്ടായിരുന്നു. 1997–ൽ അമേരിക്കയും യൂറോപ്യൻ സ്പെയ്സ് ഏജൻസിയും ചേർന്ന് ശനിയിലേക്ക് വിക്ഷേപിച്ച കാസിനി – ഹൈഗെൻസ് പേടകം പോകുന്ന വഴിക്ക് ചന്ദ്രനെ പറ്റി നൽകിയ വിവരങ്ങളും ചന്ദ്രനിൽ ജലമുണ്ടെന്ന ശക്തമായ സൂചനയാണ് നൽകിയത്.

സ്രഷ്ടാവിന്റെ മഹത്വം വാഴ്ത്തുന്ന അതിഗംഭീരങ്ങളായ ദൃഷ്ടാന്തങ്ങളും വഹിച്ച് നമ്മുടെ തലക്ക് മുകളിൽ മൂകനിശബ്ദതയോടെ വിവൃതമായി നിൽ ക്കുന്ന ആകാശത്തെക്കുറിച്ച് നിരീക്ഷിക്കാനും ചിന്തിക്കാനും വിശുദ്ധഖുർആൻ മനുഷ്യനെ നിരന്തരം ആഹ്വാനം ചെയ്യുന്നു.

ഖുർആൻ പറയുന്നു:

*'ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. (3:191) ഏഴാകാശങ്ങളെ രമ്യമനോഹരമായി സൃഷ്ടിച്ചവനാണവൻ പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യവും കാണുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും (67:4:5)*

പ്രപഞ്ചം മഹാവിസ്ഫോടനത്തിന് മുമ്പേ ഒരു ഏകപിണ്ഠമായിട്ടാണ് നിലനിന്നിരുന്നത്. ഈ ഏകീകൃതാവസ്ഥയിൽ തന്നെ പ്രപഞ്ചാണ്ഡത്തിൽ എല്ലായിടത്തും ജലരൂപീകരണത്തിന്നുള്ള അടിസ്ഥാന ഘടകങ്ങൾ നിലനിന്നിരുന്നുവെന്നും ജലത്തിന്റെ സാന്നിദ്ധ്യം ആകാശഭൂമികളുടെ സൃഷ്ടിപ്പിന്റെ സമയത്ത് തന്നെ ഉണ്ടായിരുന്നുവെന്നും സൂചന നൽകുന്ന ഖുർആൻ വചനമിങ്ങനെയാണ്.

*'ആകാശങ്ങളേയും ഭൂമിയേയും ആറു ഘടകങ്ങളായി സൃഷ്ടിച്ചിട്ടുള്ളവനത്രെ അവൻ. അവന്റെ സിംഹാസനം ജലത്തിന്മേൽ സ്ഥിതി ചെയ്യുന്നു (11:8)*

ജലം നിർമ്മിക്കപ്പെട്ട ഹൈഡ്രജൻ ആറ്റമാണ് പ്രപഞ്ചത്തിലുണ്ടായ ആദ്യത്തെ ആറ്റം. പ്രപഞ്ചരൂപീകരണത്തിന്റെ കാരണമായ മഹാവിസ്ഫോടനത്തിനുശേഷം അത്യുന്നതമായ താപത്തിലും മർദ്ദത്തിലും ഒരു പ്രോട്ടോണും ഒരു ന്യൂട്രോണും തമ്മിൽ സംയോജിച്ചാണ് ലളിതമായ ഒരു ഹൈഡ്രജൻ ആറ്റം രൂപം കൊള്ളുന്നത്. ഈ ഹൈഡ്രജൻ ആറ്റത്തിന്റെ അണുകേന്ദ്രം വീണ്ടും അണുതാപീയ ജ്വലനത്തിനും മർദ്ദനത്തിനും വിധേയമായി നാല് പ്രോട്ടോൺ സംയോജിച്ച് ഹൈഡ്രജനേക്കാൾ ഭാരമുള്ള ഹീലിയം ഉണ്ടാവുന്നു. വീണ്ടും അണുതാപീയ സംയോജനത്താൽ കാർബൺ, ഓക്സിജൻ എന്നീ മൂലകങ്ങളുണ്ടാകുന്നു. ഇങ്ങനെ ഹൈഡ്രജൻ എന്ന ഈ ആദിമൂലകം ന്യൂക്ലിയർ സംയോജനത്തിലൂടെ വിവിധ മൂലകങ്ങളായി മാറിയതാണെന്ന് ആധുനിക കോസ്മോളജി പറയുന്നു. രാസപരമായി എല്ലാ മൂലകങ്ങളേയും സഹസംയോജനത്തിലൂടെ യോജിപ്പിച്ച് പുതിയ സംയുക്തങ്ങളുണ്ടാക്കാനും ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന മൂലകം കൂടിയാണ് ഹൈഡ്രജൻ. ഹൈഡ്രജനിൽ നിന്നുതന്നെ അണുതാപീയ പ്രവർത്തനം മൂലം മറ്റൊരു മൂലകമായി മാറിയ ഓക്സിജന്റെ സഹസംയോജനത്തിലൂടെ സൃഷ്ടിക്കപ്പെട്ടതാണ് ജലം എന്ന സംയുക്തം സംശ്ലേഷണത്തിനും വിശ്ലേഷണത്തിനും കഴിവുള്ള ജലം. പ്രപഞ്ചചരിത്രത്തിൽ എവിടെ എപ്പോഴെല്ലാം സൃഷ്ടിക്കപ്പെട്ടുവെന്നും എപ്പോഴെല്ലാം അത് അപ്ര ത്യക്ഷമായി എന്നും ശാസ്ത്രം സൂക്ഷ്മമമായി അന്വേഷിക്കേണ്ട വിഷയമാണ്.

പ്രപഞ്ചസൃഷ്ടിപ്പിനെ പറ്റി പറഞ്ഞശേഷം ജലത്തിൽനിന്നാണ് ജീവനെ സൃഷ്ടിച്ചതെന്ന് ഖുർആൻ നിരവധി വചനങ്ങളിലൂടെ നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ ജലത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ഖുർആൻ പറയുന്നു.

*അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളേയും നാം ജലത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ? (17:35)*

ജീവന് ആധാരമായ ജലത്തിന്റെ വിന്യാസം പ്രപഞ്ചത്തിന്റെ മറ്റിടങ്ങളിലും ഉണ്ടാവാം എന്ന് ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നു.

നമ്മുടെ സൗരയൂഥത്തിൽ ജലവിവാദത്തിവ് വിധേയമായ മറ്റൊരു ഗോളമാണ് ചൊവ്വ. 1997–ൽ ചൊവ്വയിലിറങ്ങിയ അമേരിക്കയുടെ പാത്ത്ഫൈൻഡർ എന്ന ശൂന്യാ

കാശ വാഹനം – 'സോജേോൺ റോവർ' എന്ന അതിന്റെ റോബോട്ട് വാഹനം ചൊവ്വയുടെ നിലത്തിറങ്ങി നടത്തിയ പരിശോധനയിലും പിന്നീട് നടന്ന ശാസ്ത്രീയ പഠനങ്ങളിലും ചൊവ്വയിൽ ഒരു കാലത്ത് ജലം ഉണ്ടായിരുന്നുവെന്ന ശക്തമായ തെളിവുകളാണ് നൽകിയത്. ചൊവ്വയിലെ കല്ലുകളുടേയും പാറകളുടേയും വിസരണ വിന്യാസം അവിടെ ഭൂതകാലത്ത് ജലം ഒഴുകിയതിന്റെ അടയാളങ്ങൾ വെളിപ്പെടുത്തുന്നു.

ജലവും താപവുമുണ്ടെങ്കിൽ അവിടെ ജീവന്റെ, സ്ഫുരണമുണ്ടാകുമെന്നാണ് ഖുർആൻ പറയുന്നത് ശാസ്ത്രവും ഇത് ശരിവെക്കുന്നു. ചൊവ്വയിലെ സമൃദ്ധമായ അഗ്നിപർവ്വതങ്ങളുടെ താപവും ജലത്തിന്റെ സാന്നിദ്ധ്യവും ഒരുപക്ഷേ കോടാനുകോടി വർഷങ്ങൾക്കു മുമ്പ് ചൊവ്വയെ ജീവന്റെ ജീവിതോത്സവങ്ങൾ അരങ്ങേറിയ വേദിയാക്കിമാറ്റിയിട്ടുണ്ടാവാം. അങ്ങനെ മൺമറഞ്ഞുപോയ ജീവിലോകത്തിന്റെ ശ്മശാനഭൂമിയായിരിക്കാം ഒരു ദോഷഗ്രഹം എന്ന പേരുകൂടി വഹിക്കുന്ന ചൊവ്വാഗ്രഹം. അല്ലെങ്കിൽ ചൊവ്വാഗ്രഹം ജീവിലോകത്തിന്റെ അരങ്ങേറ്റം കുറിക്കാനുള്ള രംഗഭൂമിയുമായിരിക്കാം.

ഭൂമിയിൽ ജീവൻ അങ്കുരിച്ചതും ആഘോഷിക്കപ്പെടുന്നതും ദൈവം കനിഞ്ഞരുളിയ ജലം ഭൂമിയിലുള്ളതു കൊണ്ടാണ്. ചൊവ്വയിൽ സംഭവിച്ചത് പോലെ ഒഴുകുന്ന ദ്രവജലം ഭൂമിയിൽ നിന്നും വറ്റിപ്പോയാൽ ഈ ഭുവനമനോഹരി ഒരു ശവപ്പറമ്പായി പോകും എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. പല ഗോളങ്ങളിലും ഇത്തരം ദുരന്തങ്ങൾ സംഭവിച്ചിട്ടില്ല എന്ന് ഉറപ്പിച്ച് പറയാൻ നമുക്ക് സാധിക്കുമോ?

മനുഷ്യകരങ്ങൾ പ്രവർത്തിച്ചതിനാൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആഗോളതാപനം ദ്രവജലത്തെ ചൂട് പിടിപ്പിച്ച് വൻതോതിൽ അന്തരീക്ഷത്തിലെത്തിക്കുകയാണ്. ഇങ്ങനെ ഭൂമിയുടെ സന്തുലനാവസ്ഥക്ക് തകരാറ് സംഭവിച്ചോ, ഉൽക്കാപാതംപോലെയുള്ള ഗോളാന്തര ദുരന്തങ്ങൾ ഉണ്ടായോ ആറ്റം ബോംബ് വർഷിച്ച് മനുഷ്യൻ പരിസ്ഥിതിയെ തകിടം മറിക്കുന്നത് മൂലമോ ഭൂമിയിലെ ജലം വറ്റിപ്പോവാനോ മലിനീകരിക്കപ്പെട്ടുപോകാനോ സാധ്യതയുണ്ട്. ദൈവത്തിന്റെ വരദാനമായ ജലമണ്ഡലത്തെ സംരക്ഷിക്കേണ്ട ബാധ്യത മനുഷ്യനാണ്. മേൽപറഞ്ഞ രീതിയിലുണ്ടാകുന്ന ഒരു ഭൗമദുരന്തത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കാൻ ദൈവത്തിനു മാത്രമേ സാധ്യമാകൂ. അല്ലാഹൂ ഖുർആനിലൂടെ ചോദിക്കുന്ന ബ്രഹ്മാണ്ഡത്തോളം വിസ്തൃതമായ ചോദ്യങ്ങൾ നമ്മെ വളരെയേറെ ചിന്താധീനരാക്കുന്നതാണ്. ഖുർആൻ ചോദിക്കുന്നു:

***അപ്പോൾ അവരുടെ മുമ്പിലും പിമ്പിലുമുള്ള ആകാശത്തേയും ഭൂമിയേയും അവർ നോക്കിക്കാണുന്നില്ലേ? നാം ഉദ്ദേശിക്കുന്നപക്ഷം ഭൂമി അവരെ ഗ്രസിക്കാനിടയാകുകയോ അല്ലെങ്കിൽ ആകാശത്ത് നിന്നൊരു വിപത്ത് അവരുടെ മേൽ വീഴ്ത്തുകയോ ചെയ്യുന്നതാണ്. പശ്ചാത്തപിച്ചു മടങ്ങുന്ന ഓരോ ദാസനും തീർച്ചയായും ഇതിൽ അടയാളമുണ്ട്. (34:10)***

***പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്നുതരിക. (67:31)***

***ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ (അപ്രകാരം) ആകാശവും മാറ്റപ്പെടുന്നനാളിൽ (14:49).***

ഭൂമിയിലെ ജലസമൃദ്ധി ദൈവം കാത്തുരക്ഷിക്കട്ടെ.

■

---

***(23-ൽ നിന്ന് തുടർച്ച)***

ത്രയോ പേർ അഭയാർത്ഥികളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നരകജീവിതം നയിച്ചുകൊണ്ടിരിക്കുകയുമാണ്. പല രാജ്യങ്ങളിലും നിയമാനുസൃതമായ ഭരണകൂടം തന്നെ നിലവിലില്ലാത്ത അവസ്ഥയാണ്. ഓരോ രാജ്യത്തിലും ഭരണകൂടത്തിനെതിരിൽ കലാപം നടത്തുന്നവർ അവരുടെതായ സങ്കൽപമനുസരിച്ചുള്ള 'വിശുദ്ധ യുദ്ധം' തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം അരാജകത്വത്തിന്റെ ഇരകളായിത്തീർന്നിരിക്കുന്നവരിൽ ഭൂരിപക്ഷവും മുസ്‌ലിം കൾ തന്നെയാണെന്ന് കാണുവാൻ കഴിയും. മാനവസമൂഹം അഭിമുഖീകരിക്കുവാൻ പോകുന്ന ഈ മഹാവിപത്തിനെ സംബന്ധിച്ച്, അറിയാമായിരുന്ന സർവ്വജ്ഞനായ അല്ലാഹു തന്നെയാണ് തന്റെ ദൂതനായ വാഗ്ദത്ത മസീഹ് മുഖേന, മാനവസമൂഹത്തിന് പൊതുവിലും, മുസ്‌ലിം സമുദായത്തിന് പ്രത്യേകിച്ചും ശാശ്വത സമാധാനത്തിന്റെ സന്ദേശം നൽകിയിട്ടുള്ളത്. അത്യഗാധമായ ഹൃദയവേദനയോടെയുള്ള ആ മഹാത്മാവിന്റെ താക്കീതുകൾ അവഗണിച്ചതിന്റെ ഫലമാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

(തുടരും)

■

# വാർത്തകൾ

## പാലക്കാട് മേഖലാ സമ്മേളനം

പാലക്കാട് മേഖലാ അഹ്മദിയ്യാ സമ്മേളനം കഴിഞ്ഞ ആഗസ്റ്റ് 9-ാം നു ഞായറാഴ്ച പെരിന്തൽ മണ്ണ മുൻസിപ്പാൽ ടൗൺഹാളിൽ വിജയകരമായി നടന്നു. സമ്മേളനത്തിൽ മേഖലാ ആക്ടിംഗ് അമീർ എം. അബ്ദുൽ ബശീർ സാഹിബ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. മതങ്ങളെല്ലാം ഒരേ സ്രോതസ്സിൽ നിന്നുൽഭവിച്ച സത്യങ്ങളാണെന്നും ഏക ദൈവസിദ്ധാന്തമാണ് മതങ്ങളുടെയെല്ലാം അടിസ്ഥാന പാഠമെന്നും അദ്ദേഹം അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. മേഖലാ അമീർ പ്രാഫ. എം.കെ. അബ്ദുൽ കരീം സാഹിബിൽ നിന്നുള്ള സന്ദേശം മേഖലാ ഇസ്ലാഹൊ ഇർഷാദ് സെക്രട്ടറി കെ. ശംസുദ്ദീൻ സാഹിബ് വായിച്ചു. എറണാകുളം മേഖലാ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് ആശംസാ പ്രസംഗം നടത്തി.


'ദൈവാസ്തിക്യം' എന്ന വിഷയത്തെക്കുറിച്ച് മൗലവി പി.കെ. മുഹമ്മദ് ശരീഫ് സാഹിബും സിറത്തുന്നബി എന്ന വിഷയത്തെക്കുറിച്ച് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബും പ്രസംഗിച്ചു.

നമസ്കാരത്തിനും ഭക്ഷണത്തിനു ശേഷം ചേർന്ന രണ്ടാമത്തെ സെക്ഷനിൽ മൗലവി കെ. ഖമറുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. വി.പി. മൊയ്തീൻ കുട്ടി സാഹിബിന്റെ ഖിറാഅത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. സി. സിറാജുൽ മുനീർ സാഹിബ് പദ്യം ചെല്ലി. വിശുദ്ധഖുർആനും ശാസ്ത്രവും എന്ന് വിഷയത്തെക്കുറിച്ച് മൗലവി എം. നാസിർ അഹ്മദ് സാഹിബും, വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തെക്കുറിച്ച് മൗലവി പി.എ. മുഹമ്മദ് സലീം സാഹിബും (കൊടുങ്ങല്ലൂർ), ഹുസൂറിന്റെ ഖുതുബകളിലൂടെ എന്ന വിഷയത്തെക്കുറിച്ച് മൗലവി മുഹമ്മദ് മൻസിൽ സാഹിബും പ്രസംഗിച്ചു. എസ്. എസ്. എൽ., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് സമ്മാനങ്ങൾ വിതരണം ചെയ്തു.

മൗലവി ഹിദായത്തുല്ലാ ഖാൻ സഖാഫിഖുർആൻ പരായണം നടത്തി ഫാസിൽ അഹ്മദ് അബ്ദുൾ ജബ്ബാർ എന്നിവർ പദ്യം ചൊല്ലി. ■

# അനുസ്മരണം

## ശംസുദ്ദീൻ സാഹിബ്



കണ്ണൂർ: മിനാറത്ത് എഡിറ്ററായിരുന്ന മർഹൂം എം. ആലിക്കോയാ സാഹിബിന്റെ മകൻ ശംസുദ്ദീൻ (50) കഴിഞ്ഞ ജൂൺ 29ന് വെല്ലൂരിൽ വെച്ച് വഫാത്തായി. ഇന്നാലില്ലാഹി...

ഭാര്യ: നുസ്റത്ത്. മക്കൾ: ഷാദിയ പർവീൻ, നുസ്റത്ത് പർവീൻ, നവേദ് അഹ്മദ്. ■

### ഖാസിമാരുടെ ദേശീയ പരിശീലന ക്ലാസ്

സയ്യിദ് ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുവാദത്തോടെ 2009 ഒക്ടോബർ 12ന് ജമാഅത്തെ അഹ്മദിയ്യാ ഭാരതിന് കീഴിൽ ഖാസിമാർക്കു വേണ്ടി ഒരു പരിശീലന ക്ലാസ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ ലോക്കൽ, മേഖലാ, കേന്ദ്ര ഖാസിമാരും പ്രസ്തുത ക്ലാസിൽ പങ്കെടുക്കാനപേക്ഷ. ഇതിന്റെ വിജയത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യുവാനപേക്ഷ.

നാസിം, ദാറുൽഖസാ
സദർ അഞ്ചുമൻ
അഹ്മദിയ്യാ ഖാദിയാൻ


### നാളെക്ക് വേണ്ടി നിങ്ങളുടെ കൈയ്യിലെന്തുണ്ട്

അല്ലയോ വിശ്വാസികളെ അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ച് സൂക്ഷ്മതയുള്ളവരായിരിക്കുവിൻ നാളെക്കുവേണ്ടി താനൊരുക്കി വെച്ചിട്ടുള്ളത് എന്തെല്ലാമാണന്ന് ഓരോ ആത്മാവും ചിന്തിച്ചുനോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു (59:19)

അനുസ്മരണം

ജലാലുദ്ദീൻ, കല്പേനി

# മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ്



പ്രശസ്ത പണ്ഡിതനും അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക ചരിത്രകാരനുമായ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് ഇക്കഴിഞ്ഞ ആഗസ്റ്റ് 26ന് പാക്കിസ്ഥാനിൽ വെച്ച് പരലോകപ്രാപ്തനായി. ഇന്നാലില്ലാഹി....

ഇസ്‌ലാമിന്റെ പ്രകാശം ലോകത്ത് എപ്പോഴും പരത്താൻ പ്രയത്നിച്ചുകൊണ്ടിരുന്ന അദ്ദേഹം ചരിത്രരചയിതാവ് മാത്രമല്ല, അഹ്മദിയ്യാ ചരിത്രത്തിലെ ഒരധ്യായം തന്നെയായിരുന്നുവെന്ന് ഖലീഫത്തുൽ മസീഹ് -അൽ-ഖാമിസ് ഹ. മിർസാ മസ്റൂർ അഹ്മദ് അദ്ദേഹത്തിന്റെ ജുമുഅ ഖുതുബയിൽ പ്രസ്താവിക്കുകയുണ്ടായി.

സഞ്ചരിക്കുന്ന എൻസൈക്ലോപീഡിയ എന്നാണ് അദ്ദേഹത്തെ ഖലീഫത്തുൽ മസീഹ് റാബിഅ് വിശേഷിപ്പിച്ചിരുന്നത്. വളരെ ആഴത്തിലുള്ള വായനാശീലം അദ്ദേഹത്തിനുണ്ടായിരുന്നു. 1974-ൽഖലീഫത്തുൽ മസീഹ് മൂന്നാമന്റെ നേതൃത്വത്തിൽ പാക് അസംബ്ലിയിൽ ചെന്ന പ്രതിനിധികളിലൊരാളായിരുന്നു മൗലവി സാഹിബ്. പരിശുദ്ധ ഖുർആനും ഹദീസും മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങളും മാത്രമല്ല, ഔലിയാക്കളുടെയും മുജദ്ദിദുമാരുടെയും ഏത് ഉദ്ധരണികളും ഗ്രന്ഥങ്ങളുടെ പേരും പേജ് നമ്പറുകളുമടക്കം അദ്ദേഹം ഓർമ്മയിൽ നിന്നെടുത്ത് പ്രയോഗിക്കും. ഈ പാടവം പാക്കിസ്ഥാൻ അസംബ്ലിയിലെ അംഗങ്ങളെപ്പോലും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം അന്ന് ഒരംഗം തുറന്നുപറയുകയുമുണ്ടായി. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. അഹ്മദിയ്യാ ചരിത്രത്തിന്റെ 20 വാള്യങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 40 ഓളം ഗ്രന്ഥങ്ങളെഴുതിയതിൽ പലതും വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

1935-ൽ ഖാദിയാനിലെ മദ്റസ അഹ്മദിയ്യയിൽ പ്രവേശിച്ച അദ്ദേഹം 1946-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും മൗലവി ഫാസിൽ പാസ്സായി. 1951-ൽ റബ്വയിലെ ജാമിഅയിൽ പുറത്തിറങ്ങിയ പ്രഥമ ശാഹിദ് ബാച്ചിൽ മൗലവി ദോസ്ത് സാഹിബുമുണ്ടായിരുന്നു. ആദ്യ ബാച്ചിന്റെ വിടവാങ്ങൽ പരിപാടിയിൽ മുസ്‌ലിഹ് മൗഊദ് (റ) പങ്കെടുക്കുകയുണ്ടായി. ദോസ്ത് മുഹമ്മദ് സാഹിബ് നടത്തിയ അന്നത്തെ മറുപടി പ്രസംഗത്തെ മുസ്‌ലിഹ് മൗഊദ് പ്രശംസിക്കുകയുണ്ടായി. 1952-ൽ ഖലീഫാ സാനിയുടെ നിർദ്ദേശമനുസരിച്ച് അൽഫസ് ലിൽ "ശസറാഅ്" എന്ന പേരിൽ ലേഖനങ്ങളെഴുതിക്കൊണ്ടിരുന്നു. 1953-ലാണ് 'താരീഖെ അഹ്മദിയ്യത്ത്' എഴുതാൻ ഹുസൂർ അദ്ദേഹത്തിന് നിർദ്ദേശം നൽകിയത്. നീണ്ട 63 വർഷക്കാലം അദ്ദേഹം അനുനിമിഷം ദീനീസേവനത്തിൽ മുഴുകയായിരുന്നു. ഒഴിവ് ദിവസങ്ങൾ പോലും അദ്ദേഹം വെറുതെയിരിക്കുമായിരുന്നില്ല. പാകിസ്ഥാൻ മജ്‌ലിസ് ശൂറയിലെ പ്രത്യേക പ്രതിനിധിയായിരുന്ന അദ്ദേഹം ഖാസിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1992-93 കാലയളവിലെ 'മാൻ ഓഫ് ദി ഇയർ' ആയി കാംബ്രിഡ്ജിലെ പ്രസിദ്ധ ആഗോളസ്ഥാപനമായ ഇന്റർനേഷനൽ ബയോഗ്രാഫിക്കൽ സെന്റർ തെരഞ്ഞെടുത്തത് ഹ: ദോസ്ത് മുഹമ്മദ് സാഹിബിനെയായിരുന്നു. ആഗോളതലത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കുള്ളതാണ് ഈ അംഗീകാരം. നല്ലൊരു എഴുത്തുകാരൻ മാത്രമല്ല പ്രാസംഗികനുമായിരുന്നു അദ്ദേഹം. 1957-ലെ ജലസയിലാണ് ആദ്യമായി പ്രസംഗിച്ചത്. പിന്നീടിങ്ങോട്ട് എല്ലാ ജലസകളിലും അദ്ദേഹം പ്രസംഗിക്കുമായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തിനെ മാത്രമല്ല പ്രസംഗത്തെയും ഖലീഫാ സാനി (റ) പ്രശംസിക്കുകയുണ്ടായിട്ടുണ്ട്. 1994-ൽ കോയമ്പത്തൂരിൽ അഹ്‌ലെ ഖുർആൻ ഹദീസ് സംഘടനയുമായി ജമാഅത്ത് നടത്തിയ സംവാദത്തിൽ പങ്കെടുക്കാൻ ഖലീഫ നാലാമൻ (റ) റഹ് നിർദ്ദേശിച്ചതനുസരിച്ച് ദോസ്ത് മുഹമ്മദ് സാഹിബ് പങ്കെടുക്കുകയുണ്ടായി. അന്ന് അദ്ദേഹം കേരളവും സന്ദർശിക്കുകയുണ്ടായി. ചരിത്രകുതുകിയായ അദ്ദേഹം കോഴിക്കോടിനടുത്തെ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ചു. കേരളത്തിലെ ആദ്യത്തെ മുസ്‌ലിം മിഷ

നറി മാലിക്ബ്നു ദീനാർ വന്ന കൊയിലാണ്ടിയിലെ കൊല്ലം പാറപ്പള്ളി, ഏഷ്യയിലേക്ക് ആദ്യമായി വന്ന യൂറോപ്യൻ വാസ്ഗോഡിഗാമ വന്ന കൊയിലാണ്ടി താലൂക്കിലെ കാപ്പാട് എന്നീ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. കോഴിക്കോട് ജമാഅത്ത് അദ്ദേഹത്തിന് ഒരു സ്വീകരണവും നൽകിയിരുന്നു.

1982-ൽ അസീരാനെ രാഹെ മൗലയായി പോലീസ് തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. കുറച്ചുകാലം റബ്വയിലെ പോലീസ് സ്റ്റേഷനിലും അദ്ദേഹത്തിന് കഴിയേണ്ടി വന്നു. 1988-ൽ ഡിസ്ട്രിക്ട് ജയിൽ ഗുജ്റാൻവാലയിൽ കഴിയേണ്ടി വന്നു. 1990-ൽ രണ്ട് വർഷം കഠിന തടവും 5000 രൂപാ പിഴയും അദ്ദേഹത്തിനും സുഹൃത്തുക്കൾ ക്കും വിധിക്കുകയുണ്ടായി. ജയിലിൽ പോലും അദ്ദേഹം ഖുർആൻ ദർസും തബ്ലീഗും തുടർന്നുകൊണ്ടു പോയിരുന്നു. പുസ്തകം വില കൊടുത്ത് വാങ്ങി വായിക്കാൻ മിയാൻ ബശീർ അഹ്മദ് സാഹിബ് തന്നെ ഉപദേശിക്കാറുണ്ടായിരുന്നുവെന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വീട്ടിലെ ലൈബ്രറിയിൽ 8000-ഓളം പുസ്തകശേഖരങ്ങളുണ്ട്.


തന്റെ മുഴുവൻ സമയവും ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അർപ്പണം ചെയ്തിട്ടുള്ള വ്യക്തിത്വങ്ങൾ മൗലവി സാഹിബിനെപ്പോലെ അധികമാരെയും കാണുകയില്ല. ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ ആത്മബന്ധം അത്രയും അടിയുറച്ചതായിരുന്നു. ഖലീഫത്തുൽ മസീഹ് ഒരു ജോലി ഏൽപിച്ചാൽ അത് പൂർത്തിയാക്കുന്നതുവരെ മറ്റൊരു ചിന്തയും അദ്ദേഹത്തെ അലട്ടുകയില്ലായിരുന്നു. മരണാസന്നനായി ആശുപത്രിയിലായിരിക്കുമ്പോഴും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത് 'എന്നെ ഡിസ്ചാർജ് ചെയ്യുക, ഹുസൂർ എന്നെ ഏൽപിച്ചിട്ടുള്ള ജോലികൾ എനിക്ക് പൂർത്തിയാക്കാനുണ്ട്' എന്നായിരുന്നു. സ്വന്തം ആവശ്യത്തിന് ഒരിക്കലും അദ്ദേഹം ലീവ് ആവശ്യപ്പെട്ടിരുന്നില്ല. പലപ്പോഴും ദാരിദ്ര്യാവസ്ഥകൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും അത് ആരോടും പറഞ്ഞിരുന്നില്ല. വെള്ളിയാഴ്ച ഓഫീസ് അവധിയാണെങ്കിലും അദ്ദേഹം ഓഫീസിൽ പോയി ജോലിയെടുത്തിരുന്നു. ആനുകൂല്യങ്ങൾക്കായി ആരുടെ മുമ്പിലും അദ്ദേഹം അപേക്ഷയുമായി ചെന്നിട്ടില്ല. വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടി ഖലീഫമാർക്കും എഴുതുകയോ പരാതിപ്പെടുകയോ ഒരിക്കലും ചെയ്തിട്ടില്ല. റബ്വയിൽ നിന്നും പുറത്ത് പോകുമ്പോൾ അമീർ മഖാമിയുടെ അനുവാദം വാങ്ങും. ഞാൻ ഖലീഫയുടെ പടയാളിയാണ്. പടയാളി ഒരിക്കലും തന്റെ കാവൽസ്ഥലം വിടാറില്ല എന്ന് അദ്ദേഹം പറയുമായിരുന്നു.

വളരെ ലളിതമായ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. എങ്കിലും നല്ല വൃത്തിയും വെടിപ്പും ഒരിക്കലും കൈവിടുമായിരുന്നില്ല. ജമാഅത്തിന്റെ ഒരു മുബല്ലിഗ് അന്തസ്സുള്ളവനായിരിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഖുലഫാക്കളുടെ സദസ്സുകളിൽ തല താഴ്ത്തിയിരിക്കും. കാരണം ഖലീഫ അവ്വൽ മസീഹ് മൗഊദിന്റെ സദസ്സിൽ ഇരിക്കുമ്പോൾ തലതാഴ്ത്തിയായിരുന്നു ഇരുന്നത് എന്നത് കൊണ്ടാണ്.

മൗലവി സാഹിബിന്റെ മകൻ ഡോ. സുൽത്താൻ മുബശ്ശിർ സാഹിബ് വഖ്ഫെ സിന്ദഗിയായി ഫസ്ലെ ഉമർ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്നു. അഞ്ചു പെൺമക്കളുണ്ട്. രണ്ട് പെൺമക്കളുടെ കല്യാണത്തിനും അദ്ദേഹത്തിന് പങ്കെടുക്കാൻ കഴിഞ്ഞില്ല. അതിനു കാരണം അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തനവുമായി റബ്വക്കു പുറത്തായിരുന്നു. തന്റെ സ്വന്തം ആവശ്യത്തിനായി ലീവിനപേക്ഷിക്കുന്ന സ്വഭാവമില്ലാത്തതിനാൽ അദ്ദേഹത്തിന് മകളുടെ കല്യാണം പോലും കാണാൻ കഴിഞ്ഞില്ല.

അല്ലാഹു അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസിൽ ദർജാത്തുകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ. ■

## കൊച്ചുണ്ണി സാഹിബ്



കാക്കനാട് : കാക്കനാട് ജമാഅത്തിലെ ആദ്യകാല അഹ്മദിയായ അഹ്മദ് കൊച്ചുണ്ണി (75) സാഹിബ് ജൂൺ 14ന്അന്തരിച്ചു. ഇന്നാലില്ലാഹി

കാക്കനാട് ജമാഅത്ത് സ്ഥാപിതമാകുന്നതിൽ അഹ്മദ് കൊച്ചുണ്ണി സാഹിബ് ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

ഭാര്യ : പരേതയായ ഹാജിറ. മക്കൾ: ഷാഹുൽ ഹമീദ് (അൻസാറുള്ള, എറണാകുളം മേഖലാ സയീം), അലിയാർ, അബ്ദുസ്സലാം, മുഹ മ്മദ് ശരീഫ് (മുബല്ലിഗ്) മുഹമ്മദ് ബശീർ, ഫാരിഷ, ആരിഫ.

മരുമക്കൾ : റാബിയത്ത് ഐരാപുരം, ജുനൈദ ആലപ്പുഴ, വഹീദ കരുനാഗപ്പള്ളി, നഫീസ കാക്കനാട്, ജംഷീന തിരൂർ, നൂറുദ്ദീൻ ഐരാപുരം, സിറാജുദ്ദീൻ ആലപ്പുഴ.

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ■ **എസ്.എച്ച്.**